"ജി. പി."

സി. പി. രാമകൃഷ്ണപിള്ള ബി. എ.



റായ്-ഇന്ദു പ്രസിദ്ധീകരണങ്ങളം,
തിരുവനന്തപുരം.

വില അണ ൧൨.



[illegible] സി. വി. പിള്ള

"ജി. പി."

([illegible])

[illegible]



[illegible]

[illegible]

[illegible]

തിരുവനന്തപുരം.

[illegible] | [illegible]

വിജ്ഞപ്തി

'കേരളീയൻ' ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള 'തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭണത്തിന്റെ ജനയിതാവ്: ജി. പരമേശ്വരൻപിള്ള' എന്ന ഗ്രന്ഥത്തെ ലളിതവും ആകർഷകവും ആയ രീതിയിൽ വിവർത്തനം ചെയ്തുതന്നതിന് ശ്രീ സി. പി. രാമകൃഷ്ണപിള്ളയോട് ഞങ്ങൾ അത്യന്തം കൃതജ്ഞരാണ്. ഉത്കൃഷ്ടമായ സാഹിത്യവാസനയും അസാമാന്യമായ ധിഷണാശക്തിയുമുള്ള ഈ യുവാവിന്റെ ഈ കൃത്യനിർവഹണം കേവലം സൗഹാർദ്ദപ്രകാശനം മാത്രമാകുന്നു. ഈ ഗ്രന്ഥം കേരളത്തിലെ ജീവചരിത്രസാഹിത്യശാഖയ്ക്ക് ഒരു നേട്ടമായി സ്വാഗതം ചെയ്യപ്പെടുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ജി. പി. യുടെ പുത്രൻ ശ്രീ. ജി. പി. ശേഖർ പ്രസ്തുത മഹാന്റെ ഒരു സമ്പൂർണ്ണമായ ജീവചരിത്രം വിപുലമായ തോതിൽ തയ്യാറാക്കിവരുന്നു എന്നുള്ള വസ്തുത ഈ ഘട്ടത്തിൽ പൊതുജനങ്ങളെ അറിയിക്കുന്നതിന് ഞങ്ങൾക്ക് അനല്പമായ സന്തോഷമുണ്ട്.

പ്രസാധകർ


കേരള സാഹിത്യ
അക്കാദമി

ആമുഖം

"ജി. പി."— ഇന്നത്തെ തലമുറയ്ക്കു് ഏതാണ്ടു് അപരിചിതനാണു് അദ്ദേഹം. പക്ഷെ അരശതാബ്ദത്തിനുമുമ്പു്—രാഷ്ട്രീയപ്രവർത്തകന്മാരും ഇന്നാട്ടിലെ സാമാന്യജനങ്ങൾക്കു് ഏതാണ്ടു് ആരാധ്യനായിത്തന്നെ കഴിഞ്ഞു്—തന്റെ സകല കഴിവുകളും ഒരു രാഷ്ട്രീയ ധർമ്മസമരത്തിനുവേണ്ടി അർപ്പിച്ച ഒരു യോദ്ധാവിന്റെ സ്മരണ നമുക്കു് പ്രചോദനം നല്കേണ്ടതാണു്. 'ജി. പി'-യുടെ ജീവചരിത്രത്തെപ്പറ്റി—സംഭവബഹുലമായ ഒരു സമരചരിത്രത്തെപ്പറ്റി—അറിയുന്നതിനു് ഈ ലഘുഗ്രന്ഥം ചിലർക്കെങ്കിലും ഉപകരിക്കുമെങ്കിൽ എന്റെ ശ്രമം സഫലമായി.

സി. പി. രാമകൃഷ്ണപിള്ള
വിവർത്തകൻ

"ഈ വീരപുരുഷൻ വിദ്യാർത്ഥിയാരുന്ന കാലംമുതൽ ഉയർത്തിപ്പിടിച്ചു് ഒന്നാളികത്തിച്ച പ്രക്ഷോഭണാഗ്നി പല എപ്പോഴും ഉയർന്നും, കൂടക്കൂടെ നീറിപ്പുകഞ്ഞും ചിലപ്പോൾ ആളിപ്പിടിച്ചും പല അവസ്ഥാന്തരങ്ങൾ പ്രാപിച്ചിട്ടാണു് അവസാനം ഈ വിജയപര്യവസായിയായ ഉത്തരവാദഭരണപ്രക്ഷോഭണമായി നീണ്ടു നിന്നാളികത്തിയതു്."

മലയാളമനോരമ
(മാർച്ച് ൧൦, ൧൧൨൪.)

വിഷയാനുക്രമണിക

"ജി. പി."

(൧൮൬൪–൧൯൦൩)

---

൧. ബഹിഷ്കൃതരായ മൂന്നു വിദ്യാർത്ഥികൾ

തിരുവിതാംകൂർ ജനായത്തത്തിലേയ്ക്കു് കാലൂന്നിയിരിക്കുകയാണു്. അനേകം ആണ്ടുകളായി നീണ്ടുനിന്ന നിരന്തര സമരത്തിന്റെയും ത്യാഗത്തിന്റെയും മകുടം ചാർത്തിക്കൊണ്ടു് ജനകീയശക്തികൾ വിജയം കൈവരിച്ചു് ഉത്തരവാദഭരണം സ്ഥാപിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ, തിരുവിതാംകൂറിലെ രാഷ്ട്രീയവിപ്ലവത്തിനു് വിത്തു പാകിയതു് അറുപത്തഞ്ചുകൊല്ലങ്ങൾക്കു് മുൻപു് തിരുവനന്തപുരത്തെ രാജകീയകലാശാലയിൽ ബി. ഏ. ക്ലാസ്സിൽ വായിച്ചുകൊണ്ടിരുന്ന ഒരു പതിനെട്ടുവയസ്സുകാരനാണെന്നറിയുന്നതു് ഇന്നത്തെ തലമുറയ്ക്കു് കൌതുകപ്രദമായിരിക്കും. രാജകീയകലാശാലയുടെ മുമ്പിൽ അനവധി വിദ്യാർത്ഥിവൃന്ദങ്ങളുടെ ഉത്സാഹപ്രകടനങ്ങൾക്കു് മൂകസാക്ഷിയായി ഒരു വൃദ്ധചൂതം ഇന്നും നില്പുണ്ടു്. ആ "കാരണവരുടെ" ശീതളച്ഛായയിൽ ഒരു യുവാവു് തന്റെ രണ്ടു് സുഹൃത്തുക്കളൊന്നിച്ചിരുന്നു് അന്നത്തെ തിരുവിതാംകൂർ ദിവാൻ വെമ്പാക്കം രാമയ്യങ്കാരെയും അദ്ദേഹത്തിന്റെ ഭരണത്തെയും നിശിതമായി വിമർശിച്ചുകൊണ്ടുള്ള ലേഖനാ

ങ്ങൾ കത്തിക്കയറിക്കാറുണ്ടായിരുന്നു. ആ ലേഖനാപരമ്പരകൾ അന്ന് ബ്രിട്ടീഷ് കൊച്ചിയിൽനിന്നും ഹാം മെൽവിൽ വാക്കറുടെ നിപുണമായ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "വെസ്റ്റേൺസ്റ്റാർ" പത്രത്തിൽ ലേഖകന്റെ വ്യക്തിത്വം വെളിപ്പെടുത്താതെ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഈ നാട്ടിൽ ജനിച്ചുവളർന്നവർക്ക് ഇവിടെ വികസിക്കുവാനുള്ള സൌകര്യങ്ങൾ അനുവദിക്കാതെ മറുനാട്ടുകാരെ ഇങ്ങോട്ട് ഇറക്കുമതിചെയ്യുന്ന ഒന്നായിരുന്നു അന്നത്തെ ദിവാന്റെ നയം. ഈ കുത്സിതനയത്തെ തീക്ഷ്ണമായി വിമർശിക്കുകയാണ് ആ വിദ്യാർത്ഥിലേഖകൻ സാധാരണ ചെയ്തിരുന്നത്. "സ്റ്റാറി"ലെ ലേഖനങ്ങൾ രാജ്യമൊട്ടാകെയും, ഔദ്യോഗികമണ്ഡലങ്ങളിൽ പ്രത്യേകിച്ചും, ചില കോളിളക്കങ്ങളെല്ലാം ഉണ്ടാക്കി.

കുറേക്കാലത്തേയ്ക്ക് ലേഖകനെപ്പറ്റിയുള്ള വിവരങ്ങൾ അജ്ഞതയിൽ ആണ്ടുകിടന്നതേയുള്ളു. അവ്യക്തങ്ങളായ ചില സംശയങ്ങൾ പല പ്രമുഖവ്യക്തികളുടെയും മേൽ പതിഞ്ഞെങ്കിലും അവയെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു തെളിഞ്ഞു. "സ്റ്റാർ" പത്രാധിപരിൽനിന്നും നേരിട്ടു വിവരങ്ങൾ ഗ്രഹിപ്പാൻവേണ്ടി ഒരു ഉദ്യോഗസ്ഥനെ കൊച്ചിയിലേക്കയച്ചുനോക്കി. പക്ഷേ ആ ശ്രമവും വിഫലമായതേയുള്ളു. ഈ ലേഖനപ്രവാഹത്തിന്റെ ഉറവ് കണ്ടുപിടിക്കുവാൻ ഉദ്യുക്തനായിരുന്ന ദിവാൻ ചാരന്മാരെ നിയോഗിച്ച് വളരെ

ഉത്കണ്ഠിതമായിരുന്നതിനാൽ അന്വേഷണങ്ങളുടെ ഫലമായി യുവാവായ ആ 'കൊറവാള്ളി'യും അദ്ദേഹത്തിന്റെ രണ്ടു സുഹൃത്തുക്കളും കണ്ടുപിടിക്കപ്പെട്ടു. തന്റെ പ്രതിയോഗികൾ ആരാണെന്നറിഞ്ഞപ്പോൾ ദിവാൻ രാമയ്യങ്കാർ കോപത്തിന്റെ കേന്ദ്രമായിരുന്നതു. ആ രണ്ടു വിദ്യാർത്ഥികളെയും കലാലയത്തിൽനിന്ന് ബഹിഷ്കരിക്കണമെന്ന് കലാലയാധ്യക്ഷനായിരുന്ന പ്രൊഫസർ ഡോക്ടർ റോസ്സിനോടു ദിവാൻ ആവശ്യപ്പെട്ടു. ഉന്നതാദർശനായ പ്രിൻസിപ്പാൾ കണ്ടു, തന്റെ വിദ്യാലയത്തിൽവെച്ച് ഏതു തരത്തിലും യോഗ്യന്മാരാണെന്ന് തനിക്ക് ബോധ്യമുള്ള ആ രണ്ടു യുവാക്കളുടെയും മേൽ എന്തെങ്കിലും നടപടി തന്റെ സ്വന്തം ചുമതലയിൽ എടുക്കുവാൻ വിസമ്മതിക്കുകയാണ് ചെയ്തത്. ആ 'കൊറവാള്ളി'കളെ വെറുതെ വിടാൻ പാടില്ലെന്ന് ദിവാൻ തീർച്ചപ്പെടുത്തി. പത്രങ്ങളിൽ രാഷ്ട്രീയലേഖനങ്ങളെഴുതി വിദ്യാർത്ഥികളുടെയിടയിൽ പ്രചരിപ്പിച്ച് ഭരണകൂടത്തിന്റെ നേർക്ക് വിദ്വേഷം വളർത്താൻ ശ്രമിക്കുന്നു എന്ന കുറ്റത്തിന് ആ രണ്ടു വിദ്യാർത്ഥികളെയും കലാലയത്തിൽനിന്ന് ഉടൻ ബഹിഷ്കരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഗവർമ്മെന്റുത്തരവ് അദ്ദേഹം പ്രിൻസിപ്പാളിനയച്ചു. നിസ്സഹായനായിത്തീർന്ന പ്രിൻസിപ്പാളിന് ആ ഉത്തരവിന് കീഴ്വഴങ്ങാതെ നിവൃത്തിയില്ലെന്നു വന്നുകൂടി. പക്ഷേ, തന്റെ പ്രിയ ശിഷ്യന്മാ

[illegible] പ്രൊഫസ്സർ റോസ്സും അദ്ദേഹ
ത്തിന്റെ സഹപ്രവർത്തകനായിരുന്ന ഡോക്ടർ നായർ
[illegible] ആ യുവാക്കന്മാരുടെ സ്വഭാവനൈർമ്മല്യ
ത്തെയും കഴിവുകളെയും പ്രകീർത്തിച്ചുകൊണ്ടുള്ള പ്രശം
സാപത്രങ്ങളും നൽകുകയുണ്ടായി. ഇങ്ങനെ ബഹിഷ്
കൃതരായ [illegible] ജി. പരമേശ്വരൻ
പിള്ളയും അദ്ദേഹത്തിന്റെ [illegible]
[illegible] ദിവാൻ നാണു പിള്ള
അവർകളുടെ പുത്രൻ ഏൻ. രാമൻ പിള്ളയും ദിവാൻ
[illegible] അവർകളുടെ പുത്രൻ
[illegible].

ആ [illegible] വിദ്യാർത്ഥികളുടെ മേൽ കൈക്കൊണ്ട
[illegible] നടപടി [illegible] പത്ര
ങ്ങളെയെല്ലാം [illegible] വിധേയമായി ഭവിച്ചു.
[illegible] "സ്റ്റാർ" പത്രത്തിൽ
[illegible]:

"[illegible] വിദ്യാർത്ഥികളുടെ [illegible]
[illegible] അസാധാരണമല്ല.
[illegible] സ്കൂളുകളിലും വിദ്യാ
[illegible] വിദ്യാർത്ഥികളെ, അവർ
[illegible] വിപരീതമായി [illegible]
[illegible]
[illegible] അയക്കാ
[illegible]. പക്ഷേ [illegible]

ന്നു ഒരു സമിതി, നിയന്ത്രിതാധികാരം മാത്രമുള്ള ഒരു ജനപ്രാതിനിധ്യഭരണത്തിൽ ഉണ്ടാകണമെന്നു് ഒരു പുതിയ ആശയത്തെയാണ് കാണിക്കുന്നതു്."

അനന്തരസംഭവങ്ങൾ അങ്ങനെ പുതിയ ആശയത്തിന്റെ ആരംഭമായിരുന്നു എന്നു് തെളിയിക്കുകയാണു ചെയ്തു. അന്നു് ആ രണ്ടു ചരിത്രസംഭവങ്ങളെത്തുടർന്നുണ്ടായതിൽ പരിണമിച്ച സംഭവങ്ങൾ തിരുവിതാംകൂറിലെ ജനസാമാന്യത്തിന്റെ രാഷ്ട്രീയ ബോധത്തെ തട്ടിയുണർത്തി. ഒരു സാമൂഹിക വിപ്ലവത്തിന്റെ ബീജാവാപം കുറിച്ചു. ഈ സംഭവങ്ങൾക്കു് സുമാർ ഏഴുപത്തഞ്ചുവർഷങ്ങൾക്കു മുമ്പു് ഉണ്ടായ വേലുത്തമ്പിയുടെ വിപ്ലവത്തിന്റെ പരാജയത്തിന്റെ കാര്യം ഇവിടെ സ്പഷ്ടമാകുന്നു. ഈ രാജ്യത്തു വളർന്നുവന്ന ബ്രിട്ടീഷ് ആധിപത്യത്തെ അട്ടിമറിക്കുവാൻ ഒരു ധീരമായ ശ്രമം നടന്നു. ആ ശ്രമം അതിന്റെ ഉദ്ദേശത്തിൽ പരാജയപ്പെട്ടെങ്കിലും തിരുവിതാംകൂർ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി ആ അദ്ധ്യായം കുറിക്കപ്പെട്ടിരിക്കുന്നു എന്നതിനു് സംശയമില്ല. പക്ഷെ വേലുത്തമ്പി നടത്തിയതു് വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെയുള്ള ഒരു രാഷ്ട്രീയ പ്രക്ഷോഭണമായിരുന്നില്ല. സാമുദായികമായ ഒരു ലഹളയുടെ നിലയാണു് അതിനുണ്ടായിരുന്നതു്.

[illegible] [illegible] [illegible] [illegible] [illegible] 'അങ്ങ

നിയം" മുതലായ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും സ്വാതന്ത്ര്യമായ ഒരു വിമർശനം ഇടയ്ക്കിടെ വെളിപ്പെടാറുണ്ടായിരുന്നു. പക്ഷേ അതും സാമാന്യജനങ്ങളിൽ രാഷ്ട്രീയബോധം ജനിപ്പിക്കുവാൻ പര്യാപ്തമായ ഒരു രാഷ്ട്രീയ പ്രക്ഷോഭണമായി വളർന്നിരുന്നില്ല. രാഷ്ട്രീയ പ്രക്ഷോഭണം, അതിന്റെ ശരിയായ അർത്ഥത്തിൽ, തിരുവിതാംകൂറിൽ ആരംഭിച്ചതു് ജി. പരമേശ്വരൻ പിള്ളയാണു്. ഉദ്ദേശ്യമായി ഒരു ദശാബ്ദകാലം മുഴുവനും സംസ്ഥാനത്തെ സ്വേച്ഛാഭരണത്തിനെതിരായി തളരാത്ത ധൈര്യത്തോടും ഒടുങ്ങാത്ത ഉത്സാഹശീലതയോടുംകൂടി അദ്ദേഹം ഒരു സമരം നയിച്ചു. അദ്ദേഹം ആവിർഭവിപ്പിച്ച രാഷ്ട്രീയകോളിളക്കം ബാഹ്യലോകത്തിന്റെ ശ്രദ്ധയെ തിരുവിതാംകൂറിലേക്കു് ആകർഷിക്കാൻ പര്യാപ്തമായി ഭവിച്ചു. ഇവിടത്തെ ജനങ്ങളുടെ അവശതകൾ ലോകത്തിന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. ആ സേനാനിയുടെ നിരന്തര പരിശ്രമം ജനസാമാന്യത്തിനിടയിൽ രാഷ്ട്രീയ പ്രബുദ്ധത വളർത്തുകയും തങ്ങളുടെ അവകാശങ്ങളെയും ചുമതലകളെയും കുറിച്ചുള്ള ശരിയായ ബോധം ജനങ്ങളിൽ ജനിപ്പിക്കുകയും ചെയ്തു. ഈ കാരണത്താൽ അദ്ദേഹത്തെ 'തിരുവിതാംകൂറിലെ രാഷ്ട്രീയപ്രക്ഷോഭണത്തിന്റെ ജനയിതാവു്" എന്നു വിളിക്കുന്നതു് തികച്ചും സംഗതമാകുന്നു.

൧. ബാല്യം

നാട്ടുകാർക്ക് "ജി. പി." എന്ന രണ്ടക്ഷരങ്ങളാൽ സുപരിചിതനായിരുന്ന ജി. പരമേശ്വരൻപിള്ള ൧൮൬൪ സെപ്തമ്പർ ൨൩-ാം തീയതി ജാതനായി. അദ്ദേഹത്തിന്റെ കുടുംബം തിരുവനന്തപുരത്തു നിന്ന് ഏകദേശം പത്തുമൈൽ വടക്കുള്ള പള്ളിപ്പുറം ദേശത്താണ്. ബാല്യത്തിൽ തന്നെ മാതാപിതാക്കന്മാർ നഷ്ടപ്പെട്ടകുട്ടി തന്റെ മാതുലന്മാരുടെ വാത്സല്യപൂർണ്ണമായ സംരക്ഷണത്തിൽ വളർന്ന് ബാല്യത്തെ തരണം ചെയ്തു. പിന്നീട് മഹാരാജാസ് ഹൈസ്കൂളിലും, തുടർന്ന് രാജകീയ കലാശാലയിലും വിദ്യാഭ്യാസം നടത്തി. ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ തന്നെ ജി. പി. യുടെ വ്യക്തിമഹത്വം തെളിഞ്ഞു കണ്ടിരുന്നു. അക്കാലത്ത് ഒരു ഒന്നാംകിട ഫുട്ട്ബാൾ കളിക്കാരനായിരുന്നു അദ്ദേഹം. ഒരു കായികാഭ്യാസിയെന്ന നിലയിലും ഒരു നല്ല പ്രസംഗകനെന്ന നിലയിലും പ്രശസ്തിയാർജ്ജിച്ചു. രാജകീയ കലാശാലയിൽ ഒരു ക്രിക്കറ്റ് അസോസിയേഷനും ഒരു ടെന്നിസ് അസോസിയേഷനും സംഘടിപ്പിച്ചതിൽ ജി. പിയ്ക്കും ഒരു നല്ല പങ്കുണ്ടായിരുന്നു. ഒരു പ്രസംഗകനെന്ന നിലയ്ക്ക് അദ്ദേഹത്തോട് തുല്യതപ്രാപിക്കുന്നവർ ആരും തന്നെ അദ്ദേഹത്തിന്റെ സതീർത്ഥ്യരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. കളിസ്ഥലത്തും പ്രസംഗവേദിയിലും സമാർജ്ജിച്ച ഈ പ്രാമാണ്യം അദ്ദേഹത്തെ വിദ്യാർത്ഥിലോകത്തിലെ ഒരു പ്രമുഖനേതാവുമാക്കി.

കളികളിലും പ്രസംഗങ്ങളിലും അതിവിദഗ്ദ്ധനായിരുന്നു എങ്കിലും ജി. പി.യെ ഏറ്റവും കൂടുതൽ ആകർഷിച്ചതു് പത്രപ്രവർത്തനമായിരുന്നു. ബാല്യത്തിലേ ആന്തരപ്രചോദനത്തെന്നപോലെ അദ്ദേഹത്തിന്റെ വാസനയും കഴിവുകളും ആ വഴിക്കു തിരിഞ്ഞു. തിരുവിതാംകൂറിൽ പത്രപ്രവർത്തനമെന്നതു് ഏതാണ്ടു് അജ്ഞാതമായിരുന്ന കാലത്തു്, പതിനാറാം വയസ്സു മുതൽ ജി. പി. ലേഖനമെഴുതിത്തുടങ്ങി. അദ്ദേഹം എഫ്. എ. ക്ലാസ്സിൽ വായിച്ചുകൊണ്ടിരുന്നപ്പോഴാണു് "വെസ്റ്റേൺ സ്റ്റാർ" എന്ന പത്രത്തിൽ അദ്ദേഹത്തിന്റെ ആദ്യലേഖനം പ്രസിദ്ധീകൃതമായതു്. തുടർന്നു് അദ്ദേഹം ബി. ഏ. ക്ലാസ്സിലായപ്പോഴും "വെസ്റ്റേൺസ്റ്റാറിൽ" ലേഖനങ്ങൾ എഴുതിത്തുടങ്ങുകയും ക്രമേണ ആ പത്രത്തിലെ ഒരു സ്ഥിരം ലേഖകനാവുകയും ചെയ്തു. താമസിയാതെ ദിവാൻ രാമയ്യങ്കാരുടെ ഭരണത്തെ വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ "സ്റ്റാറിൽ" തുടർച്ചയായി പ്രത്യക്ഷപ്പെട്ടു. തൽഫലമായി അഞ്ചോ ആറോ സഹപാഠികളോടുകൂടി ജി. പി. കലാലയത്തിൽ നിന്നു് ബഹിഷ്കൃതനായതും മുമ്പേ പ്രസ്താവിച്ചു കഴിഞ്ഞുവല്ലോ.

വിദ്യാർത്ഥിജീവിതകാലത്തിൽ സ്വദേശാഭിമാനിയായിരുന്ന പരമേശ്വരൻപിള്ളയുടെ ഈ താല്പര്യം അദ്ദേഹത്തെ വിദ്യാർത്ഥികളുടെ നേതാവു് ആക്കി. ആ സംഭവത്തെപ്പറ്റി പറയുമ്പോൾ ...

അദ്ദേഹം തന്റെ "ജി. പി. സ്മരണകളിൽ" എഴുതിയിരിക്കുന്നതിപ്രകാരമാണ്:

"അക്കാലത്തു" താഴ്ന്ന ക്ലാസ്സിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥിയായിരുന്നു ഞാൻ. വിദ്യാർത്ഥിലോകം ഈ കൃത്യത്തെ സർവ്വാത്മനാ നിന്ദിച്ചു. അവരുടെ ദൃഷ്ടിയിൽ ഈ മൂന്നു ധർമ്മഭടന്മാരും പൂജാർഹരായി. ഇവരെ ഒന്നു കാണാനായി അനേകം സ്കൂളുകളിലും മറ്റു സദസ്സുകളിലും കൂട്ടംകൂടിയിരുന്ന ഓരോ വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. ഈ മൂവരിൽ പരമേശ്വരൻപിള്ളയോടായിരുന്നു ഞങ്ങൾക്ക് അധികം ബഹുമാനവും ഭക്തിയുമുണ്ടായിരുന്നതു്. മറ്റു രണ്ടുപേരും ഒരുപോലെ പ്രാധാന്യമുള്ളവരായിരുന്നെങ്കിലും പരമേശ്വരൻപിള്ളയുടെ പേരാണ് കൂടുതൽ പ്രചരിച്ചിരുന്നതിനാലും, എന്നാൽ, ഞങ്ങളുടെ ഒന്നാമത്തെ ആരാധ്യപുരുഷൻ പരമേശ്വരൻപിള്ള തന്നെയായിരുന്നു."

വിദ്യാലയത്തിൽ നിന്നും ബഹിഷ്കൃതനായതിനുശേഷം ഒരു മാസക്കാലം ജി. പി. തിരുവനന്തപുരത്തുതന്നെ കഴിച്ചുകൂട്ടി. തന്റെ സതീർത്ഥ്യരുടെ പിതാക്കന്മാരായ ദിവാൻ നാണുപിള്ളയും രാമറാവുവും "സ്റ്റാറിലെ" ലേഖനങ്ങളും തുല്യരാക്കുന്ന വിഷയത്തിൽ തനിക്കു പ്രോത്സാഹനം കിട്ടിയിരുന്നു

തിരുന്ന പക്ഷം തന്റെ പേരിലുള്ള കുററങ്ങൾ ബോധി ണിക്കപ്പെട്ടെന്നും, അതിനാൽ അപ്രകാരം പ്രവർത്തിക്കണമെന്നും, അദ്ദേഹത്തെ പലതും ഉപദേശിച്ചു. എന്നാൽ തന്റെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയതിൽ യാതൊരു പങ്കുമില്ലായിരുന്നു ഒരു [illegible] ത്തും അനാവശ്യമായി അകപ്പെടുന്നതിന് ജി. പി. വിസമ്മതിക്കയാണു ചെയ്തതു്. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായി പല കാര്യങ്ങളും ജി. പി. യെ ധരിപ്പിച്ചു്, കോടതിയിൽ പ്രതിവാദം സർക്കാരുദ്യോഗം എല്ലാ [illegible] ങ്ങളിലും സമ്പാദിച്ചു കൊടുക്കാമെന്നു് വാഗ്ദാനം ചെയ്തു. പക്ഷെ അദ്ദേഹം ഒരു കാലത്തും പ്രലോഭനങ്ങൾക്കെല്ലാം അതീതനായി നിന്നതെയുള്ളു. എന്തൊക്കെയായാലും ഒടുവിൽ പ്രസിദ്ധൻ സി കോടതിയിൽ പ്രവേശിക്കുന്നതിന് ശ്രമിക്കാതെ വേണ്ടി അദ്ദേഹം തിരുവനന്തപുരം വിടുകയും ചെയ്തു.

അനന്തരമാണു ജി. പി. യെ ഒരു മഹാപ്രസിദ്ധനാക്കിത്തീർത്ത മദ്രാസിലെ സംഭവമായിരുന്നു. വിദ്യാലയത്തിൽനിന്നും ബഹിഷ്കൃതനായി അധികം കഴിയുന്നതിനു മുമ്പു്, അദ്ദേഹത്തെ ഒരു [illegible] കൂടാതെ [illegible] സഹായമായി നടന്നുകൊണ്ടിരുന്നു. തിരുവനന്തപുരത്തു നിന്ന് എവിടെയുമില്ലും [illegible] ഒരു [illegible] വിദ്യാർത്ഥി [illegible] നിശ്ചയമായിരുന്നു. ജി. പി. യുടെ ലേഖനങ്ങൾ "ഹിന്ദു"വിൽ പ്രസിദ്ധീകരിച്ചിരുന്നു്, [illegible] തന്റെ [illegible]

ആപക്ഷം തലയിൽ വെടിയുണ്ട പായുമെന്നു ഭയപ്പെട്ടിരുന്ന ചില പരസ്യങ്ങൾ തിരുവനന്തപുരത്തു പല ഭിത്തികളിലും പ്രത്യക്ഷപ്പെട്ടിരുന്നു. ഇതു സംബന്ധിച്ചു ഒരു സൂക്ഷ്മാന്വേഷണം പോലീസു അന്നു ചെയ്തു. ജി. പി. യും സ്നേഹിതന്മാരും ഇക്കാര്യത്തിൽ നിരപരാധികളായിരുന്നാലും, ചില ശത്രുക്കളുടെ ശ്രമഫലമായി അവരെയും ഈ സംഭവവുമായി ബന്ധിപ്പിക്കയുണ്ടായി. ജി. പി. യുടെ ഒരു സ്നേഹിതന്മാരിൽ ഒന്നിനോടു "മലയാളിലേഖനങ്ങൾ" കൊണ്ടു ഗവർമെന്റിന്റെ പ്രതികാരബുദ്ധിക്കു ഒരു ഹേതുവുണ്ടാകയായിരുന്നു. ഗവർമെന്റിന്റെ കർശനനടപടികളെപ്പറ്റി യാതൊരു സംശയത്തിനും പഴുതില്ലാതെ കഴിഞ്ഞുകൂടിയിരുന്നു. അദ്ദേഹത്തെ ദിവസവും ഒരു ചാരപുരുഷൻ സന്ദർശിച്ചുകൊണ്ടിരുന്നു.

ഒരു സന്ദർഭത്തിൽ തിരുവനന്തപുരം വിട്ടുപോകുവാൻ ജി. പി. തീരുമാനിച്ചു. കേവലം ആകസ്മികമായിരുന്നു ആ തീരുമാനം. അതുകൊണ്ടു ആ 'പ്രതിവ്യവസായകൻ' പോലും അദ്ദേഹത്തിന്റെ യാത്രയെപ്പറ്റി അറിഞ്ഞതു പ്രയാണത്തിന്റെ പിറ്റേദിവസമായിരുന്നു. ഉടൻതന്നെ ഗവർമെന്റു അദ്ദേഹത്തെ വഴിക്കുവെച്ചു പിടികൂടുവാൻ കൊല്ലത്തും, ആലപ്പുഴയും, വൈക്കത്തുമുള്ള പോലീസു ഇൻസ്പെക്ടർമാർക്കു ഉത്തരവുകളയച്ചു. ആ ശ്രമം വിഫലമായെങ്കിലും ഒരു ഇൻസ്പെക്ടറെ അതിനുവേണ്ടി കൊച്ചിയിലേക്കയച്ചുവത്രേ.

എങ്ങനെയെങ്കിലും "കറവക്കാരിയെ" പിടിച്ചു് തിരുവനന്തപുരത്തു കൊണ്ടുവരണമെന്നു" മിസ്റ്റർ രാമയ്യങ്കാർക്കു" നിർബ്ബന്ധമായിരുന്നു. പക്ഷെ ഈദൃശപ്രയത്നങ്ങളാൽ ജി. പി. ഒരു കെണിയിൽ നിന്നെല്ലാം രക്ഷപ്പെട്ടു. തന്നെ പിന്തുടർന്നിരുന്ന 'ഡിറ്റക്ടീവന്മാരു'ടെ ഊറ്റി ഒന്നുമറിയാത്ത ഭാവം കൊച്ചിയിലെത്തി അധികം ആരുമറിയാതെ മലബാറിലേക്കു പുറപ്പെടുകയും ചെയ്തു.



[illegible]

[illegible] അറിയപ്പെടാം [illegible] തൻ്റെ അച്ചടക്കമില്ലായ്മ [illegible] വിദ്യാഭ്യാസമുള്ളവനല്ലാതെ [illegible] അത്ഭുതത്തിലാഴ്ത്തിയിരുന്നു [illegible] പ്രസിദ്ധനായി [illegible] പ്രതികാര മൂർത്തിയായ [illegible] സമാധാനം അനുഭവിച്ചിട്ടില്ല [illegible] അദ്ദേഹത്തെ [illegible] കിലും ചില അപ്രതീക്ഷിത [illegible] അദ്ദേഹത്തെ അന്തിമനിമിഷം [illegible]

ഒരു ദിവസം പ്രസിദ്ധ [illegible] വാളെടുത്ത് ഒരു [illegible] ക്കാരിലെ ഒരു പോലീസ് [illegible] പോലീസിലെ ഒരു [illegible] യിരുന്നവർ. [illegible] വിദ്യാർത്ഥികളും [illegible] ളുണ്ടായിരുന്നു. [illegible] സർക്കാർ [illegible] ഷിപ്പു തുടങ്ങി. [illegible] ണിപ്പുകൊടുത്തു. [illegible]

കൂടി നില്ക്കുന്നതു കണ്ടു്, തനിക്കെതിരെ വന്ന ജി. പി. യെപ്പററി ഗ്രഹിക്കാതെ, ആ സാർജന്റു തന്റെ കൂടെ വന്ന ജി. പരമേശ്വരൻ പിള്ള ആരാണെന്നു് അദ്ദേഹത്തോടു് നിന്ന വിദ്യാർത്ഥിയോടു ചോദിച്ചു. ആ വിദ്യാർത്ഥി തെല്ലിട സംശയിച്ചു നിന്നെങ്കിലും അടുത്ത നിമിഷത്തിൽ സാർജന്റിനെ കലാശാലയിലേക്കു നയിച്ചു. കാര്യമെന്തെന്നറിയാതെ ജി. പി. അവിടെനിന്നു പിൻവാതിലിൽ കൂടി രക്ഷപ്പെടുകയും ചെയ്തു.

ജി. പി. നേരെ ചെന്നതു് ഹൈക്കോടതിയിലേക്കാണു്. ചില സുഹൃത്തുക്കളുടെ സഹായത്തോടുകൂടി അന്നത്തെമദിരാശി ഗവർണ്ണർ സർ ഗ്രാൻറ് ഡഫിനും അന്നു് മദിരാശിയിലുണ്ടായിരുന്ന തിരുവിതാംകൂർ റസിഡൻറ് ഹാനിങ്ങ്ടൺസായ്പിനും ഓരോ ഹർജി എഴുതി ഉടൻതന്നെ സമർപ്പിച്ചു. ആ ഹർജികളിൽ തിരുവിതാംകൂർ ഗവർമ്മെന്റ് തന്നോടു കൈക്കൊണ്ടിരുന്ന നീതിരഹിതമായ മർദ്ദനനയത്തെ വിവരിക്കുകയും, തന്നെ ഏതെങ്കിലും നീതിന്യായക്കോടതിയിൽ വിസ്തരിക്കേണ്ടി വന്നാൽ അതു് ബ്രിട്ടീഷ് ഇൻഡ്യയിൽ ഏതെങ്കിലും ഒരു കോടതിയിലായിരിക്കണമെന്നു് അപേക്ഷിക്കുകയും ചെയ്തിരുന്നു. നീതിനിഷ്ഠനായിരുന്ന റസിഡണ്ട് ഉടൻതന്നെ ഒരു അന്വേഷണം നടത്തുവാൻ ഉത്തരവിടുകയും ഹാനിങ്ങ്ടൺസായ്പ്പ് എക്സ്പ്ലോയിഷൻ വരെ പിൻ

വലിക്കുവാൻ തിരുവനന്തപുരത്തുള്ള തന്റെ സ്വാധീനശക്തികൾക്ക് കമ്പിയടിക്കുകയും ചെയ്തു. എങ്കിലും ഒരാഴ്ചക്കാലത്തോളം ജി. പി. അറസ്റ്റിൽ പെടാതിരിക്കാൻവേണ്ടി ഏകാന്തത്തിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ഒടുവിൽ പരാതി പിൻവലിക്കുകയും അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന അന്യായം തള്ളിക്കളയുകയും ചെയ്തു.

അങ്ങിനെ സ്വതന്ത്രനായിത്തീർന്നതിന്നശേഷം ജി. പി. പ്രതിബന്ധങ്ങളെയെല്ലാം തരണംചെയ്തു് ബി. എ. ഡിഗ്രി സമ്പാദിച്ചു. കുറച്ചുകാലം അദ്ദേഹം മദിരാശി ഹൈക്കോടതിയിൽ തന്നെ മലയാളം പരിഭാഷകനായിരുന്നു. അന്നും തിരുവിതാംകൂറിലെ രാഷ്ട്രീയ സ്ഥിതിഗതികളെ അദ്ദേഹം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരുന്നു. ദിവാൻ രാമരായർ ഉദ്യോഗം ഒഴിഞ്ഞു പോവുകയും തൽസ്ഥാനത്തു് വി. മാധവരാവു നിയമിതനാവുകയും ചെയ്തു. സ്വദേശീയനായിരുന്ന ഈ ദിവാന്റെ [illegible] രാജ്യത്തിലെ സ്ഥിതിയെ കൂടുതൽ വഷളാക്കിത്തീർത്തു.

പ്രവർത്തനോത്സുകനായിരുന്ന ജി. പി. ക്കു് തിരുവിതാംകൂറിലെ സംഭവഗതികൾ കണ്ടുകൊണ്ടു് മൌനം ദീക്ഷിക്കുവാൻ കഴിഞ്ഞില്ല. ഒരു രാജ്യസ്നേഹി എന്ന ശുദ്ധാന്തഃകരണത്തിന്റെ നിലയിൽനിന്നുകൊണ്ടു് അദ്ദേഹം തിരുവിതാംകൂറിലെ ഭരണത്തെ നിശിതമായി വിമർശിച്ചുതുടങ്ങി. മദിരാശിയിലെപ്രമുഖ പത്രങ്ങളിലെല്ലാം ആ രാജ്യസ്നേഹിയു

[illegible] പ്രസിദ്ധപ്പെടുത്തി. ഈ [illegible] (ക്രൗസ്) ഒരു കുറിപ്പ് പ്രസിദ്ധപ്പെടുത്തി:

[illegible] തിരുവിതാംകൂർ കാര്യങ്ങളെ കുറിച്ചുള്ള [illegible] പത്രപംക്തികളിൽ സ്ഥലം പിടിക്കുന്നത് [illegible] കാണുന്നതിൽ [illegible] [illegible] ഒരു 'രാജ്യകാര്യ' [illegible] [illegible] [illegible] [illegible] കാര്യങ്ങൾ [illegible] [illegible] ആയിട്ടുണ്ട്. [illegible] ആരും [illegible] [illegible] [illegible] വ്യക്തികളിൽനിന്ന് [illegible] തിരുവിതാംകൂറിലെ ഭരണകൂടത്തിന് [illegible] സംഭവിച്ചിട്ടുണ്ടെന്നുള്ളതിന് [illegible] ദിവാനായി [illegible] [illegible] [illegible] നേരിട്ട [illegible] [illegible] സംഭ[illegible] [illegible] ഞങ്ങളുടെ സംഭ[illegible] [illegible] [illegible].[2]

[illegible] [illegible] [illegible]

ഭാഷയിൽ തിരുവിതാംകൂർ സ്ഥിതിഗതികളെപ്പററി യുള്ള ചില ലഘുലേഖകളും അദ്ദേഹം അടിക്കടി എഴുതി പ്രസിദ്ധപ്പെടുത്തി. അവയിൽ ആദ്യത്തേത് ൧൮൮൨-ൽ മദിരാശി ഗവർണ്ണരുടെ തിരുവിതാംകൂർ സന്ദർശനവേളയിൽ "പ്രോപാട്രിയാ"¹ ("സ്വരാജ്യത്തിനുവേണ്ടി") എന്ന പ്രച്ഛന്ന നാമത്തിൽ പുറത്തു വന്ന "മദിരാശി ഗവർണ്ണർ കാണാത്ത പ്രശ്നങ്ങളെ ഒരു തുറന്ന കത്തു"² ആയിരുന്നു. ഒരു മദിരാശിപത്രം അഭിപ്രായപ്പെട്ടതുപോലെ, ആ തുറന്ന കത്ത് തിരുവിതാംകൂർകാരുടെ സങ്കടങ്ങളെയും താല്പര്യത്തിന്റെ ദുർഭരതയെയും തുറന്നു കാണിക്കുന്നതിൽ പര്യാപ്തവും, ന്യായസിദ്ധിയുടെ വാചാലതയും ശക്തിയും ഉണ്ടെങ്കിലും ന്യായവിധിയുടെ വിദ്വേഷത്തിന്റെ ലേശം പോലും ഇല്ലാത്തതും² ആയ ഒരു ലഘുലേഖയായിരുന്നു.

ധാരാളം യാഥാർത്ഥ്യങ്ങളും കണക്കുകളും ഉദ്ധരിച്ച് എഴുതിയിരുന്ന ആ തുറന്ന കത്തിനെപ്പററി അന്നത്തെ പ്രമുഖപത്രങ്ങളെല്ലാം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"ഈ പ്രസ്താവന തികച്ചും വ്യക്തവും നിർണ്ണിതവുമാണ്. അതുകൊണ്ട് അതിൽ കാണുന്ന ആരോപണങ്ങളുടെ യഥാർത്ഥ്യത്തെപ്പററി അറിയുന്നത് അത്ര വിഷമമുള്ള കാര്യമല്ല."

("ഇംഗ്ലീഷ്മാൻ," കൽക്കത്ത.)

¹സാധാരണയായി ഗ്രന്ഥനാമധേയങ്ങളുടെ പ്രസ്താവനകൾ ഞങ്ങൾ വിവർത്തനം ചെയ്യാറില്ല. പേജ് ൬൨

൧൮

പ്രകൃതിയിൽ കാണുന്ന വസ്തുക്കൾ വളരെക്കാലമായി 'പൊതുമുതലായി'ത്തീർന്നിരിക്കുന്നു. അവയെ നിർണ്ണയിക്കുവാൻ ഇതുവരെ ആരും മുതിർന്നിട്ടില്ല.'

("ഹിന്ദുസ്ഥാൻ," കൽക്കട്ട.)

'ഇത്രയധികം പുരുഷന്മാരുടെ പിന്നിൽ അപ്പുറമെങ്കിലും നി കാണാതിരിക്കയില്ല. കാര്യക്കാരമായി തിരുവിതാംകൂറിൽ എല്ലാം ശാന്തിയായിട്ടാണ നടക്കുന്നതെന്ന് വിചാരിക്കാൻ സാധിക്കാത്ത വിധത്തിൽ അവിടത്തെ സംഗതികൾ വെളിയിൽ വന്നു തുടങ്ങിയിരിക്കുന്നു."

("സിവിൽ ആൻഡ് മിലിട്ടറി ഗസറ്റ്," ലാഹോർ)

"ഉൽകൃഷ്ടതയും സൗന്ദര്യവും തികഞ്ഞ ഒരു ദേശമാകുന്നതിലുമുപരി ദൈവികമായ ന്യായസമ്പന്നനായ ഒരു ഭരണാധികാരിയുടെ കീഴിലും കാണിക്കാവുന്നവിൽ ഞങ്ങൾക്ക് അതൃപ്തിയില്ലാതെ വിചാരിക്കുന്നു. അദ്ദേഹത്തിന്റെ ന്യായാസനങ്ങളും ഉദ്യോഗസ്ഥന്മാരും സ്വഭാവചിത്രം നിറം പിടിപ്പിക്കുവാൻ തക്കവണ്ണം ശ്രദ്ധിക്കേണ്ട ഞങ്ങൾ ആലോചിക്കുന്നു. ഒരു കാലത്ത് മാതൃകാരാജ്യം' എന്നു പേര് കേട്ടിരുന്ന സംസ്ഥാനം, ചക്രവർത്തിനിതിരുമനസ്സിലെ ഇന്ത്യാ പ്രതിനിധിയുടെ പ്രധാന പ്രതിനിധിയുടെ ശ്രദ്ധയിൽ നന്മക്കാരായാൽ അതു പരമയഥാർത്ഥമായിരിക്കും."

("കർണ്ണാടക പ്രകാശിക", ബാംഗളൂർ.)

ജനങ്ങളുടെ പ്രതിജ്ഞകളെല്ലാം ഫലിക്കാതെപോയതുമില്ല. ഒന്നിലും ഇടപെടാത്ത ഒരു നാ

മാണു് സ്വാതന്ത്ര്യം സമ്പാദിച്ചതു്. പക്ഷെ ആ 'ഇന്ന ക്കതിന്റെ' പ്രഖ്യാപകന്മാർ പ്രതീക്ഷിച്ചതായിരുന്നില്ല. തിരുവിതാംകൂറിലെ സ്ഥിതി അപ്പോഴും പരിപൂർത്തിയാണെന്നു് അതു് ലോകത്തിനൊന്നാകെ പ്രഖ്യാപിച്ചു.

രണ്ടുകൊല്ലങ്ങൾക്കുമുമ്പു് "തിരുവിതാംകൂർ തിരുവിതാംകൂർകാർക്കു്" എന്നൊരു ലഘുലേഖയും ജി. പി. പ്രസിദ്ധപ്പെടുത്തി. തിരുവിതാംകൂറിലെ സർക്കാർ സർവ്വീസിൽ ഈ നാട്ടുകാരെ ഉൾക്കൊള്ളായ്കയാൽ അവഗണിച്ചുകൊണ്ടിരുന്ന "ഡയർ ഭരണ"ത്തിന്റെ കള്ളി പുറത്താക്കുന്ന ഒരു രേഖയായിരുന്നു അതു്. സ്വാതന്ത്ര്യബോധമായ വാദഗതിയോടും നിർഭീകമായ അമർഷത്തോടുംകൂടി അതിൽ ഒരിടത്തെഴുതിയിരുന്നതിങ്ങനെയാണു്:

"തിരുവിതാംകൂറിലെ ജനങ്ങൾ എന്നും വിദേശികളായ ഒരു സംഘം ഉദ്യോഗസ്ഥന്മാരുടെ ആധിപത്യത്തിനധീനരായിരിക്കണമോ? ഈ ലോകം മുഴുവൻ തിരഞ്ഞാലും ഇങ്ങനെ തങ്ങളുടെ രാജ്യത്തിന്റെ ഭരണത്തിൽ ഒരു പ്രധാന പങ്കിൽനിന്നു് പുറം തള്ളപ്പെട്ടു്, തങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടു്, ഒരു വിദേശീയ വർഗ്ഗത്തിനടിപ്പെട്ടു കഴിയുന്ന ഒരു ജനതയെയോ, ഒരു രാഷ്ട്രമോ, ഒരു ദേശമോ മറ്റെങ്ങും കാണുകയുണ്ടാകുന്നില്ല. ഈ വിദേശീയവർഗ്ഗക്കാരാകട്ടെ, തങ്ങളുടെ കഴിവുകൊണ്ടു് അവരെ കീഴടക്കിയിട്ടില്ല; മറി

ഷത്തിന്റെ കൃപയിൽ അനുസരിപ്പിച്ചിട്ടില്ല; മാനസിക
മായോ കായികമായോ അവരെക്കാൾ മെച്ചമൊന്നുമുള്ള
വരുമല്ല. ഒരു പക്ഷെ പാരമ്പര്യമായുള്ള ബ്രിട്ടീഷ്
സമ്പ്രദായത്തിൽ ഈ വിശേഷാധികാരം വളരെ നാൾ പടി
ച്ചിരുന്നില്ല നില്ക്കുന്നതെന്നതിനെ സംശയിക്കേണ്ടിയിരി
ക്കുന്നു. അവർക്കു ഈ രാജ്യത്തിൽ നാട്ടുകാരുടെ കാരു
ണ്യത്തിന്റെ തണലിലല്ലാതെ കഴിഞ്ഞു കൂടുവാൻ
തന്നെ യോഗ്യതയില്ല. എന്നിട്ടും അവർ ഇവിടെ
മേധാവിത്വം പുലർത്തുന്നു. ഇതു പ്രധാനമായിട്ട് ന
മ്മുടെ വർഗ്ഗസ്പർദ്ധകൊണ്ടു മാത്രമാണ്. ഇതാണ്
സ്വാതന്ത്ര്യത്തെ വഞ്ചിനാടിന്റെ സമിതി തിരുവി
താംകൂർ ഒരു കാലത്ത് തിരുവിതാംകൂർകാരുടേതായിരു
ന്നു. പക്ഷെ ഇന്ന് അങ്ങിനെയല്ല. ഇനി എന്നെ
ങ്കിലും ആയിരിക്കുമോ? നിസ്സഹായരും മർദ്ദിതരുമായ
തിരുവിതാംകൂറുകാരുടെ ഈ ദുരവസ്ഥക്ക് ഒരു പരിഹാ
രമില്ലേ? നേരിയ ഒരു ആശയെങ്കിലും പഴുതില്ലേ?
അതോ അവർ എന്നും ഒരു ചെറിയ സംഘത്തിന്റെ
കീഴിൽ അടിമകളായി കിടന്നു ഉഴലണമോ? അവ
രുടെ പൂർവ്വികന്മാർ അഭിമാനപൂർവ്വം വളർത്തി
വന്ന രാഷ്ട്രീയമേധാവിത്വം അവർക്ക് തിരിച്ചു
കിട്ടുമെന്നു അവർ ഒരിക്കലും ആശിക്കപോലും ചെ
യ്യരുതേ? ചെമ്പകരാമന്മാരുടെയും വേലുത്തമ്പിമാ
രുടെയും അയ്യപ്പൻമാർത്താണ്ഡന്മാരുടെയും ചെമ്പക
രാമന്മാരുടെയും ധീരകൃത്യങ്ങളും ഉന്നതമായ മനഃപ്പൂ
ർവ്വങ്ങളും നിസ്വാർത്ഥങ്ങളായ ആദർശങ്ങളും നമ്മെ

ന്റെ ഭരണാത്മ്യവും സ്വാതന്ത്ര്യരഹിതമായ നീതിനിഷേധവും അനുഭവപ്പെടുന്ന ഒരു ഉന്നതാദർശങ്ങളും ഉയർത്തിക്കാട്ടപ്പെടുന്ന ഒരു കാലം തിരുവിതാംകൂറിൽ ഇനി ഉണ്ടാവുകയില്ലയോ? തിരുവിതാംകൂറിന്റെ മഹത്തായ പാരമ്പര്യം വെറുമൊരു കടംകഥയായി പരിണമിക്കുമെന്നോ?"

"തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്" എന്ന ലഘുലേഖ പ്രസിദ്ധീകരിച്ച് അധികം കഴിയുന്നതിനു മുമ്പ് രാമറാവുവിന്റെ ഭരണത്തെ വിമർശിച്ചുകൊണ്ട് മറ്റൊരു ലഘുലേഖ ജി. പി. പ്രസിദ്ധപ്പെടുത്തി. അതിൽ ഭരണപരിഷ്കാരത്തിന് ഉപയോഗപ്രദമായ രീതിയിൽ ചില നിർദ്ദേശങ്ങളും അദ്ദേഹം ആവിഷ്കരിക്കുകയും അവയെല്ലാം ഡീവാൻ രാമറാവു സ്വീകരിക്കുകയും ചെയ്തു.

ജി. പി. ചെയ്ത മറ്റൊരു മഹൽകൃത്യം, തിരുവിതാംകൂർ സർക്കാർ സർവീസിൽ തിരുവിതാംകൂറുകാർക്ക് ശരിയായ ഒരു പങ്ക് അനുവദിച്ചു കൊടുക്കുന്നതിന് മഹാരാജാവുതിരുമനസ്സിലെ ഗവർമ്മെന്റിനെ നിർബന്ധിക്കുകയായിരുന്നു. ഇതിനായി മദിരാശിയിലെ ചില സുഹൃത്തുക്കളുടെ സഹായത്തോടുകൂടി ഒരു മെമ്മോറിയൽ തയ്യാറാക്കി. "തിരുവിതാംകൂറുകാർക്ക് അവരുടെ രാജ്യത്തിന്റെ ഭരണത്തിൽ ന്യായമായി ലഭിക്കേണ്ട പങ്ക് നിഷേധിക്കപ്പെടുകയും, അവരെ സംസ്ഥാനത്തിലെ ഉയർന്ന ഉദ്യോഗങ്ങളിൽനിന്ന് മനഃ

പൂൎണ്ണമായും ഒഴിച്ചുനിൎത്തുകയും ചെയ്യുന്ന ഭരണരീതി നാട്ടിൽ നിലവിലിരുന്ന അനീതി മഹാരാജാവുതിരുമനസ്സിലെ ശ്രദ്ധയിൽ കൊണ്ടുവരികയായിരുന്നു ഈ മെമ്മോറിയലിന്റെ ഉദ്ദേശം. മെമ്മോറിയലിന്റെ പകൎപ്പുകൾ തിരുവിതാംകൂറിൽ പ്രചരിപ്പിക്കുകയും പതിനായിരത്തിലധികം ഒപ്പുകൾ ശേഖരിക്കുകയും ചെയ്തു. മലയാളികളിലെ അഭിജാതന്മാരുടെ ഇടയിൽ ഒരു പ്രമുഖസ്ഥാനമലങ്കരിച്ചിരുന്ന കെ. പി. ശങ്കരമേനോനാണ് മഹാരാജാവുതിരുമനസ്സിലേക്ക് ആ മെമ്മോറിയൽ സമൎപ്പിച്ചത്. പിന്നീട് 'തിരുവിതാംകൂർ മെമ്മോറിയൽ' എന്ന് പ്രസിദ്ധമായിത്തീൎന്ന ആ ഭീമഹർജിയുടെ സമൎപ്പണം തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിൽ അതിപ്രധാനമായ ഒരു സംഭവമായിരുന്നു. അവ്യക്തവും ഏതാണ്ട് നിരാശാജനകവുമായ ഒരു മറുപടിയാണ് തിരുവിതാംകൂർ സൎക്കാർ പ്രസ്തുത മെമ്മോറിയലിന് നൽകിയത്. ഉടനെ മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്ന സംഗതികളെപ്പറ്റി പൎയ്യാലോചിക്കുന്നതിന് ഒരു നിവേദകസംഘത്തെ സ്വീകരിക്കാമെന്ന് സമ്മതിച്ചു. തൽഫലമായി ജി. പി. തിരുവിതാംകൂറിൽ സഞ്ചരിച്ചു പറവൂർ, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, നാഗർകോവിൽ മുതലായ സ്ഥലങ്ങളിൽ രാഷ്ട്രീയയോഗങ്ങളും വിളിച്ചുകൂട്ടി. അങ്ങനെയൊരു രാഷ്ട്രീയപ്രചരണം തിരുവിതാംകൂർ ചരിത്രത്തിൽ അതിനുമുമ്പ് ഉണ്ടായിട്ടില്ല. നായന്മാർ, സുറിയാനിക്രിസ്ത്യാ

നികരം, ഈഴവർ, നമ്പൂതിരിമാർ, തമിഴർ, ലത്തീൻ കത്തോലിക്കർ എന്നുവേണ്ട തിരുവിതാംകൂറിലെ സകല സമുദായങ്ങളും ഒരു മെമ്മോറിയലിന്റെ പിന്നിൽ അണിനിരന്ന എന്നുള്ളത് അതിന്റെ ഒരു പ്രത്യേകതയായിരുന്നു. പറവൂർ പള്ളി വികാരിയായിരുന്ന റവ: ഫാദർ റി. സി. ഹിലേറിയന്റെ അദ്ധ്യക്ഷതയിലാണ് പറവൂർയോഗം നടന്നത്. കോട്ടയത്ത് സിറിയൻ കത്തോലിക്കാ മെത്രാപ്പൊലീത്താ റൈറ്റ് റവ. മാർ അന്തോനിയോസും, ആലപ്പുഴയിൽ കരുവാറ്റാ കാലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാടും, കൊല്ലത്ത് കാവാലം നീലകണ്ഠപ്പിള്ളയും, നാഗർകോവിലിൽ ഗ്രസ്. വൈവർപിള്ളയും അദ്ധ്യക്ഷംവഹിച്ചു യോഗങ്ങൾ പരിപൂർണ്ണ വിജയമായി. തിരുവനന്തപുരത്ത് റി. എഫ്. ചോയിസ് എന്നൊരു ആംഗ്ലോ ഇന്ത്യനായിരുന്നു അദ്ധ്യക്ഷനായിരുന്നതു. പത്രാധിപരായ രാമവർമ്മതമ്പാൻ അദ്ദേഹത്തിന്റെ "ജി. പി. സ്മരണകളിൽ" അന്ന് തിരുവിതാംകൂറിൽ നടന്ന പ്രചരണപരിപാടികളെപ്പറ്റി വിസ്തരിച്ച് പ്രസ്താവിച്ചിട്ടുണ്ട്. കാവാലം നീലകണ്ഠപ്പിള്ളയവർകൾ കൊല്ലംയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ചെയ്ത പ്രസംഗത്തിൽ മെമ്മോറിയലിനെ അർജ്ജുനനോടും ജി. പി. യെ കുരുക്ഷേത്രയുദ്ധത്തിൽ അർജ്ജുനന്റെ തേരാളിയായിരുന്ന ഭഗവാൻ കൃഷ്ണനോടും ഉപമിക്കുകയുണ്ടായി. തിരുവനന്തപുരത്തുവച്ച് ഒരു പ്രചരണപരിപാടി വിജയകരമായി പര്യവസാനിപ്പിച്ചു. അതിന

രാഷ്ട്രം മെമ്മോറിയലിലെ ഒപ്പുകാരെ പ്രതിനിധീകരിക്കുന്ന ഒരു നിവേദകസംഘത്തെ ആദ്യം ദിവാൻജിയും പിന്നീട് മഹാരാജാവു തിരുമനസ്സുകൊണ്ടും സ്വീകരിച്ചു. ആ മെമ്മോറിയലും അതിനെ തുടർന്നുണ്ടായ പ്രചരണവും തിരുവിതാംകൂറിലെ അധികാരി വർഗ്ഗത്തിനിടയ്ക്കു ചില അഭിപ്രായങ്ങൾ രൂപപ്പെടുവാൻ ഇടയാക്കി. ജനങ്ങളുടെ ആവശ്യങ്ങളുടെ നേരെ കണ്ണു ചിമ്മുവാൻ സാധിക്കുകയില്ലെന്ന് സർക്കാർ മനസ്സിലാക്കി. മെമ്മോറിയലും അതിനോടു ബന്ധമുള്ള മററു രേഖകളും സി. പി. യുടെ ഉത്സാഹത്തിൽ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും അതു് ഇന്ത്യയൊട്ടാകെയുള്ള പ്രധാനപത്രങ്ങളുടെ പിന്തുണ സമ്പാദിക്കുകയും ചെയ്തു.

'മദ്രാസ് മെയിൽ' പത്രം ആയിടക്ക് ഇങ്ങനെ എഴുതി:

"പുറമുള്ള ബ്രിട്ടീഷിന്ത്യൻ സംസ്ഥാനങ്ങളോടു് താരതമ്യപ്പെടുത്തിയാൽ തിരുവിതാംകൂറിന്റെ നില വളരെ മെച്ചമായിരിക്കാം. പക്ഷെ ഏതദ്ദേശീയ ഭരണാധികാരികൾ ഉടനടി ശ്രദ്ധിക്കേണ്ട ഒരു വലിയ കുറവ് അവിടെ ഉണ്ട്. തിരുവിതാംകൂർ പ്രജകൾക്ക് അവരുടെ രാജ്യത്തിന്റെ ഭരണകാര്യങ്ങളിൽ ഒരു നല്ല പങ്കുകൊടുക്കാതിരിക്കയും അവരെ ഉയർന്ന ഉദ്യോഗങ്ങളിൽനിന്ന് കരുതിക്കൂട്ടി പുറംതള്ളുകയുമാണ് അവിടെ ചെയ്യുന്നത്."

"ഹിന്ദു" പത്രത്തിന്റെ അഭിപ്രായം ഇങ്ങനെ ആയിരുന്നു:

"ഇത്രയധികം ആളുകൾ ഒപ്പിട്ട ഈ മെമ്മോറിയൽ വളരെ നാളുകളായി നിലനില്ക്കുന്നതും രാജ്യവ്യാപകവുമായ അസംതൃപ്തിയുടെ ഒരു പ്രകടനം തന്നെയാണു്. അതു് കണ്ടില്ലെന്നുവച്ചു് തള്ളിക്കളയുന്നതു് ബുദ്ധിപൂർവകമായിരിക്കുകയില്ല."

കൽക്കട്ടായിലെ "ഇൻഡ്യൻ മിറർ" പ്രസ്തുത മെമ്മോറിയലിനെപ്പററി എഴുതിയിരുന്നതും ശ്രദ്ധേയമാണു്:

"രാജഭക്തരായ പതിനായിരം പ്രജകൾചേർന്നു സമർപ്പിച്ച ഈ അതിപ്രധാനമായ മെമ്മോറിയലിനെ പരിഷ്കൃതനായ തിരുവിതാംകൂർ മഹാരാജാവു് അതർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കുമെന്നു ഞങ്ങൾ ആശിക്കുന്നു."

ഈ അവസരത്തിൽ മറെറാരുകാര്യവും സ്മരണീയമാണു്. മാന്യമായ ഒരു പെരുമാററത്തിനു് ഈഴവ സമുദായത്തിനുള്ള അവകാശത്തെപ്പററി തിരുവിതാംകൂറിൽ ആദ്യമായി ഒരു വാദം പുറപ്പെടുവിച്ചവരുടെ കൂട്ടത്തിൽ പ്രമുഖനായിരുന്ന ജി. പി. മെമ്മോറിയലിലും അതിനുശേഷം മഹാരാജാവു തിരുമനസ്സിലേക്കു സമർപ്പിച്ച മററു പല രേഖകളിലും ഈഴവ സമുദായത്തിന്റെ ചില പ്രത്യേകമായ അവശതക

ങ്ങൾ ചേർന്നതു് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണു്. അതുകൊണ്ടൊന്നും ഗവർമ്മെന്റിന്റെ പെരുമാററത്തിൽ ഗണ്യമായ ഒരു വ്യത്യാസവും വന്നില്ലെന്നു കണ്ടപ്പോൾ, പ്രമുഖരായ ചില ഈഴവർ ചേർന്നു് തങ്ങളുടെ അവകാശവാദങ്ങൾ ക്രോഡീകരിച്ചുകൊണ്ടു് ഒരു ഹർജി ഗവർമ്മെന്റിൽ സമർപ്പിക്കുന്നതിനു് വേണ്ട പിൻതുണയും നേതൃത്വവും നൽകിയതും ജി. പി. തന്നെയായിരുന്നു. തിരുവിതാംകൂറിൽ ഈഴവർ അന്നു് അനുഭവിച്ചുകൊണ്ടിരുന്ന അവശതകൾ ജി. പി. യുടെ ശ്രമഫലമായി ബ്രിട്ടീഷ് പാർലമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. പിന്നീടു് പ്രഭുസഭയിലെ അംഗമായിത്തീർന്നയാളും അന്നു് കോമൺസു സഭയിലെ അംഗവും ആയിരുന്ന ഹെർബെട്ടു് റോബർട്ട്സ് ആണു്, ജി. പി. യുടെ പ്രേരണയിൽ ആ കൃത്യം നിർവ്വഹിച്ചതു്. ൧൮൯൫-ൽ പൂനായിൽ സമ്മേളിച്ച ഒൻപതാമതു് ഇന്ത്യൻ നാഷണൽ സോഷ്യൽ കാൺഫറൻസിൽവച്ചു് തിരുവിതാംകൂറിലെ ഈഴവർ ഒരു സമുദായമെന്ന നിലയ്ക്കു് അനുഭവിച്ചുകൊണ്ടിരുന്ന അവശതകളെ ജി. പി. ശക്തിയായ ഭാഷയിൽ വിമർശിക്കുകയും, അവരെ താഴ്ന്ന ജാതിക്കാരായി പരിഗണിക്കുന്നതിന്റെ അനൗചിത്യത്തെ വ്യക്തമാക്കുകയും ചെയ്തു. ഒരു സമുദായത്തോടു മുഴുവൻ കാണിച്ചുവന്ന ഈ അനീതി രാജ്യത്തിനു് ഒരു തീരാക്കളങ്കമായിരിക്കുമെന്നു് അന്നു് അദ്ദേഹം താക്കീതു നൽകി.

ജി. പി. തന്റെ കുട്ടിക്കാലം മുതൽ തിരുവിതാംകൂർ സർക്കാരിനെതിരായി നടത്തിവന്ന രാഷ്ട്രീയസമരത്തിന് "തിരുവിതാംകൂർ മെമ്മോറിയൽ" മകുടം ചാർത്തി. പത്തുകൊല്ലത്തെ നിരന്തര ശ്രമത്തിന്റെ ഫലമായി കേവലം മൂകതയിൽ കഴിഞ്ഞിരുന്ന ജനലക്ഷങ്ങളെ ഉയർത്തി തങ്ങളുടെ മൗലികാവകാശങ്ങളെപ്പറ്റി ബോധമുള്ളവരാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹത്തിന്റെ ഈ നേട്ടം തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സമാരംഭിച്ചു.

ജി. പി. തിരുവിതാംകൂറിനു വേണ്ടി അനുഷ്ഠിച്ച മഹനീയ സേവനങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ ചരമാനന്തരം മധുരയിലെ "സൗത്ത് ഇൻഡ്യൻ മെയിൽ" എഴുതിയിരുന്നതിങ്ങനെയാണ്:

"ഭാരതത്തിലെ ഒരു വിപ്ലവകാരിക്കും ഇത്ര ഉന്നതമായ ഒരു ഉദ്ദേശമോ ഇത്ര വിപുലവും സമ്പൂർണ്ണവുമായ വിജയമോ ഇതുവരെയുണ്ടായിട്ടില്ല. ഭാരതത്തിലെ മറ്റുള്ളവരെന്നപോലെ തികച്ചും വിദേശീയവും അനുകമ്പാരഹിതവുമായ ഒരു സ്വേച്ഛാധിപത്യത്തിന്റെ കുത്തടിക്കലിൽ നിന്ന് തന്റെ നാട്ടുകാരെ രക്ഷിക്കുവാൻ ദുഷ്കരവും ന്യായയുക്തവുമായ ഒരു സമരം നയിച്ച ആ ധീരാത്മാവിനെ, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടുകൂടി അദ്ദേഹത്തിന്റെ നാട്ടുകാർ എന്നെന്നും സ്മരിക്കേണ്ടതാണ്". ഇതാണ് ആ ലേഖനം.

സംസ്ഥാനത്തെ ഭാരനാളും പുകഴ്ത്തുന്നവർ അന്ന്യന്മാരല്ല. അവിടത്തെ ഭരണരീതിയെപ്പററി പുകഴ്ത്തിപ്പാടുന്നതും സാധാരണയാണു്. പക്ഷെ ഗുണത്തിലും വണ്ണത്തിലും അതിശയവും പദവിയും പ്രതാപവുമുള്ളവർ നയിച്ചിരുന്നതുമായ വൻപിച്ച ശക്തികളോടു് എതിരായി, അങ്ങേയറ്റമായി പോരാടിയ ഒരു സംസ്ഥാനിക്കു് ഉത്തരവാദഭരണരീതി കിട്ടിപ്പെടുന്നതിൽ ഭാഗമായ ഒരു പങ്കാളിയായിരുന്ന എന്നതു് വിസ്മരിക്കുവാൻ പാടില്ല. സമരം എന്താണു് അവസാനിച്ചുകഴിഞ്ഞു. ആ സമരം തുടങ്ങുകയും വിജയകരമായി നയിക്കുകയും ചെയ്ത നേതാവു് നമ്മെ വിട്ടു പിരിയുകയും ചെയ്തു. മരിച്ചവർക്കു് സ്മാരകങ്ങൾ സ്ഥാപിക്കുകയും ആ സ്മാരകങ്ങളിൽ ചില സ്മാരകവാക്യങ്ങൾ കൊത്തിവയ്ക്കുകയും ചെയ്യുന്ന പതിവു് പടിഞ്ഞാറൻ പ്രദേശങ്ങളിലെ ജനങ്ങളുടെയിടയിലും നടപ്പുള്ള പക്ഷം ഗോവിന്ദൻ പരമേശ്വരൻപിള്ളയുടെ അന്ത്യവിശ്രമസ്ഥാനത്തെ അലങ്കരിക്കേണ്ടതു് തിരുവിതാംകൂർ തിരുവിതാംകൂറുകാർക്കു് എന്ന മുദ്രാവാക്യമാണു്."

൮. ജി. പി.—പത്രാധിപർ, പ്രചാരകൻ, കോൺഗ്രസ്സ് പ്രവർത്തകൻ.

ഒരു പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, സമുദായ പരിഷ്കർത്താവ്, കോൺഗ്രസ്സ് പ്രവർത്തകൻ മുതലായി വിവിധനിലകളിൽ പരമേശ്വരൻപിള്ളയുടെ മദിരാശിയിലെ പ്രവർത്തനങ്ങളെപ്പററിയുള്ള ശരിയായ വിവരണം ഒരു ലഘുഗ്രന്ഥത്തിൽ സാദ്ധ്യമല്ല. തൻ്റെ മദിരാശി ജീവിതത്തിൻ്റെ ആരംഭത്തിൽ തന്നെ ഗ്രന്ഥകാരനും പ്രസംഗകനുമായി സുപ്രസിദ്ധനായിത്തീർന്ന ജി. പി. ബ്രിട്ടീഷ് കോൺഗ്രസ്സ് കമ്മിററിയിലെ ഒരു അംഗമായിരുന്നു. ആ നിലയിലും തൻ്റെ മാതൃഭൂമിക്കുവേണ്ടി പലതരം കാര്യങ്ങൾ അദ്ദേഹം ചെയ്തിട്ടുണ്ട്. നിരപരാധികളായ തൻ്റെ നാട്ടുകാർക്കുവേണ്ടി മഹത്തായ സേവനങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ഒരു നല്ല പത്രപ്രവർത്തകനെന്ന നിലയിലും ജി. പി. പ്രസിദ്ധനായിത്തീർന്നു. മദിരാശിയിൽ താമസം തുടങ്ങിയപ്പോൾ മുതൽ ലേഖനമെഴുത്ത് അദ്ദേഹത്തിൻ്റെ പ്രധാന ആദായമാർഗ്ഗമായിരുന്നു. അദ്ദേഹത്തിൻ്റെ ലേഖനങ്ങൾക്ക് പ്രാധാന്യം നൽകി മദിരാശിയിലെ പ്രധാനപത്രങ്ങളെല്ലാം പ്രസിദ്ധപ്പെടുത്തിയിരുന്നു. ഓരോകാലങ്ങളിൽ 'മദ്രാസ് മെയിൽ'ൻ്റെയും 'മദ്രാസ് സ്റ്റാൻഡാർഡി'ൻ്റെയും മുഖപ്രസംഗങ്ങളെഴുതുന്ന ജോലിയും അദ്ദേഹം നിർവ്വഹിച്ചുവന്നിരുന്നു. ൧൮൯൨—ൽ അദ്ദേഹം

"മദ്രാസ് സ്റ്റാൻഡാർഡി"ന്റെ പത്രാധിപരായി നിയമിതനായി. അന്ന് "സ്റ്റാൻഡാർഡ്" ആഴ്ചയിൽ മൂന്നു പ്രാവശ്യം മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിരുന്നതു്. രണ്ടുകൊല്ലത്തിനകത്തു ജി. പി. ചില വ്യവസ്ഥകൾക്കു വിധേയമായി പ്രസ്തുത പത്രത്തിന്റെ ഉടമസ്ഥാവകാശങ്ങളും ഏറ്റെടുത്തു. അദ്ദേഹം സ്വാതന്ത്ര്യബോധമുള്ളയാളായിരുന്ന ധൈര്യവും പ്രവർത്തനോത്സുകതയുംകൊണ്ടു് സാമ്പത്തികമായയാതൊരു പിന്തുണയുമില്ലാതിരുന്നിട്ടും ആ പത്രത്തെ ഒരു ദിനപ്പത്രമാക്കി. ജി. പി. യുടെ വിദഗ്ദ്ധനേതൃത്വത്തിൽ "സ്റ്റാൻഡാർഡി"ന്റെ പ്രചാരവും സ്വാധീനശക്തിയും ദിനംപ്രതി വർദ്ധിക്കുകയും, അധികം താമസിയാതെ ഭാരതത്തിലെ പൊതുജനാഭിപ്രായങ്ങളുടെ മുന്നണിയിൽ ഒരു സ്ഥാനം അതു് സമ്പാദിക്കുകയും ചെയ്തു. കേവലം അപ്രധാനമായ ഒരു ആംഗ്ലോഇന്ത്യൻ ത്രൈവാരികപ്പത്രത്തിന്റെ നിലയിൽ നിന്നും ഒരു പ്രമുഖഭാരതീയ ദിനപ്പത്രത്തിന്റെ നിലയിലേക്കു് "സ്റ്റാൻഡാർഡ്" ഉയർന്നുവന്നു. പ്രസ്തുത പത്രത്തിന്റെ ആധിപത്യം അദ്ദേഹം ഏറ്റെടുത്തതോടുകൂടി പുതിയ പുതിയ പംക്തികൾ അതിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. സർ ദിൻഷാ വാച്ഛാ, ഡബ്ലിയു. എസ്. കെയിൻ, ഏർഡ്‌ലി നോർട്ടൻ തുടങ്ങിയ പ്രമുഖവ്യക്തികൾ "സ്റ്റാൻഡാർഡി"ൽ പതിവായി ലേഖനങ്ങളെഴുതിത്തുടങ്ങിയതു് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടായിരുന്നു.

"മദ്രാസ് സ്റ്റാൻഡാർഡ്" ഇത്യാദി ചെറിയ പത്രങ്ങളുടെ മുന്നണിയിലേക്കു് അതിവേഗം കുതിച്ചുകയറി. പത്രാധിപർ മദിരാശിയിലെ പൊതു ജീവിതത്തിൽ പ്രാമുഖ്യമാർജ്ജിച്ചു. ആദ്യകാലം മുതൽ തന്നെ തികഞ്ഞ ഉല്പതിഷ്ണുവും സാമൂഹ്യ പ്രവർത്തകനുമായിരുന്ന ആ യുവാവ്, "മദ്രാസ് സോഷ്യൽ റിഫോം അസോസിയേഷ"ന്റെ സ്ഥാപകരിൽ ഒരാളായിരുന്നു. മദിരാശിയിലെ മധുവർജ്ജന പ്രസ്ഥാന ചരിത്രത്തിനും ജി. പി. യുമായി അഭേദ്യമായ ബന്ധമുണ്ടു്. അദ്ദേഹം "ഇന്ത്യൻ ടെമ്പറൻസ്" അസോസിയേഷന്റെ നായകനായിരുന്നു. ഇംഗ്ലണ്ടിലെ തന്റെ ജീവിതകാലത്തു പോലും അദ്ദേഹം ലഹരിദ്രവ്യങ്ങളൊന്നും തന്നെ — മദ്യമെന്നല്ല, പുകയില പോലും — ഉപയോഗിച്ചിരുന്നില്ല എന്നതു് പ്രത്യേകം പ്രസ്താവ്യമാണു്.

മദിരാശിയിലെ മലയാളികൾ നേതൃത്വത്തിനു വേണ്ടി നോക്കിയിരുന്നതു് ജി. പി. യെ ആയിരുന്നു. പൗരുഷവും നിഷ്കളങ്കതയും തികഞ്ഞ അദ്ദേഹം കർമ്മോത്സുകതയുടെയും സ്വാതന്ത്ര്യബോധത്തിന്റെയും സജീവമൂർത്തിയായിരുന്നു. നിർഭയം നിരന്തരം ആരെ എതിർക്കാനും ഒട്ടും ശങ്കകൂടാതെ വിമർശിക്കുവാനും എതിർത്തു തോല്പിക്കുവാനും അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല. അവശന്മാരുടെയും അടിമകളുടെയും ഉന്നമനത്തിനു വേണ്ടി അക്ഷീണയത്നം നടത്തിക്കൊണ്ടിരുന്ന ആ കർമ്മധീരൻ മർദ്ദകർക്കും സ്വേച്ഛാപ്രഭുക്കന്മാർക്കും

ഒരു ഭയങ്കരമൂർത്തിയായിരുന്നു. "ക്രിമിനൽ ലാ"യെന്നു പ്രസിദ്ധനായ ബാരിസ്റ്റർ മി. ഗ്രാന്റ്-ൽ മരി ച്ചതിനു ശേഷമുണ്ടായ അദ്ദേഹത്തിന്റെ ബഹു മാനാർത്ഥം സി. പി. നടത്തിയ ഒരു സൽക്കാ രത്തിൽ പ്രസംഗിച്ചുകൊണ്ട്, ഏർഡ്ലി നോർട്ടനെ പറഞ്ഞ വാക്കുകളത്രെ സി. പി. ക്ക് മദിരാശിയി ലുണ്ടായിരുന്ന നിലയും വിലയും തെളിച്ചു കാണിക്കുന്ന വയാണ്:

«ക്രിമിനൽ നിയമത്തിൽ മി. [illegible] പിള്ള നമ്മു ടെ [illegible] ഒരു പ്രസംഗകനെ ന്ന നിലയിൽ അദ്ദേഹം അദ്വിതീയനാണ്. അദ്ദേഹത്തി ന്റെ ബുദ്ധിയുടെ ശക്തി അപാരമാണ്. സാധുക്കളായ പ്രതികളെ വെറുതെ അപരാധികളായി പോകുന്ന അദ്ദേഹം സത്യത്തിന്റെയും ന്യായത്തിന്റെയും കക്ഷി പിടിച്ചുകൊണ്ട് അനേകരുടെയും അഭിമാനത്തിന്റെയും സംരക്ഷകനായിട്ടാണ് കാണപ്പെട്ടിട്ടുള്ളത്».

[illegible] തിരുവനന്ത പുരത്തെ ഒരു സമ്മേളനത്തിൽ [illegible] വെച്ചുകൊ ണ്ട് ശ്രീ. സി. ആർ. [illegible] പറഞ്ഞത് ഇപ്രകാര മാണ്:

«ഞാൻ ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ മദി രാശിയിലെ [illegible] മഹാന്മാ രോടുകൂടി ഇടപഴകിയിരുന്ന ഒരു വ്യക്തിയായിരുന്നു [illegible] അന്ന് പൊതു

ജീവിതം ഇന്നത്തേതിൽ നിന്ന് ഏറെ വിഭിന്നമായിരുന്നു. ലോകം ഇത്രമാത്രം പുരോഗമിച്ചിരുന്നില്ല. ഇന്നു നാം നേടിക്കഴിഞ്ഞതിന്റെയും നാളെ നാം നേടാൻ പോകുന്നതിന്റെയും അടിക്കല്ലിട്ട മഹാവ്യക്തികളിലൊരാളെന്ന നിലയ്ക്ക് അദ്ദേഹത്തോടുള്ള നമ്മുടെ കടപ്പാട് നിസ്സീമമാണ്."

ജി. പി. യുടെ പത്രപ്രവർത്തനചരിത്രം ഉജ്ജ്വലവും സംഭവബഹുലവുമായിരുന്നു. അദ്ദേഹത്തിന്റെ ആധിപത്യകാലത്ത് 'മദ്രാസ് സ്റ്റാൻഡാർഡി'ൽ പ്രതിപാദിക്കപ്പെട്ട സംഭവങ്ങൾ പലതും വലിയ കോളിളക്കത്തിനു കാരണമായിട്ടുണ്ട്. അന്നത്തെ മദിരാശി ഗവർണ്ണർ അരസികനും അജ്ഞനുമായ വെൻലോക്ക് പ്രഭുവായിരുന്നു. 'വിഡ്ഢിത്തങ്ങളുടെ ചക്രവാലപ്രഭു' എന്നാണ് അദ്ദേഹത്തിന്റെ ഭരണകാലത്തെപ്പറ്റി ജി. പി. പറഞ്ഞിരുന്നത്. അന്നത്തെ ഉദ്യോഗസ്ഥലോകത്തിന്റെ അഹങ്കാരത്തെയും അഴിമതികളെയും പറ്റി ഇത്ര സ്വതന്ത്രമായ ഭാഷയിൽ എഴുതിയാലും അദ്ദേഹത്തിന് അപകടമൊന്നും വന്നിരുന്നില്ല:

'പൗരാണികകാലങ്ങളിൽ നമ്മുടെ രാജാക്കന്മാർ സാഹസികന്മാരായിട്ടുള്ളവരെക്കാൾ വമ്പന്മാരെ അഴിച്ചുവിട്ടിരിക്കയാണ്! ഇന്ന് വെൻലോക്ക് പ്രഭു നമ്മുടെ ഇടയ്ക്ക് സഞ്ചാരികളെ ഇറക്കിവിട്ടിരിക്കുന്നു! അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം കാണിക്കണമെങ്കിൽ ടത്ത് അദ്ദേഹം ഭരണീയമായവിധം പെരുമാറപ്പെട്ടിരി

ക്കുകയാണു്. ജനങ്ങളുടെ ഇടയിൽ അതൃപ്തിയുടെയും
അമർഷത്തിന്റെയും വിത്തുകൾ അനല്പം പാകിക്ക
ഴിഞ്ഞു. ഇവിടെ ഒരു ഇംഗ്ലീഷ് ഭരണമാണോ നടക്കുന്ന
തെന്നു് ജനങ്ങൾ സംശയിച്ചു തുടങ്ങിയിട്ടുണ്ടു്. ഉക്ര
യിനിലും സൈബീരിയയിലും കിരാതഭരണം നടമാടി
യിരുന്ന ആ കാലത്തേക്കു് ഈ രാജ്യം ഒന്നു തിരിച്ചു
പോയതാണോ എന്നു തോന്നിപ്പോകുന്നു. കിരാതത്വം
എത്രയും സ്വതന്ത്രമായി വിഹരിക്കുന്നു. അതിന്റെ
ചുമതല മുഴുവനും വെൺലോക്കു് പ്രഭുവിനാണു്. നമ്മു
ടെ ചുററും നഷ്ടപ്പെട്ട മാനത്തോടും തകർന്ന ഹൃദയങ്ങ
ളോടും കഴിഞ്ഞുകൂടുന്നവർ കുറവല്ല. സാധാരണ ജീവി
താവശ്യങ്ങളിൽ നിന്നുപോലും പിടിച്ചകറ്റപ്പെട്ടവർ
ധാരാളമുണ്ടു്. തങ്ങളുടെ ഉററ മിത്രങ്ങളെപ്പോലും
സംരക്ഷിക്കുവാനുള്ള കഴിവു് നശിച്ചവരും വിരളമല്ല.
ഈ പരിതസ്ഥിതിയിൽ ഒരു അലൗകിക ശക്തിയിൽ
വിശ്വസിക്കുന്ന ഏതൊരാൾക്കും അധികം ആരായാതെ
തന്നെ ഒരു കാര്യം കാണാൻ കഴിയും. ഉദ്യോഗസ്ഥ
പ്രഭുത്വത്തിന്റെ ശക്തിയേറിയ അടിയേററു്
നിസ്സഹായരായിക്കഴിയുന്ന തന്റെ സഹജീവികളുടെ
നേരെ കണ്ണടച്ചുകളയാൻ മാത്രം ഹൃദയകാഠിന്യമുള്ള
ഒരു വ്യക്തിയുടെ മേൽ, ദൈവശിക്ഷ അതിന്റെ മുഴു
വൻ ശക്തിയോടുകൂടിയായിരിക്കും പതിക്കുന്നതു്.
വെൺലോക്കു് പ്രഭു തെററുചെയ്തവരെ രക്ഷിക്കുവാൻ
നിരപരാധികളെ വഞ്ചിക്കുകയാണു ചെയ്തിട്ടുള്ളതു്."

ജി. പി. യുടെ തീപ്പൊരി വമിക്കുന്ന ലേഖനങ്ങൾ ഇംഗ്ലണ്ടിലെ പ്രസിദ്ധ പത്രപ്രവർത്തകനായിരുന്ന ഹെൻറി ലബോഷർ കാണുന്നതിനിടയായി. ഒരു പത്രപ്രവർത്തകനെന്ന നിലയ്ക്കുള്ള തൻെറ പരിചയത്തിൽ ഒരു വ്യക്തിയുടെ നേരെ ഇത്ര രൂക്ഷതയേറിയ ഒരു ആക്രമണം കണ്ടിട്ടില്ലെന്നാണ് അവയെപ്പററി അദ്ദേഹം തൻെറ മാസികയായ "ട്രൂത്തിൽ" എഴുതിയിരുന്നതു്. ജനപ്രീതി അശേഷവുമില്ലെങ്കിലും അനിയന്ത്രിതമായ അധികാരമുള്ള ഒരു ഭരണാധികാരിയെ ഇത്ര നിർഭയമായി വിമർശിക്കുവാൻ തക്ക ചങ്കുറപ്പുള്ളവർ വളരെ കുറവാണ്.

൧൮൯൬-ൽ വെൻലോക്ക് ഉദ്യോഗമൊഴിഞ്ഞു പോയി. അദ്ദേഹം മദ്രാസിൽ നിന്നു പോകുന്നതിനു മുമ്പ് പൊതുജനങ്ങളുടെ പേരിൽ ഒരു മംഗളപത്രം കൊടുക്കണമെന്ന് ഏതാനും സ്വാർത്ഥികളും അനുചരസേവകന്മാരും അഭിപ്രായപ്പെട്ടു. ഇത്ര അസമ്മതനായ ഒരു ഭരണാധികാരിയെ പൊതുജനങ്ങൾ ബഹുമാനിക്കേണ്ടതില്ലെന്ന് ജി. പി. യും വിശ്വസിച്ചു. അക്കാരണത്താൽ മംഗളപത്രസമർപ്പണത്തിന് എതിരായി രൂക്ഷതയേറിയ ഒരു പ്രചരണം തൻെറ പത്രപംക്തികളിൽ അദ്ദേഹം ആരംഭിച്ചു. തൽഫലമായി വെൻലോക്ക് "യാത്രയയപ്പൊ"ന്നും കൂടാതെ തന്നെ യാത്രയാകേണ്ടതായിവന്നു.

സർ. ററി. മുത്തുസ്വാമിഅയ്യരുടെ ഒരു പ്രതിമ മദ്രാസ് ഹൈക്കോർട്ടിൽ സ്ഥാപിക്കണമെന്ന് ഒരു

ആലോചന ഉണ്ടായി. അന്നു് ഉദ്യോഗസ്ഥന്മാരും അല്ലാത്തവരുമായ പല പ്രമുഖവ്യക്തികളും ആ അഭിപ്രായത്തെ ശക്തിയായി എതിർത്തു. എന്നാൽ ജി. പി. അതിനെ പിൻതാങ്ങി ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയെന്നു മാത്രമല്ല "മെമ്മോറിയൽ ഹാളി"ൽ വച്ചു് ഗവർണ്ണരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രതിമാസ്ഥാപനത്തിന്നുവേണ്ടി തീവ്രമായി വാദിക്കുകയും ഒരു പ്രമേയം അവിടെവച്ചു് അംഗീകരിപ്പിക്കുകയും ചെയ്തു. മദ്രാസിൽ ജി. പി. യുടെ ഒരു വൻവിജയമായിരുന്നു അതു്. ഇന്നു ഹൈക്കോടതിക്കെട്ടിടത്തെ അലങ്കരിക്കുന്ന ആ മാർബിൾ പ്രതിമ പ്രമുഖനായ ഒരു പ്രാഡ്വിപാകന്റെ നിസ്തുല്യമായ നേട്ടങ്ങളുടെ മാത്രമല്ല, സമർത്ഥനായ ഒരു പത്രപ്രവർത്തകന്റെ അചഞ്ചലമായ മനശ്ശക്തിയുടെയും സ്മാരകമാണു്.

"സ്റ്റാൻഡാർഡി"ന്റെ അധിപരായപ്പോൾ മുതൽ ജി. പി. ഒരു തികഞ്ഞ കോൺഗ്രസ്സു് പ്രവർത്തകനായി. ദേശീയാവശ്യങ്ങൾക്കു വേണ്ടി തന്റെ പത്രപംക്തികൾ അദ്ദേഹം ധാരാളമായി ഉപയോഗിച്ചു വന്നു. ജി. പി. ആദ്യമായി സംബന്ധിച്ച കാൺഗ്രസ്സു് ൧൮൮൯-ൽ ബോംബെയിൽ സമ്മേളിച്ചതാണു്. പക്ഷേ അദ്ദേഹം പ്രമുഖനായ ഒരു കോൺഗ്രസ്സുപ്രവർത്തകനായതു് ൧൮൯൪-ലെ മദ്രാസു് കോൺഗ്രസ്സുമുതല്ക്കാണു്. ആൽഫ്രഡ് വെബ്ബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആ കോൺഗ്രസ്സിന്റെ കാര്യദർശികളിൽ ഒരാളായിരുന്നു അദ്ദേഹം. അതിനു ശേഷം ൧൮൯൫-ൽ സ്വപ്ര



സിലോ ബംഗാളി [illegible] ന്റെ അദ്ധ്യക്ഷതയിൽ മദിരാശിയിൽ വെച്ചും സമ്മേളിച്ച കോൺഗ്രസ്സിലും ജി. പി. ഒരു [illegible] യായിരുന്നു. [illegible] പൂനായിലും [illegible] കൽക്കട്ടയിലും നടന്ന സമ്മേളനങ്ങളിലും അദ്ദേഹത്തിന് ഒരു നല്ല പങ്കുണ്ടായിരുന്നു. കോൺഗ്രസ്സ് സമ്മേളനങ്ങളിൽ അദ്ദേഹം പല പ്രധാന വിഷയങ്ങളെപ്പറ്റിയും പ്രസംഗിച്ചിട്ടുണ്ടെങ്കിലും [illegible] [illegible] സംസാരിച്ചിട്ടുള്ളത് [illegible] കളെപ്പറ്റിയാണ്. [illegible] പ്രശ്നങ്ങളെ [illegible] യിൽ [illegible].

[illegible]

ന്മാരെയുംകാൾ കൂടുതലായി ജി. പി. ഗാന്ധിജിയ്ക്കും അദ്ദേഹത്തിന്റെ ആദർശങ്ങൾക്കും പ്രബലമായ പിൻതുണ നൽകിയിരുന്നു എന്നു് പിന്നീടു് ഒരവസരത്തിൽ മദിരാശിയിൽവച്ചു് ഗാന്ധിജിതന്നെ പ്രസ്താവിച്ചിട്ടുണ്ടു്. ജി. പി. യിൽ നിന്നും ലഭിച്ച സഹായസഹകരണങ്ങളെപ്പററി കൃതജ്ഞത തുളുമ്പുന്ന വാക്കുകളിൽ ഗാന്ധിജി "സത്യാന്വേഷണ പരീക്ഷകൾ" എന്ന തന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണു്:

"അവിടെ എനിക്കു ലഭിച്ച ഏററവും വലിയ സഹായം 'മദ്രാസ് സ്റ്റാൻഡാർഡി'ന്റെ പത്രാധിപരായിരുന്ന പരേതനായ ശ്രീ. ജി. പരമേശ്വരൻ പിള്ളയിൽ നിന്നായിരുന്നു. ആ പ്രശ്നത്തെപ്പററി—തെക്കെ ആഫ്രിക്കൻ സ്ഥിതിഗതികളെപ്പററി—ശരിയായി പഠിച്ചിരുന്ന അദ്ദേഹം വേണ്ട ഉപദേശങ്ങൾ തരുന്നതിനായി എന്നെ കൂടെക്കൂടെ അദ്ദേഹത്തിന്റെ ആഫീസിലേക്കു ക്ഷണിച്ചിരുന്നു. 'ഹിന്ദു' പത്രത്തിന്റെ അധിപരായ ശ്രീ. ജി. സുബ്രഹ്മണ്യവും ഡാക്ടർ സുബ്രഹ്മണ്യവും അനുഭാവപൂർവ്വമാണു് പെരുമാറിയതു്. ജി. പരമേശ്വരൻ പിള്ളയാകട്ടെ 'മദ്രാസ് സ്റ്റാൻഡാർഡി'ന്റെ പംക്തികൾ എന്റെ ഇഷ്ടാനുസരണം ഉപയോഗിക്കുന്നതിനു് വിട്ടുതന്നു. അദ്ദേഹത്തിന്റെ ഈ ദയാപൂർവ്വമായ ഔദാര്യത്തെ ഞാൻ വേണ്ടുവോളം പ്രയോജനപ്പെടുത്തുകയും ചെയ്തു."

൧൮൯൬ ഡിസംബറിൽ ജി. പി. കൽക്കത്താ കോൺഗ്രസ്സിൽ പങ്കെടുത്തു. അവിടെവച്ചു് അദ്ദേഹം തെ

ക്കെ ആഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവശതകളെപ്പററിയുള്ള പ്രമേയം അവതരിപ്പിച്ചുകൊണ്ട് വികാരോത്തേജകമായിച്ചെയ്ത പ്രസംഗമദ്ധ്യേ, ഇപ്രകാരം പറഞ്ഞു.

"നമ്മുടെ സ്ഥിതി എത്ര വിചിത്രമാണ്! ഇന്ത്യയിൽ സാമ്രാജ്യനിയമസഭയിൽ അംഗങ്ങളായിരിക്കുവാൻ നമുക്ക് അനുവാദമുണ്ട്. ഇംഗ്ലണ്ടിന്റെ അഭിമാനമായ കോമൺസ് സഭയിൽപോലും നമുക്ക് പ്രവേശനം നിഷേധിച്ചിട്ടില്ല. പക്ഷെ തെക്കെ ആഫ്രിക്കയിൽ ഒരു അനുവാദപത്രം കൂടാതെ സഞ്ചരിക്കുവാൻ നമുക്ക് സ്വാതന്ത്ര്യമില്ല. നാം രാത്രിയിൽ സഞ്ചരിച്ചുകൂടാ; നമുക്ക് ചില പ്രത്യേകസ്ഥലങ്ങളിൽ മാത്രമേ വാസസ്ഥലങ്ങൾ അനുവദിച്ചിട്ടുള്ളു; തീവണ്ടിയിൽ ഒന്നും രണ്ടും ക്ലാസുകളിൽ നമുക്ക് പ്രവേശനമില്ല; ട്രാം വണ്ടികളിൽനിന്ന് നാം ബഹിഷ്കരിക്കപ്പെടുന്നു; നടപ്പാതകളിൽ നിന്ന് നമ്മെ തള്ളിമാററിക്കളയുന്നു; ഹോട്ടലുകളുടെ കവാടങ്ങൾ നമ്മുടെ മുമ്പിൽ അടയ്ക്കപ്പെടുന്നു; പൊതുവായുള്ള സ്നാനഘട്ടങ്ങളിൽ നമുക്ക് പ്രവേശനമില്ല. നാം അവിടെ അടിക്കപ്പെട്ട, ചവിട്ടി തള്ളപ്പെട്ട, ശപിക്കപ്പെട്ട ഒരു ജനാവലിയാകുന്നു. ഒരു മനുഷ്യനു ക്ഷമിക്കുവാനും സഹിക്കുവാനും സാധിക്കാത്തവിധത്തിൽ നിന്ദ്യമായ പെരുമാററമാണ് നമുക്ക് അവിടെ ലഭിക്കുന്നതു്."

കൽക്കട്ടായിലിരുന്നപ്പോഴും ആനന്ദമോഹൻ ബോസ്, സർ സുരേന്ദ്രനാഥ ബാനർജി, ഡബ്ലിയു. സി. ബോണർജി മുതലായ സുപ്രസിദ്ധ കോൺഗ്രസ്

നേതാക്കന്മാരുടെ ആതിഥ്യം സ്വീകരിക്കുവാനുള്ള സന്ദർഭം ജി. പി. ക്ക് ലഭിച്ചു. കൽക്കട്ടായിൽനിന്നും മടങ്ങിയെത്തിയതിന്നുശേഷം ആനന്ദമോഹന ബോസിനയച്ച ഒരു കത്തിന്ന് ജി. പി. ക്ക് താഴെക്കാണുന്ന മറുപടി ലഭിക്കുകയുണ്ടായി:

൫൫, ധർമ്മതോല സ്ട്രീറ്റ്,
കൽക്കട്ടാ,
[illegible], ജനുവരി, ൧൮൯.

എന്റെ പ്രിയപ്പെട്ട മി: പിള്ള,

അങ്ങ് ൧൭-ാം തിയ്യതി അയച്ചകത്ത് ഇന്ന് സന്ധ്യയോടെ കൈപ്പററി. അങ്ങയുടെ ഇവിടത്തെ താമസത്തെപ്പററിയും ഇവിടെനിന്നും പോകുന്നതിന്റെ തലേന്നാൾ സായാഹ്നത്തിലെ സല്ക്കാരത്തെപ്പററിയും സുഖകരമായ സ്മരണകളാണ് അങ്ങേയ്ക്കുള്ളതെന്ന് അറിയുന്നതിൽ പ്രത്യേകിച്ച് സന്തോഷമുണ്ട്. ആ ദിവസങ്ങളിൽ ഞങ്ങളെല്ലാം സന്തോഷിച്ചുവർ വാസ്തവത്തിൽ ഭാഗ്യവാന്മാരാണ്. കോൺഗ്രസ്സിന്റെ വാർഷികസമ്മേളനങ്ങൾ ഈ രാജ്യത്തെ സാമൂഹ്യ സമുദായങ്ങൾക്ക് [illegible] അതിപ്രധാനമായ ഒരു [illegible]. ഈ മഹാരാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ കൂടിക്കാണുന്നതിനും, പരസ്പരം അറിയുന്നതിനും, സൌഹൃദത്തെ ഉണ്ടാക്കുകയും അങ്ങനെ ഒരു ബന്ധുത്വത്തിലും സാഹോദര്യത്തി



ആനന്ദമോഹന ബോസ്

യും സംതൃപ്തമാക്കുകയും ചെയ്യുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

എന്റെ ഭാര്യയും പുത്രിയും, അവരെപ്പററി അങ്ങയെ ഓർമ്മിപ്പിക്കുവാനും ഇനി അങ്ങ് ഞങ്ങളുടെ ഇടയ്ക്ക് സമാഗതനാകുന്നത് എന്നാണെന്ന് അന്വേഷിക്കുവാനും എന്നോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് സുഖമാണെന്നു വിശ്വസിച്ചുകൊണ്ട്,

സസ്നേഹം,

എ. എം. ബോസ്.

ഇതിനകം അതിസമർത്ഥനായ ഒരു പത്രപ്രവർത്തകനെന്ന നിലയ്ക്ക് ജി. പി. ഇന്ത്യയിലെങ്ങും പ്രശസ്തിയാർജ്ജിച്ചിരുന്നു. അദ്ദേഹത്തിന്റെ "മദ്രാസ് സ്റ്റാൻഡേർഡ്" പത്രം പുരോഗമനപരങ്ങളായ പൊതുജനാഭിപ്രായങ്ങളുടെ ഒരു പ്രകടനരംഗമായി തീർന്നു. ഒരു വിശിഷ്ട ശാസ്ത്രജ്ഞനെന്ന നിലയിൽ അഖിലലോകപ്രശസ്തിയാർജ്ജിച്ചിട്ടുള്ള ആചാര്യ പി. സി. റേ ജി. പി. ക്ക് അയച്ച ഒരു കത്ത് "സ്റ്റാൻഡേർഡ്" പത്രത്തിന്റെയും പത്രാധിപരുടെയും അന്നത്തെ സമുന്നതപദവിക്കു സാക്ഷ്യം വഹിക്കുന്നതാണ്:

പ്രസിഡൻസി കോളേജ്, കൽക്കട്ട,
ഫെബ്രുവരി ൩.

എന്റെ പ്രിയപ്പെട്ട സർ,

അങ്ങ് ഈയിടെ ഇവിടെ വന്നിരുന്നപ്പോൾ ശ്രീ. എ. എം. ബോസിന്റെ വസതിയിൽ വച്ച്

അങ്ങയെകാണുകയും കോൺഗ്രസ്സ് സമ്മേളനത്തിൽ വച്ചു അങ്ങയുടെ പ്രസംഗം കേൾക്കുകയും ചെയ്തെങ്കിലും നാം തമ്മിൽ പരിചയപ്പെടാൻ സാധിക്കാതെപോയതു് നിർഭാഗ്യകരം തന്നെ.

സ്വതന്ത്രത്തിൽ എന്റെ ഏററവും പുതിയ ഗവേഷണങ്ങളുടെ വിവരണം ഇതോടൊന്നിച്ചു്, അതു് പ്രസിദ്ധീകരിക്കുന്നതിനു മുമ്പു തന്നെ, അയയ്ക്കുന്നു. അങ്ങയുടെ പത്രം മദിരാശിയിലെ ഏററവും പുരോഗമനോന്മുഖമായ വിഭാഗത്തെ പ്രതിനിധീകരിക്കുന്നു എന്നാണു് ഞാൻ അറിഞ്ഞിട്ടുള്ളതു്. നമ്മുടെ രാജ്യത്തിന്റെ ആശാകേന്ദ്രങ്ങളായ യുവജനങ്ങളിൽ—അടുത്ത തലമുറയിൽ—ഗവേഷണത്തിനുള്ള താല്പര്യവും ആവേശവും ജനിപ്പിക്കുവാൻ അതു് ശ്രമിക്കുന്നതു് അഭികാമ്യമായിരിക്കും. എന്റെ സഹപ്രവർത്തകനായ ഡാക്ടർ ജെ. സി. ബോസും ഞാനും ഈ വിഷയത്തിൽ കാലമെല്ലാം പ്രവർത്തിച്ചിട്ടുണ്ടു്. ആ പ്രവർത്തനങ്ങൾ ഇടയ്ക്കു് വച്ചു് നിന്നുപോകാൻ ഇടയാകരുതെന്നു് ഞങ്ങൾ ആഗ്രഹിക്കുന്നു.

സൗഹാർദ്ദപൂർവ്വം,
അങ്ങയുടെ വിശ്വസ്തൻ,
പി. സി. റേ.

മഹാനായ ദാദാഭായി നവറോജി ഇംഗ്ലണ്ടിൽ ഭാരതത്തിനും ഭാരതീയർക്കും വേണ്ടി അവിശ്രമം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അതു്. തന്റെ

ദാദാഭായി നവറോജി

പ്രവർത്തനങ്ങൾക്കു് ശരിയായ പ്രചാരം ലഭിക്കുന്നതിനു് അദ്ദേഹം തിരഞ്ഞെടുത്ത ഉപകരണം "മദ്രാസ് സ്റ്റാൻഡാർഡാ"യിരുന്നു. "സ്റ്റാൻഡാർഡിനു്" അന്നുണ്ടായിരുന്ന പ്രാമാണ്യത്തിനു് ഇതും ഒരു തെളിവാണു്. ൧൮൯൫-സെപ്തംബർ ൧൩-ാം തീയതി ഒരു വന്ദ്യവയോധികൻ ലണ്ടനിൽ നിന്നു് ജി. പി.ക്കു് അയച്ച ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്:

"സിവിൽ സർവ്വീസ് കമ്മീഷണന്മാരുമായി ഞാൻ നടത്തിയ എഴുത്തുകുത്തുകളും അതേപ്പറ്റി പത്രാധിപന്മാരുടെ ഒരു കുറിപ്പും വോൾസ്ലി പ്രഭുവിന്റെ വിസ്താരത്തിൽ എന്റെ പക്ഷം കാണിക്കുന്ന ഭാഗങ്ങളും 'ഇൻഡ്യ'*യിൽനിന്നു് വെട്ടിയെടുത്തു് താങ്കൾക്കു് അയക്കുന്നു. ഇവയെല്ലാം മദ്രാസ് സ്റ്റാൻഡാർഡിൽ പ്രസിദ്ധീകരിന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. ഐക്യരാജ്യങ്ങളിലെ (United Kingdom) സിവിൽ സർവ്വീസിൽ പ്രവേശനമനുവദിച്ചതിനെ ഭാരതീയജനത ശരിയായി ഉപയോഗിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു."

൧൮൯൫ ഒക്ടോബർ ൧൪-ാം തീയതി നവരോജി വീണ്ടും ജി. പി.ക്കു് എഴുതി:

"ഇക്കൊല്ലത്തെ കമ്മീഷനിൽ എന്റെ ചോദ്യങ്ങൾ അടങ്ങിയ 'ഇൻഡ്യ' അവശേഷം ഇന്നത്തെ

* ലണ്ടനിൽനിന്നു് ബ്രിട്ടീഷ് കോൺഗ്രസ്സ് കമ്മിറ്റി പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു വാരപത്രം.

തപാലിൽ താങ്കൾക്കു കിട്ടും. അതുമുഴുവൻ സൗകര്യമുള്ള തവണകളിലായി താങ്കളുടെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും അങ്ങനെ അതിനു ഭാരതീയ ജനതയുടെ ഇടയിൽ ശരിയായ പ്രചാരണം നൽകുകയും ചെയ്യുമെന്നു പ്രത്യാശിക്കുന്നു."

പുരോഗമനപരമായ ഒരു പത്രമെന്ന നിലയ്ക്കു ഇന്ത്യയിലും ഇംഗ്ലണ്ടിലും "സ്റ്റാൻഡേർഡി"നുണ്ടായിരുന്ന മതിപ്പിനു ഇതിൽ കൂടുതൽ തെളിവു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഭാരതീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സകലർക്കും ഒരു ശക്തികേന്ദ്രമായിരുന്നു "സ്റ്റാൻഡേർഡ്". തനിക്കു ലഭിച്ച പരിപൂർണ്ണമായ സഹകരണത്തെപ്പറ്റി ഏർഡ്ലി നോർട്ടൻ കൃതജ്ഞതാപുരസ്സരം അനുസ്മരിച്ചിട്ടുണ്ടു:

പാരീസ് ബിൽഡിംഗ്സ്,
ഫ്വൻറ ഏപ്രിൽ ൧.

എന്റെ പ്രിയപ്പെട്ട പരമേശ്വരാ,

ഇന്നത്തെ "സ്റ്റാൻഡേർഡി"ലെ രണ്ടു ഉപമുഖപ്രസംഗങ്ങളും വായിച്ചു. ഞാൻ തികച്ചും അർഹിക്കുന്നില്ലെങ്കിലും താങ്കൾ തികഞ്ഞ ആത്മാർത്ഥതയോടെ നൽകിയിരിക്കുന്ന പ്രശംസകൾക്കു എന്റെ നന്ദിപ്രകടിപ്പിച്ചുകൊള്ളട്ടെ. താങ്കൾ എന്നും എന്നോടു ഒരു ഉറച്ച നിലയാണു സ്വീകരിച്ചിട്ടുള്ളതു. താങ്കളുടെ ഇലികളുടെ പിന്തുണ എനിക്കു നൽകുവാൻ പ്രേരിപ്പിച്ച ഉദാരമനഃസ്ഥിതിയെ ഞാൻ അഭിനന്ദിക്കുന്നു.



ആഡം സ്മിത്ത്

എനിക്ക് ഇത്രമാത്രമേ പറയാനുള്ളു. ഈ നാട്ടിനോടും നാട്ടുകാരോടുമുള്ള എന്റെ മനോഭാവം മാറുന്നതിന് യാതൊന്നിനും സാധിച്ചിട്ടില്ല; സാധിക്കുകയുമില്ല. ആദർശങ്ങൾ എക്കാലവും ചലനാത്മകങ്ങളായ സംഭവങ്ങളെക്കാൾ വലിയവയാണ്. എപ്പോഴെങ്കിലും പ്രാദേശികകാര്യങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ ഒരു സന്ദർഭം ലഭിക്കുന്നപക്ഷം എന്റെ കഴിവുകൾ ഇതിനു മുമ്പെന്നപോലെ ഭാവിയിലും ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിനാണ് ഞാൻ ആഗ്രഹിക്കുന്നത്. പല കാര്യങ്ങളിലും അവരുടെ താല്പര്യങ്ങൾ യൂറോപ്യൻ താല്പര്യങ്ങളുമായി വാസ്തവത്തിൽ ഏറ്റുമുട്ടാറില്ല. ഈ പരമാർത്ഥം വ്യക്തവും ശക്തവുമായ രീതിയിൽ ലോകസമക്ഷം ഉയർത്തിക്കാണിക്കുവാനുള്ള തന്റേടവും ധൈര്യവുമാണ് ഇന്ന് ആവശ്യമായിരിക്കുന്നത്.

കൃതജ്ഞതാപുരസ്സരം,

താങ്കളുടെ,

എർഡ്‌ലി നോർട്ടൻ.

൮. ലണ്ടൻ സന്ദർശനം

൧൮൯൭-ൽ വിക്ടോറിയാ മഹാരാജ്ഞിയുടെ വജ്രജൂബിലി ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതിനായി ഡാക്ടർ റി. എം. നായരോടുകൂടി ജി. പി. ഇംഗ്ലണ്ട് സന്ദർശിച്ചു. ഈ യാത്രയിൽ ഡോ: നായർ ജി. പി. യുടെ സുഹൃത്തും ഭിഷക്കും മാർഗ്ഗദർശിയു (Friend, physician and guide) മായിരുന്നു. ഇംഗ്ലണ്ടിലെ പര്യടനകാലത്തു് അവിടത്തെ സാമാന്യജനങ്ങൾക്കു കേവലം അജ്ഞാതമായിരുന്ന പല ഭാരതീയപ്രശ്നങ്ങളെപ്പറ്റിയും നിരവധിയോഗങ്ങളിൽ അദ്ദേഹം പ്രസംഗിക്കുകയുണ്ടായി.

ഇംഗ്ലണ്ടിലെ താമസകാലത്തു് പല രസകരങ്ങളായ സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു ദിവസം ജി. പി. ലണ്ടനിലെ ഒരു അണ്ടർഗ്രൗണ്ട് റെയിൽവേസ്റ്റേഷനിൽ നിൽക്കുകയായിരുന്നു. അന്നത്തെ പത്രത്തിൽ ബാലഗംഗാധര തിലകന്റെ അറസ്റ്റിനെപ്പറ്റിയുള്ള വാർത്ത പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു വായിച്ചു ഒരു മാന്യൻ പെട്ടെന്നു് ജി. പി. യുടെ നേരെ തിരിഞ്ഞു് തിലകൻ ഇൻഡ്യയിലെ ഒരു കാട്ടുജാതിക്കാരുടെ തലവനല്ലേ*എന്നു ചോദിച്ചു. ആ ചോദ്യം കേട്ടു ജി. പി. മന്ദഹസിച്ചു കൊണ്ടു് "അല്ല, അദ്ദേഹം ഒരു പരിഷ്കൃതവർഗ്ഗക്കാരുടെ വന്യനായ പ്രമാണിയാണ്".*എന്നു മറുപടി പറഞ്ഞു. തുടർന്നു്, മഹാനായ ആ ഭാരതീയ നേതാവിനെ അതിർത്തിദേശത്തെ മലവർഗ്ഗക്കാര

---

* The leader of a wild tribe.

* "No, he is the wild leader of a civilized tribe."



ഡാക്ടർ റ്റി. എം. നായരും ജി. പി. യും ഇംഗ്ലണ്ടിൽ

മായി യാതൊരു ബന്ധവുമില്ലെന്നും ആ "പരിഷ്കൃതനായ" ധൂൎത്തനെ അദ്ദേഹം പറഞ്ഞു മനസ്സിലാക്കി. ഇംഗ്ലീഷ്കാൎക്ക് ഇൻഡ്യയെപ്പററിയും ഇൻഡ്യക്കാരെപ്പററിയും അത്ര ഭീമമായ അജ്ഞതയാണുണ്ടായിരുന്നതു്. ജി. പി. തന്റെ ചുരുങ്ങിയകാലത്തെ സന്ദൎശനത്തിനിടയ്ക്കു് അനവധി പ്രസംഗങ്ങൾ കൊണ്ടു് ഇംഗ്ലീഷ് ജനതയുടെ ഈ അജ്ഞത നീക്കുവാൻ കഴിവതും ശ്രമിച്ചു. അക്കാലത്താണു് ഇംഗ്ലീഷുകാരായ പല പ്രമുഖ വ്യക്തികളുമായി പരിചയപ്പെടുന്നതിനും അവരിൽ പലരുടെയും സ്നേഹം ആൎജ്ജിക്കുന്നതിനും അദ്ദേഹത്തിനു് സൌകൎയ്യം ലഭിച്ചതു്. മദ്യവൎജ്ജന പ്രസ്ഥാനത്തിന്റെ ഒരു പ്രസിദ്ധ നേതാവും പാൎലമെന്റ് അംഗവുമായിരുന്ന ഡബ്ളിയു. എസ്. കെയിൻ, ജി. പി. യുടെ ബഹുമാനാൎത്ഥം നൽകിയ സൽക്കാരത്തിൽ ഇംഗ്ലീഷുകാരും ഇന്ത്യാക്കാരുമായ ഒട്ടധികം മാന്യന്മാർ സന്നിഹിതരായിരുന്നു. ഹാവാർഡൻ മന്ദിരത്തിൽവച്ചു് മഹാനായ ഗ്ലാഡ്സ്റ്റനെ സന്ദൎശിക്കുവാനും ആ രാജ്യതന്ത്രജ്ഞന്റെ ഒരു സുഹൃത്താകുവാനും ജി. പി. ക്കു സാധിച്ചു. തന്റെ ജീവിതത്തിലെ ഏററവും ആനന്ദകരമായ ഒരു സംഭവമായിരുന്നു ആ സന്ദൎശനമെന്നു് ജി. പി. പിന്നീടു് പലപ്പോഴും പറയാറുണ്ടായിരുന്നു.

ജി. പി. ഇംഗ്ലണ്ടിലായിരുന്നപ്പോൾ "മെസ്സേഴ്സ് റൂട്ട്ലജ് ആൻഡ് സൺസ്" എന്ന പ്രസിദ്ധീകരണാലയക്കാർ അദ്ദേഹത്തിന്റെ "റപ്രസന്ററീവ്

ഇൻഡ്യൻസ്" എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. മുപ്പതിയാറു പ്രമുഖ ഭാരതീയരുടെ ജീവചരിത്രങ്ങളടങ്ങിയ ആ ഗ്രന്ഥത്തിന് മുഖവുരയെഴുതിയതു് മുമ്പ് ബോംബെ ഗവർണ്ണരായിരുന്ന സർ. റിച്ചാർഡ് ടെമ്പിൾ ആണ്. അതിലടങ്ങിയിരുന്ന പന്ത്രണ്ടു ജീവചരിത്രങ്ങൾ ൧൮൯൬-ൽ "റെപ്രസന്ററീവ് മെൻ ഓഫ് സൗത്ത് ഇൻഡ്യാ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയായിരുന്നു. അന്ന് ആ ഗ്രന്ഥത്തിന് ഇൻഡ്യയിലും ഇംഗ്ലണ്ടിലും നല്ല ഒരു സ്വീകരണമാണ് ലഭിച്ചതു്. "ഇന്ത്യയെപ്പററിയുള്ള ഞങ്ങളുടെ (ബ്രിട്ടീഷ്കാരുടെ) വിരളമായ അറിവിനെ വളരെ വിപുലപ്പെടുത്തുവാൻ പര്യാപ്തമായ ഒരു പ്രസിദ്ധീകരണമാണ് ഇതു്," എന്നാണ് ഗ്ലാഡ്സ്റ്റൺ അഭിപ്രായപ്പെട്ടതു്. "ഈ ജോലി സ്വയം ഏറെറടുക്കുകയും അതു് വിജയകരമായി നിർവഹിക്കുകയും ചെയ്തുകൊണ്ടു് നിങ്ങൾ മഹത്തായ ഒരു സേവനമാണ് ചെയ്തതു്" എന്ന് മഹാദേവ ഗോവിന്ദറാനഡേയും, "ഈ ഗ്രന്ഥത്തിൽ മറെറന്തിനെക്കാളും അതിന്റെ നൂതനതയും അനുരൂപമായ ഭാഷാരീതിയാണ് എന്നെ ആകർഷിച്ചതു്; ഭാരതീയരായ നമുക്ക് സാധാരണ പററാറുള്ള തെററുകളൊന്നുംതന്നെ ഈ ഗ്രന്ഥത്തിലില്ല," എന്ന് സർ ഫെറോസ്ഷാ മേത്തായും അന്ന് ആ ഗ്രന്ഥത്തെപ്പററി അഭിപ്രായപ്പെട്ടിട്ടുണ്ടു്. "റെപ്രസന്ററീവ് ഇൻഡ്യൻസി"ന്റെ പ്രസിദ്ധീകരണം ഭാരതീയരുടെ ജീവചരിത്ര സാഹി

ത്യത്തിന് ഒരു ശാശ്വതമായ സംഭാവനയായിരുന്നു. ഡബ്ലിയു. ഡബ്ലിയു. ഹണ്ടർ എന്ന ചരിത്രകാരൻ പ്രസ്തുത പ്രസിദ്ധീകരണത്തെ ഹാർദ്ദമായി അനുമോദിച്ചുകൊണ്ട് 'ലണ്ടൻടൈംസി'ൽ ഒരു നിരൂപണം എഴുതി. ഡബ്ലിയു. എസ്. കെയിൻ തന്റെ 'അബ്കാരി' എന്ന പത്രത്തിൽ എഴുതിയ ഗ്രന്ഥനിരൂപണത്തിൽ 'പ്രതിപാദ്യവസ്തുവിലും പ്രതിപാദനരീതിയിലും ഒരുപോലെ നന്നായിട്ടുള്ള ഒരു ഗ്രന്ഥം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റൊരു പത്രത്തിന്റെ അഭിപ്രായപ്പെട്ടത്, 'വിരസവും അനാവശ്യപൂർണ്ണവുമായ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെ കൂട്ടത്തിലെ ഒരു മാതൃകാഗ്രന്ഥമായിരിക്കും' എന്നാണ്. ജി. പി. ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾ അദ്ദേഹത്തെ ഏറെ ഉപദ്രവിച്ചിട്ടുള്ള ജീവചരിത്രഗ്രന്ഥങ്ങളുടെ കൂട്ടത്തിലൊന്നിന്റെ ജീവചരിത്രം ഈ തരം ജീവചരിത്രഗ്രന്ഥങ്ങളിലും ചേർത്തിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ഇംഗ്ലണ്ട് സന്ദർശനാവസരത്തിൽ തന്റെ യാത്രയെ ആസ്പദിച്ചു സമകാലികന്റെയും സാമൂഹ്യചിത്രങ്ങളും അദ്ദേഹം 'മദ്രാസ് സ്റ്റാൻഡേർഡി'ൽ എഴുതിക്കൊണ്ടിരുന്നു. അവയെല്ലാം ശേഖരിച്ച് 'ലണ്ടനും പാരീസും: ഒരു ഭാരതീയന്റെ കണ്ണുകളിൽക്കൂടി' എന്ന പേരിൽ ഒരു ലഘുഗ്രന്ഥം പിന്നീട് പ്രസിദ്ധപ്പെടുത്തി. ആ ഗ്രന്ഥത്തിലെ പരാമർശങ്ങളെപ്പറ്റി ഒരു ആംഗല സാഹിത്യകാരിയായ മിസ് മെല്ലിങ്ങ്, ജി. പിക്ക് എഴുതിയിരുന്നതിങ്ങനെയാണ്:

"അസാമാന്യ പാടവത്തോടു കൂടി എഴുതപ്പെട്ട അവയുടെ ഭാഷാരീതി ഇംഗ്ലീഷുകാരായ എഴുത്തുകാർക്കു പോലും അസൂയ ഉളവാക്കത്തക്കതാണു്. അതുകളിൽ പലർക്കും സ്വന്തം അറിവിന്റെ പരിമിതിയെപ്പററി ഉള്ള ബോധമുണ്ടാകത്തക്കവണ്ണം അത്രയധികം പദാർത്ഥ ങ്ങൾ അവയിലുണ്ടു്. അവയിൽ തെളിഞ്ഞുകാണുന്ന സൂക്ഷ്മവും നിഷ്പക്ഷവുമായ നിരീക്ഷണപാടവം നിങ്ങ ളുടെ സ്വഭാവം നിങ്ങൾ എത്രമാത്രമായി പ്രശംസന പ്പെടുത്തിയിരുന്നതിനു് സാക്ഷ്യപത്രമാകുന്നു. ഈ ചെറിയ ഒരു പ്രസ്താവനത്തിനിടയ്ക്കു് ഞങ്ങളെപ്പ ററിയും ഞങ്ങളുടെ ജീവിതത്തെപ്പററിയും ഞങ്ങളുടെ ചരിത്രത്തെപ്പററിയും ഇത്ര സൂക്ഷ്മമായും സമ്പൂർണ്ണ മായും മനസ്സിലാക്കുവാൻ നിങ്ങൾക്കു് സാധിക്കുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. നിങ്ങൾ തീർച്ചയായും അസാധാരണനായ ഒരു നിരീക്ഷണ പടുവാണു്."

൧൩. തിരികെ ഇന്ത്യയിലേക്ക്

ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയ ജി. പി. ക്ക് നാട്ടുകാരിൽനിന്നു് ഹാർദ്ദമായ ഒരു സ്വീകരണം ലഭിച്ചു. ഇംഗ്ലണ്ടിലെ തന്റെ അനുഭവങ്ങളെപ്പററി അദ്ദേഹം ഒരു പ്രസംഗപരമ്പര നടത്തി. അന്നത്തെ സാധാരണ ഇന്ത്യൻ ദേശീയവാദികളെപ്പോലെ ജി. പി. ക്കും ബ്രിട്ടീഷ് ജനതയെപ്പററി അതിരററ മതിപ്പുണ്ടായിരുന്നു. തന്റെ ജീവിതത്തിലെ മഹത്തായ ഒരു സ്വപ്നം യഥാർത്ഥ്യമായിപ്പരിണമിച്ചതുപോലുള്ള ഒരു തോന്നലാണ് ഇംഗ്ലണ്ട് സന്ദർശനാനന്തരം അദ്ദേഹത്തിനുണ്ടായിരുന്നതു്. മടക്കയാത്രയിൽ അദ്ദേഹം തന്റെ അനുഭവങ്ങളെപ്പററി ഇങ്ങനെ എഴുതി:

"ബ്രിട്ടീഷ് ജനതയുടെ മഹത്തായ ശക്തി, പ്രതാപം, പാടവം, ഉത്സാഹം മുതലായവയെപ്പററി അടിയുറച്ച വിശ്വാസത്തോടു കൂടിയാണ് ഞാൻ ഇന്ത്യയിലേക്ക് മടങ്ങുന്നതു്. ഇൻഡ്യയുടെ നിലനില്പോ പതനമോ ബ്രിട്ടനെ ആശ്രയിച്ചിരിക്കുന്നു. ഈ ആശയം ഒരു യാഥാർത്ഥ്യമാകുന്നതിനുള്ള ഏക മാർഗ്ഗം ബ്രിട്ടന്റെയും ഇന്ത്യയുടെയും താല്പര്യങ്ങൾക്ക് ഐകമത്യമുണ്ടാകുകയാണ്. നിർഭാഗ്യകരമായ പരിതസ്ഥിതിയിൽ ഇന്ന് ഈ രണ്ടു ജനവിഭാഗങ്ങളേയും അകററി നിർത്തുന്ന ഒരു വിടവുണ്ടു്. നിറഭേദം കൊണ്ടുണ്ടായിട്ടുള്ള ഈ ഭിന്നത ഇല്ലായ്മ ചെയ്യേണ്ടതാവശ്യമാണ്. ബ്രിട്ടനിൽ ഇങ്ങനെയൊരു വ്യത്യാസമില്ല; പിന്നെ

ഇൻഡ്യയിൽ അതു് എന്തിനാണ് ആചരിക്കുന്നതു്? ലണ്ടനിലെ തെരുവുവീഥികളിൽ എന്നെ ആളുകൾ തുറിച്ചു നോക്കിയിട്ടുണ്ട്. എഡിൻബറോയിൽ അങ്ങുമിങ്ങും ഓടിനടന്നിരുന്ന കൊച്ചു കുട്ടികൾ എന്നെ കണ്ടപ്പോൾ പെട്ടെന്നു് കളിനിർത്തി നിന്നിട്ടുണ്ട്. ഡബ്ലിനിലെ സ്വാമിമാർക്ക് എന്നെ കണ്ടപ്പോൾ ചിരി അടക്കുവാൻ വിഷമമായിരുന്നു. വേതസിന്റെ പ്രധാന പ്രദേശത്തുള്ള ചെസ്റ്ററിൽ സ്നേഹമയികളായ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ഈ ‘കറുത്തമനുഷ്യനെ’ ചൂണ്ടിക്കാണിച്ചു കൊടുത്തിട്ടുണ്ട്. പക്ഷേ ഇംഗ്ലണ്ടിലോ സ്കോട്ട്‌ലണ്ടിലോ അയർലണ്ടിലോ വെയിൽസിലോ എന്നെപ്പററി നിന്ദ്യമായി ഒരു വാക്കുപോലും ആരും എന്നോടു പറഞ്ഞിട്ടില്ല. അവിടങ്ങളിലെ ജനങ്ങൾ എന്നോട് അത്യന്തം മര്യാദയോടുകൂടിയാണ് പെരുമാറിയതു്; എന്നുമാത്രമല്ല, അവർ എന്നെ പ്രീതിപ്പെടുത്തുവാൻ ഉത്സുകരായിരുന്നു........

“എററവും പുതുമയേറിയ എന്റെ ഇംഗ്ലണ്ട് സന്ദർശനകാലത്തു്” രാജകുടുംബത്തിലെ ഏതെങ്കിലും ഒരു അംഗവുമായി ഒരു അഭിമുഖസംഭാഷണത്തിനു ശ്രമിക്കയുണ്ടായില്ല, ഒരു പ്രഭുവിനെ നേരിട്ടു കാണുന്നതിനു പോലും ഉത്സാഹിക്കാതിരുന്ന ഞാൻ മാന്യമായി കരുതപ്പെടുന്ന ഇടത്തരക്കാരായ സ്ത്രീ പുരുഷന്മാരുമായിട്ടാണ് ഇടപഴകിയിരുന്നതു്. അവിടത്തെ ജനങ്ങളുടെ ജീവിതരീതികളുടെ ഉള്ളുകള്ളികൾ എനിക്ക

എന്നെക്കൊണ്ട് കണ്ടെത്തുവാൻ സാധിച്ചുവെന്ന് സാമാന്യമായിപ്പറയാം. അവരുടെ ഇടയിൽ ത്യാഗപൂർണ്ണങ്ങളായ പല ആചാരങ്ങളും ഉണ്ടെങ്കിലും ഭാരതീയരായ നമുക്ക് അവരിൽനിന്ന് പകർത്തുവാനും പഠിക്കുവാനും പലതുമുണ്ടെന്നു സമ്മതിക്കണം. ഇതുപോലെ ഗൌരവങ്ങളായ പല താത്വികാചാരങ്ങളിലുമുള്ള എന്റെ വിശ്വാസം പാശ്ചാത്യപരിഷ്കാരവുമായുള്ള എന്റെ ബന്ധത്തിലിൽ ഒരിക്കലും ഉലയാതെ ഒരു തികഞ്ഞ ഭാരതീയനായിട്ടാണ് ഞാൻ എന്റെ മാതൃഭൂമിയിൽ തിരിച്ചെത്തിയിട്ടുള്ളത്. എങ്കിലും ബ്രിട്ടീഷ് ജനതയെപ്പറ്റിയുള്ള എന്റെ മതിപ്പ് പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്."

ഭാരതം സംഭവബഹുലമായ ഒരു ഘട്ടത്തെ തരണം ചെയ്യുകയായിരുന്നു. സാമാന്യജനങ്ങൾക്കു ബ്രിട്ടന്റെ ന്യായബുദ്ധിയെയും സന്മനോഭാവത്തെയുംപ്പറ്റി ഉണ്ടായിരുന്ന വിശ്വാസം അടിയോടെ തകർക്കുന്ന പല സംഭവങ്ങളും ഇവിടെ നടന്നു. ബാലഗംഗാധര തിലകനെ അറസ്റ്റുചെയ്തു. അലി സഹോദരന്മാരെ തടങ്കലിലാക്കി. അനന്തരകാലത്ത് വമ്പിച്ച ദേശീയസമരങ്ങൾക്ക് വഴിതെളിച്ച ചില സംഭവങ്ങളായിരുന്നു ഇവ. ഭാരതീയ നേതാക്കന്മാർ ബ്രിട്ടനോട് ഒരു സമരമനോഭാവം സ്വീകരിക്കുവാൻ ഈ സംഭവങ്ങൾ ഇടയാക്കി. ജി. പി. ബ്രിട്ടീഷ് ജനതയെയും അവരുടെ ന്യായബുദ്ധിയെയും വിലമതിച്ചിരുന്ന ഒരാളായിരു

ന്നെങ്കിലും ഈ സംഭവങ്ങൾ അദ്ദേഹത്തിന്റെ വിശ്വാസത്തെയും ഇളക്കിയിരുന്നില്ല. ഇംഗ്ലണ്ടിൽനിന്നു വന്നതിനുശേഷം മദിരാശിയിൽവച്ചുചെയ്ത സുന്ദരമായ ഒരു പ്രസംഗത്തിൽ ആ മഹോത്സവത്തിന്റെ ലക്ഷണങ്ങളും സ്വഭാവങ്ങളും വിവരിച്ചതിങ്ങനെ:

"ലണ്ടനിലെ ജൂബിലി ആഘോഷങ്ങളിൽ പങ്കുകൊള്ളുവാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു എന്ന് നിങ്ങൾക്ക് അറിയാം. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്ന സൈന്യങ്ങൾ, അവരുടെ മഹാരാജ്ഞിയുടെ രാജ്യഭരണത്തിന്റെ അറുപതാമത്തെ വാർഷികം ആഘോഷിക്കുന്ന മംഗളവേളയിൽ, ആ മഹതിയെ അഭിമാനത്തോടുകൂടി അകമ്പടിസേവിച്ചപ്പോൾ ഞാൻ ലണ്ടനിലുണ്ടായിരുന്നു. പോർട്ട്സ്മത്ത് തുറമുഖത്ത് ബ്രിട്ടീഷ് യുദ്ധക്കപ്പലുകൾ നടത്തിയ ഇരുപതുമൈൽ നീളമുള്ള ഒരു നാവികപ്രദർശനവും ഞാൻ കണ്ടു. ആ നാവികസൈന്യം ലോകത്തിലെ മറ്റുനാവികസൈന്യത്തെയും അതിശയിക്കുന്നതാണ്. ഞാൻ ഫ്രാൻസും ഇറ്റലിയും സന്ദർശിച്ചു. ചില കാര്യങ്ങളിൽ ഫ്രഞ്ചുകാരും ഇറ്റാലിയരും ബ്രിട്ടീഷ്കാരെക്കാൾ മികച്ചവരാണ്. പക്ഷേ പ്രവർത്തനകൗശലത്തിലും അച്ചടക്കത്തിലും സൈനികാഭ്യാസത്തിലും ഭരണസാമർത്ഥ്യത്തിലും ശത്രുനിഗ്രഹണത്തിലുള്ള ക്രമപരിപാലനത്തിലും ഉദ്ദേശസിദ്ധിയിലുള്ള സ്ഥിരവ്രതത്തിലും ഒരു ദ്വീപവാസികളെ ജയിക്കുവാൻ അവർക്ക് സാദ്ധ്യമല്ല.

ഇംഗ്ലണ്ടിൽ ഞാൻ ചുരുങ്ങിയകാലംമാത്രമെ കഴിച്ചുള്ളു വെങ്കിലും അവിടത്തെ ജനസാമാന്യത്തിന്റെ സ്വഭാവവിശേഷങ്ങൾ ശരിയായി മനസ്സിലാക്കുവാനുള്ള സന്ദർഭങ്ങൾ എനിക്ക് ധാരാളം ലഭിച്ചു. തൽഫലമായി ഞാൻ ഇന്ത്യയിലേക്ക മടങ്ങിയതു് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മഹത്വത്തെയും പ്രതാപത്തെയും പററിയുള്ള ബഹുമാനത്തോടുകൂടിമാത്രമല്ല, ബ്രിട്ടീഷ് ജനതയുടെ സ്വാതന്ത്ര്യബുദ്ധിയെയും ന്യായനിഷ്ഠയെയും പററിയുള്ള നിസ്തുലമായ മതിപ്പോടുകൂടിയുമാണു്. ഇന്ത്യയിൽനിന്നു് ഇംഗ്ലണ്ടിലേക്കു ഞാൻ പുറപ്പെട്ടതിനു് മുമ്പും ബ്രിട്ടീഷ് സിംഹാസനത്തോടു് അചഞ്ചലമായ ഭക്തിയാണു് എനിക്കുണ്ടായിരുന്നതു്. ആ ഭക്തിയും ബഹുമാനവും കഴിവുള്ളേടത്തോളം ആ സന്ദർശനംകൊണ്ടു് കൂടുതൽ ദൃഢമാകുകയും ചെയ്തു. പക്ഷെ ഞാൻ ഇംഗ്ലണ്ടിലേക്കു് പോകുന്നതിനുമുമ്പു് ആരെങ്കിലും എന്നോടു പറഞ്ഞിരുന്നെങ്കിൽ എനിക്കു വിശ്വസിക്കുവാൻ സാധിക്കാത്തതായ പലതും അതിനിടയ്ക്കു ഇവിടെ നടന്നിട്ടുണ്ടു്. 'വിദ്വേഷം'* എന്ന വാക്കിനു് ഒരു ഇംഗ്ലീഷ് ന്യായാധിപൻ കൊടുത്ത വിചിത്രമായ വ്യാഖ്യാനത്തെ അടിസ്ഥാനമാക്കി ഒരു പത്രപ്രവർത്തകന്റെ മേൽ രാജദ്രോഹക്കുറ്റം ചുമത്തി അദ്ദേഹത്തെ തടവിലാക്കി. ഒരു മുന്നറിയിപ്പിന്റെ ഛായയെങ്കിലും നല്കാതെ, അദ്ദേഹത്തിന്റെ മേൽ ആരോപിതമായിരിക്കുന്ന കുററത്തിന്റെ ഒരു അവ്യക്തരൂപമെങ്കിലും കൊടുക്കാതെ ഒരു മാന്യപൗരനെ, തടവിലാക്ക

* Disaffection.

കയും അദ്ദേഹത്തിന്റെ വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു. ഇതൊന്നും അന്നു ഞാൻ പ്രതീക്ഷിക്കുകയുണ്ടായിരുന്നില്ല. പക്ഷേ ഇന്നു് എനിക്കതിനെ പറയാൻ സാധ്യമല്ല. ഇൻഡ്യാഗവർമ്മെന്റ് അവരുടെ തെറ്റു് മനസ്സിലാക്കുകയും അവരുടെ കഴിവില്ലായ്മയുടെ ദർശനീയമായ ഈ പ്രകടനംകൊണ്ടുണ്ടായിട്ടുള്ള സംഭവവികാസങ്ങളിൽനിന്നു് ഒരു പാഠം പഠിക്കുകയും ചെയ്തില്ലെങ്കിൽ എന്തുവരാനിരുന്നാലും ഇതുവരെയെങ്കിലും ഒരു വിചാരണപോലുംകൂടാതെ തടവിലടയ്ക്കപ്പെടുന്ന ഒരു സ്ഥിതിയാണു് ഉണ്ടാവുക. നാം ചെയ്തിട്ടുള്ള തെറ്റു് എന്തായിരിക്കുന്നു് കണ്ടുപിടിക്കുവാൻ നിഷ്ഫലമായ ശ്രമം നടത്തി നാം തടവിൽ കഴിയേണ്ടിവരും. മി: തിലകന്റെ സ്ഥിതിയിൽ ഞാൻ സഹതപിക്കുന്നു. പക്ഷേ അതിനേക്കാൾ എന്നെ അമ്പരപ്പിക്കുന്നതു് 'നാട്ടു' സഹോദരന്മാരുടെ തടങ്ങലാണു്. റാൻഡു് കൊലക്കേസിൽ ആ സഹോദരന്മാർ സഹായിക്കുകയോ സഹകരിക്കുകയോ ചെയ്തിട്ടുണ്ടെന്നു് ഗവൺമെന്റു് സംശയിക്കുന്നുണ്ടെങ്കിൽ അവരെ വിസ്തരിച്ചു ശിക്ഷിച്ചിടട്ടെ; ഗവർമ്മെന്റിനെതിരായി വല്ല ഗൂഢാലോചനയും നടത്തുകയോ ഇൻഡ്യയിലെ ബ്രിട്ടീഷ് അധികാരത്തെ തകിടംമറിക്കുവാനുള്ള എന്തെങ്കിലും ശ്രമത്തിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെമേൽ ആ കുറ്റം ചുമത്തി ആൻഡമാനിലേക്കു നാടുകടത്തിക്കൊള്ളട്ടെ; അവരുടെ പേരിൽ കുറ്റമെ

കിലും പരാതിയുണ്ടെങ്കിൽ അതെന്താണെന്ന വ്യക്തമായി പ്രഖ്യാപിച്ച് വേണ്ട നടപടികൾ——അവ എത്ര കർശനമായിരുന്നാലും——എടുക്കട്ടെ. നമുക്ക് അത് മനസ്സിലാക്കാൻ സാധിക്കും. പക്ഷെ അവരെ അകാരണമായി അറസ്റ്റുചെയ്യുക, കേവലം സംശയത്തെ ആസ്പദമാക്കി ജയിലിലടയ്ക്കുക, യാതൊരു മുന്നറിവും കൊടുക്കാതെ വീട്ടിൽനിന്നും നാട്ടിൽനിന്നും അകററുക, അവരുടെ മേൽ ആരോപിതമായിരിക്കുന്ന കുററമെന്താണെന്ന് അറിയാനും അവരുടെ ഭാഗം പറയുവാനും അവർക്കു സൌകര്യം നൽകാതിരിക്കുക, മുതലായവയെല്ലാം ബ്രിട്ടീഷ് ജനതയുടെതന്നെ സൽപ്പേരിന് തീരാക്കളങ്കം ചേർക്കുന്ന പ്രവൃത്തികളാണ്. 'മാഗ്നാ കാർട്ടാ'യിലും 'ഹേബിയസ് കോർപ്പസ് ആക്ടി'ലും' പടുത്തുകെട്ടി പൊതുജനങ്ങളുടെ പിന്തുണയിൽ ഊട്ടിയുറപ്പിച്ചിട്ടുള്ള മഹത്തായ ഒരു സാമ്രാജ്യത്തിന്റെ പാരമ്പര്യത്തിന് തീരെ യോജിക്കാത്ത ചെയ്തികളാണ് ഇവയെല്ലാം."

൧൯൪൦–ൽ "ഇൻഡ്യൻ കോൺഗ്രസ്സ്മെൻ" എന്ന മനോഹര ഗ്രന്ഥവും ജി. പി. പ്രസിദ്ധപ്പെടുത്തി. അന്നത്തെ പ്രമുഖകോൺഗ്രസ്സ്നേതാക്കന്മാരുടെ തൂലികാചിത്രങ്ങളുടെ ഒരു സമാഹാരമായിരുന്നു അത്. ആദ്യം അവ ഓരോന്നായി "മദ്രാസ് സ്റ്റാൻഡാർഡി"ൽ ആവിർഭവിച്ചിരുന്നു. തന്റെ മരണംവരെയും ബൊംബെയിലെ അനഭിഷിക്തചക്രവർത്തിയായിരുന്ന സർ

ഫെറോസ്ഷാ മേത്തായുടെ തൂലികാചിത്രം പ്രകാശിതമായപ്പോൾ ആ പ്രമുഖനേതാവ് ജി. പി. ക്ക് അയച്ച കത്താണിത്:

കൽക്കട്ടാ,

൩൧, മാർച്ച് ൧൯.

എന്റെ പ്രിയപ്പെട്ട മി. പിള്ളെ,

കേവലം സാധാരണക്കാരായ മനുഷ്യരെ തന്റെ വിദഗ്ദ്ധമായ തൂലികാചലനത്താൽ അപൂർവ്വഗുണങ്ങളാൽ തിളങ്ങിയ മഹാമൂർത്തികളാക്കുന്ന ആ അസാധാരണ കലാകാരൻ ആരാണെന്ന് ഞാൻ ഇപ്പോൾ അറിഞ്ഞു. നിങ്ങൾ രചിച്ചിരിക്കുന്ന എന്റെ ചിത്രം ഒരു കലാസൃഷ്ടിമാത്രമല്ല, ഒരു യഥാർത്ഥ ചിത്രീകരണം കൂടി ആയിരുന്നാൽ നന്നായിരുന്നേനെ എന്ന് ഞാൻ ആശിക്കുന്നു. പക്ഷെ പ്രകൃതി കുറെക്കൂടി കാരുണ്യവതിയായി തന്റെ കർമ്മത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ ഇതിലും മെച്ചമായ ഒരു സൃഷ്ടി ചെയ്യാൻ അവൾക്കു സാധിക്കുമായിരുന്നു എന്നുവിശ്വസിച്ചുപോകുന്നതു് മനുഷ്യന്റെ സഹജമായ ഒരു ബലഹീനതയാണ്. കലാകാരന്റെ സൃഷ്ടി യാഥാർത്ഥ്യത്തിന്റെ പകർപ്പാണെന്നു വിശ്വസിക്കുവാൻ മാത്രം വിഡ്ഢിത്തം എനിക്കില്ല. പക്ഷെ ആ ചിത്രീകരണത്തിൽ കുറവുകളുടെനേരെ കണ്ണടയ്ക്കുവാനും ഗുണങ്ങളെ പർവ്വതീകരിക്കുവാനും പ്രേരിപ്പിച്ച സൗമനസ്യം എന്റെ ഹൃദയതന്ത്രികളെ സ്പർശിച്ചു. അതു കൊണ്ടു് നിങ്ങൾ എല്ലായ്പ്പോഴും എന്നോടു കാണിച്ചി



സർ ഫെറോസ് ഷാ മെഹ്താ

ട്ടുള്ള ആ സൗഹൃദത്തിനു് ഹൃദയംഗമമായി കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ. വലിയ ആർഭാടങ്ങളൊന്നും കൂടാതെ ആ സ്നേഹം ഞാൻ അങ്ങോട്ടും കാണിച്ചിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം.

വ്യക്തമായി ചിത്രീകരിച്ചിരിക്കുന്ന ആ വിഷയനിർണ്ണയങ്ങളെറിയാലം നിങ്ങൾ എത്ര ഭംഗിയായി ഓർമ്മിക്കുന്നു!

സൌഹൃദപുരസ്സരം,
നിങ്ങളുടെ,
ഫിറോസ്ഷാ എം. മേത്താ.

൧൮൯൬ മെയ് ൨൭-ാം തീയതി ആനന്ദമോഹന ബോസ് ഡാർജിലിങ്ങിൽനിന്നു് ജി. പി.ക്കു് അയച്ച കത്തിലും ആത്മാർത്ഥത തുളുമ്പുന്ന അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിരുന്നു:

“എനിക്കു് അയച്ചുതന്ന ‘ഇൻഡ്യൻ കോൺഗ്രസ്സ്മെൻ’ എന്ന പുസ്തകത്തിനു് നന്ദി. ‘ഒരു അപ്രസിദ്ധ കോൺഗ്രസ്സ്കാര’ന്റെ അനുഗൃഹീതതൂലികയിൽ നിന്നും ‘മദ്രാസ് സ്റ്റാൻഡാർഡി’ൽ പ്രത്യക്ഷപ്പെട്ടിരുന്ന ആ തൂലികാചിത്രങ്ങൾ ഞാൻ മുമ്പുതന്നെ വായിച്ചിരുന്നു. പക്ഷേ ആ തൂലികാചിത്രങ്ങൾ ഇങ്ങനെ ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തിയതിൽ ആ ‘അപ്രസിദ്ധ കോൺഗ്രസ്സ്കാരനു’വേണ്ടിയും ഒരു സാധാരണ കോൺ

* ‘ഒരു അപ്രസിദ്ധ കോൺഗ്രസ്സുകാരൻ’ എന്ന തൂലികാനാമത്തിൽ ‘‘ഇൻഡ്യൻ കോൺഗ്രസ്സ്മെൻ’’ എന്നൊരു ലേഖനപരമ്പര ‘‘സ്റ്റാൻഡാർഡി’’ൽ ജി. പി. പ്രസിദ്ധീകരിച്ചിരുന്നു.

ഗ്രസ്സുകാർക്കുവേണ്ടിയും ഇൻഡ്യയിലെ ജനസാമാന്യത്തിനുവേണ്ടിയും അളവററ സന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ! ഈ ചിത്രങ്ങളിൽ നിങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന വർണ്ണനാപാടവവും ചിത്രീകരണകൗശലവും സൂക്ഷ്മനിരീക്ഷണവും വിജ്ഞാനവും അത്ഭുതാവഹം തന്നെ. ആരോടെങ്കിലും അസൂയതോന്നുന്നതു് ശരിയാണെങ്കിൽ എനിക്കു് നിങ്ങളോടു് അസൂയതോന്നുവാൻ വേണ്ട പ്രേരണ അതിലുണ്ടു്. പക്ഷേ ആ പ്രേരണയ്ക്കു് ഞാൻ വശംവദനാകാൻ പാടില്ല. ഈ രാജ്യത്തിനു് നിങ്ങളുടെ പ്രസംഗപാടവംകൊണ്ടും തൂലികകൊണ്ടും ജീവിതംകൊണ്ടും ത്യാഗംകൊണ്ടും നെടുനാൾ സേവനമനുഷ്ഠിക്കുവാൻ ഇടയാകട്ടെ എന്നു് ഞാൻ ആശംസിക്കുന്നു."

൬. "സ്റ്റാൻഡാർഡ്" മാനനഷ്ടക്കേസ്

ജി. പി. യുടെ പത്രപ്രവർത്തനകാലത്തിൽ "മദ്രാസ് സ്റ്റാൻഡാർഡ്" ജനസമ്മതിയിലും അന്തസ്സിലും ദിനംപ്രതി വളർന്നുവന്നു. പക്ഷേ മുഖം നോക്കാതെയുള്ള അദ്ദേഹത്തിന്റെ വിമർശനരീതിയും നിർദ്ദാക്ഷിണ്യമായ അഭിപ്രായപ്രകടനങ്ങളും ചില ശത്രുക്കളെയും സമ്പാദിക്കാതിരുന്നില്ല. മദിരാശിയിൽ ചില ഉയർന്ന സ്ഥാനങ്ങളിലിരുന്ന പ്രമുഖ വ്യക്തികൾ ജി. പി. യെ ക്രമാതീതമായി വെറുത്തു. അവരുടെ സ്വഭാവ വൈകല്യങ്ങൾ ജി. പി. യുടെ വിമർശനത്തിനു് നിരന്തരലക്ഷ്യങ്ങളായിരുന്നു. അക്കൂട്ടത്തിൽ പ്രമുഖനായിരുന്നു അന്നു് ഇന്ത്യയിലെ അഭിഭാഷകന്മാരുടെ മുന്നണിയിൽ നിന്നിരുന്ന സർ. വി. ഭാഷ്യം അയ്യങ്കാർ. ജി. പി. യും അദ്ദേഹത്തിന്റെ വിരോധികളും തമ്മിലുള്ള സമരത്തിനു് ഒരു രൂപം കൊടുത്തതു് സർ. ഭാഷ്യമാണു്. "സ്റ്റാൻഡാർഡി"ലെ ഒരു മുഖപ്രസംഗത്തിൽ സർ ഭാഷ്യം ഗവൺമെന്റ് പ്ലീഡറായ നിലയിൽ പക്ഷപാതം കാണിക്കുന്ന ആളാണെന്നു് എഴുതിയിരുന്നു. ആ കാരണത്താലും ചില വ്യക്തികളുടെ പ്രേരണയാലും പത്രാധിപരുടെ പേരിൽ സർ ഭാഷ്യം ഒരു മാനനഷ്ടക്കേസ് കൊടുത്തു.

കേസ് സമാധാനത്തിൽ തീർക്കുവാൻ ചില സുഹൃത്തുക്കൾ ഒരു ശ്രമം നടത്തുകയും അവരുടെ പ്രേരണക്കു് ജി. പി. വഴിപ്പെടുകയുംചെയ്തു. അതോടുംതന്നെ

ജി. പി. ക്ക് ശുഭസൂചകമായ വിശേഷമൊന്നുമില്ലായിരുന്നതിനാൽ സർ. മാധവ്യരെപ്പറ്റിയുണ്ടായിരുന്ന അപമാനകരമായ പരാമർശം പിൻവലിച്ച് അദ്ദേഹം ഒരു ക്ഷമാപണം പ്രസിദ്ധപ്പെടുത്തി. ഇതോടുകൂടി ഈ കേസ് അവസാനിക്കുമെന്ന് പലരും പ്രതീക്ഷിച്ചു.

'ഇതുപോലെയുള്ള വിഷയങ്ങൾ ഏതൊരു പത്രാധിപർക്കും വരാവുന്നതാണ്. തീർച്ചയായും നിങ്ങളുടെ ക്ഷമാപണത്തിനുശേഷം കേസ് പിൻവലിക്കപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നു. സ്നേഹിതന്മാർ ശ്രമിച്ചാൽ ഈ കാര്യം അങ്ങിനെ അവസാനിപ്പിക്കുവാനും കേസുതുടർന്നുപോകുകയാണെങ്കിൽ ഉണ്ടായേക്കാവുന്ന അസുഖങ്ങൾകൂടാതെ കഴിക്കാനും സാധിക്കും,' എന്ന് അന്ന് ആനന്ദമോഹനബോസ് ജി. പി. ക്ക് എഴുതുകയുണ്ടായി. പക്ഷെ ഒരു രാജിക്കുവേണ്ടിയുള്ള സകല ശ്രമങ്ങളേയും അവഗണിച്ച് സർ മാധവ്യം കേസ് നടത്തുകയും ജി. പി. പരാജിതനാവുകയും പിഴയൊടുക്കേണ്ടിവരികയും ചെയ്തു. കോടതിയിൽ പരാജിതനായെങ്കിലും പൊതുജനദൃഷ്ടിയിൽ ജി. പി. യുടെ നില ഉയരുകയാണ് ചെയ്തുള്ളൂ. കൽക്കത്തായിലെ "പേട്രിയൻഡ് ഗാർഡിയൻ" പത്രം ആ ശിക്ഷയെപ്പറ്റി ഇങ്ങനെ ഒരു കുറിപ്പെഴുതി:

'കേസ് മി: മാധവ്യം അയ്യർക്ക് അനുകൂലമായി തീരുമാനിക്കപ്പെട്ടു കഴിഞ്ഞു. പക്ഷെ ആ ക്ഷമാപണത്തിനു ശേഷമുണ്ടായിരുന്നതിൽ നിന്ന് അദ്ദേഹത്തെ

പ്പററി പൊതുജനങ്ങളുടെ ഇടയിലുള്ള മതിപ്പ് തെല്ലെ ങ്കിലും കൂടിയിട്ടുണ്ടോ എന്ന് ആഗ്രഹത്തോടു ചോദി ക്കേണ്ടിയിരിക്കുന്നു. കേസ് പ്രതികൂലമായി വിധി ച്ചതുകൊണ്ട് ആ പത്രാധിപർക്ക് ജനസാമാന്യത്തി ന്റെ ഇടയിലുള്ള പ്രശസ്തി ലവലേശമെങ്കിലും നഷ്ട പ്പെട്ടിട്ടുണ്ടോ? തന്നെയുമല്ല, ഒരു പൊതുപ്രവർത്തക നെന്നഭിമാനിക്കുന്ന മി: അയ്യർ പരസ്യമായുള്ള വിമർശനങ്ങളെ അഭിമുഖീകരിക്കുവാൻ തയ്യാറാവുക യില്ല എന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ഞങ്ങളുടെ സഹജീവി നൽകിയ ആക്ഷേപണം അദ്ദേഹ ത്തിന്റെ സ്വഭാവത്തിന് ഒരു നിർദ്ദോഷപത്രമായി രുന്നു. അത് ഉത്തമ വിശ്വാസത്തോടുകൂടി സ്വീകരി ക്കുകയായിരുന്നു മി: അയ്യർ ചെയ്യേണ്ടത്. തന്റെ നില സുരക്ഷിതമാക്കുവാൻ അദ്ദേഹം അവലംബിച്ച മാർഗ്ഗത്തെക്കാൾ അത് എത്രയോ അഭിമാനകരമായി രിക്കുമായിരുന്നു! ഞങ്ങളുടെ സഹജീവി അദ്ദേഹത്തി ന്റെ പേരിൽ കൊണ്ടുവന്ന ആരോപണങ്ങളും അദ്ദേ ഹം അവലംബിച്ച നടപടിയെ അർഹിക്കത്തക്ക വണ്ണം ഗൗരവാവഹങ്ങളല്ല. കഴിഞ്ഞ ആറു കൊല്ലക്കാ ലമായി ആ പത്രത്തിന്റെ വിമർശനങ്ങളും അദ്ദേഹ ത്തിന്റെ നിലയ്ക്ക് കോട്ടം വരുത്തിയിട്ടില്ലെങ്കിൽ ഈ കേസിനു കാരണമായ ലേഖനവും അദ്ദേഹത്തെപ്പ ററിയുള്ള പൊതുജനാഭിപ്രായത്തെ ബാധിക്കുകയില്ല. നമ്മുടെ പൊതു പ്രവർത്തകന്മാരുടെയിടയ്ക്ക് ഒരു പിളർപ്പു ണ്ടായിക്കാണാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. നാം ഒരു വി ഷമഘട്ടം തരണം ചെയ്യുകയാണ്. ഈ അവസരത്തിൽ

നമ്മുടെ അണിയിൽ പിളർപ്പുണ്ടാക്കുന്ന പ്രതികാരേച്ഛ നമ്മുടെ ഇടയിൽ കടന്നുകൂടുകയാണെങ്കിൽ അതു് കണ്ടു കണ്ണുചിമ്മുവാൻ നമുക്കു സാധ്യമല്ല. ഞങ്ങളുടെ സഹജീവിയുടെ ക്ഷമാപണം സ്വീകരിക്കുകയും അങ്ങിനെ ആ സംഗതി അവസാനിപ്പിക്കുകയും ചെയ്യുക എന്ന ബുദ്ധിപൂർവ്വവും അഭിമാനകരവുമായ മാർഗ്ഗമാണു് മി: ഘോഷും അവലംബിച്ചിരുന്നതെങ്കിൽ ഞങ്ങൾ സന്തോഷിക്കുമായിരുന്നു."

മറ്റു ചില പത്രങ്ങളുടെ അഭിപ്രായങ്ങളും ശ്രദ്ധേയങ്ങളാണു്:

" 'മദ്രാസ് സ്റ്റാൻഡാർഡി'നെപ്പറ്റി വളരെ നല്ല ഒരു അഭിപ്രായമാണു് ഞങ്ങൾക്കുള്ളതു്. ഞങ്ങളുടെ ആ സഹജീവി ആ പ്രവിശ്യയിലെ പ്രമുഖവ്യക്തിയെപ്പറ്റി ഉത്തരവാദപരമായി എന്തെങ്കിലും എഴുതിയെന്നു് ഞങ്ങൾക്കു വിശ്വസിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് അതിന്റെ പത്രാധിപരുടെമേൽ പിഴ ചുമത്തി വിധിയുണ്ടായതിൽ ഞങ്ങൾക്കു് ഖേദമുണ്ടു്."

"അമൃതബസാർ പത്രിക"

" 'മദ്രാസ് സ്റ്റാൻഡാർഡ്' മാനനഷ്ടക്കേസിന്റെ തീരുമാനത്തിൽ ആരെയാണു് അഭിനന്ദിക്കേണ്ടതു്? ഞങ്ങൾക്കു കാണാൻ കഴിയുന്നിടത്തോളം ആ അഭിനന്ദനത്തിനു് അർഹർ ഞങ്ങളുടെ വിത്തം കിട്ടിയ അഭിഭാഷകന്മാരും പിഴ ഈടാക്കിയ ഗവർമെന്റുമാണു്. പ്രതി തന്റെ തെറ്റു സമ്മതിച്ചു് ക്ഷമായാചനം ചെ

യിരുന്ന സമിതികൾ ഒരു വിധി സമ്പാദിച്ചു എന്ന ഒരു സമാധാനത്തിൽ കവിഞ്ഞു് ഒന്നും വാദികൾ ഇതുകൊണ്ടു സാധിച്ചിട്ടില്ല. അങ്ങിനെ ഒരു സമാധാനത്തിന്നുവേണ്ടി ഒരു വലിയവിലയാണ കൊടുക്കേണ്ടിവന്നതും. പൊതുജനങ്ങൾക്കു് അദ്ദേഹത്തിൻെറ മഹാമനസ്കതയെപ്പററിയുള്ള മതിപ്പു് വളരെയധികം കുറഞ്ഞുപോയി. ഒരുവൻ സ്വയംപ്രേരിപ്പിക്കുന്ന ഒരു ശിക്ഷയാണു് ക്ഷമാപണം. അതുകൊണ്ടു് പരാതിക്കാരൻെറ സ്വഭാവത്തെപ്പററിയുള്ള സംശയങ്ങളും ആശങ്കയും അതിൻെറ സ്വീകരണംകൊണ്ടു് ആ സ്വഭാവം ഔന്നത്യത്തിൽ നിന്നു് ഔന്നത്യത്തിലേക്കു് പുരോഗമിക്കുകയുമാണ ചെയ്യുന്നതു്. ശേഷി തലമുറയുടെ മാനസികസ്ഥിതി നമ്മുടെ നേതാക്കന്മാരുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്നുണ്ടു്. ഇപ്രകാരം വളരുന്ന ഒരു സായാഹ്നത്തിലെ ചൂടിൽ ഇരുന്നുകൊണ്ടു് ഘടിപ്പിച്ചു ചില വാക്കുകൾക്കു് നൽകിയ വ്യാഖ്യാനം ഒരു പത്രാധിപരെ നിയമത്തിൻെറ പിടിക്കുള്ളിൽ പെടുത്തിയതുകൊണ്ടു മാത്രം സ്റ്റാൻഡാർഡിൻെറ നിസ്തുല്യസേവനത്തെ അഭിനന്ദിക്കുന്ന യുവലോകത്തിൻെറ ശ്രദ്ധയിൽ ആ പത്രത്തിനു് യാതൊരു വിധത്തിലുമുള്ള അധഃപതനം സംഭവിക്കുമെന്നു ഞങ്ങൾക്കു ശങ്കയില്ല.”

(ഇൻഡ്യൻ സോഷ്യൽറിഫോർമർ, ബോംബെ.)

മാനനഷ്ടക്കേസിൽ തനിക്കു പ്രതികൂലമായുണ്ടായ തീരുമാനം ജി. പി. യെ കണക്കിലധികം വേദനി

പ്പിച്ചു. തന്റെ പ്രതിയോഗികളെ അവരുടെ അടവിൽതന്നെ മടക്കണമെന്നു് അദ്ദേഹം തീർച്ചപ്പെടുത്തുകയും അതിനുവേണ്ടി നിയമം പഠിച്ചു് ഒരു അഭിഭാഷകനാകുവാൻ അദ്ദേഹം തീരുമാനിക്കുകയുംചെയ്തു. "എന്റെ വിഷമതകളെപ്പറ്റി ചിന്തിക്കേണ്ട. ഞാൻ ഇവയെല്ലാം അതിജീവിച്ചു് വിജയം നേടുകതന്നെ ചെയ്യും," എന്നായിരുന്നു സഹതാപം പ്രകടിപ്പിച്ച ഒരു സുഹൃത്തിനു് ആ സമരപ്രിയൻ കൊടുത്ത മറുപടി. ഇങ്ങനെയുള്ള ഒരു അചഞ്ചല മനസ്ഥിതിയോടുകൂടിയാണു് ഏതാനും സംവത്സരങ്ങൾക്കുശേഷം നിയമപഠനത്തിനായി അദ്ദേഹം ഇംഗ്ലണ്ടിലേക്കു് കപ്പൽ കയറിയതു്.



൮. ജി. പി. വീണ്ടും ഇംഗ്ലണ്ടിൽ

ജി. പി. ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടിയ മൂന്നു സംവത്സരം പ്രവർത്തനബാഹുല്യമായ ഒരു കാലഘട്ടമായിരുന്നു. ഇംഗ്ലണ്ടിലെത്തിയപ്പോൾ അദ്ദേഹത്തിന് സ്വന്തമായി പറയത്തക്ക സ്വത്തൊന്നുമില്ലായിരുന്നു എന്നു മാത്രമല്ല ഇൻഡ്യയിൽനിന്നു സാമ്പത്തികമായ എന്തെങ്കിലും സഹായം ലഭിക്കുമെന്ന് നേരിയ ഒരു പ്രതീക്ഷപോലുമുണ്ടായിരുന്നുമില്ല. അദ്ദേഹം തന്റെ ലണ്ടൻ ജീവിതം നയിച്ചതു മുഖ്യമായി പത്രങ്ങൾക്ക് കൊടുത്തിരുന്ന ലേഖനങ്ങളിൽ നിന്നുള്ള ആദായം കൊണ്ടായിരുന്നു. ലണ്ടനിൽ എത്തി അധികം കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹം 'യൂണിവേഴ്സൽ മാഗസിനി'ൽ 'ലണ്ടനിൽ ഇരുപത്തൊന്നു ദിവസവും ബോട്ടിൽ ഒരു ദിവസവും' എന്ന ശീർഷകത്തിൽ ഒരു ലേഖനപരമ്പര എഴുതിത്തുടങ്ങി. 'പഞ്ചി'ന്റെ ഹാസ്യചിത്രകാരനായിരുന്ന ഡഡ്‌ലി ഹാർഡി വരച്ച ചിത്രങ്ങൾ ആ ലേഖനങ്ങളെ അലങ്കരിച്ചിരുന്നു. ഇക്കാലത്തു 'ഇംപീരിയൽ ആൻഡ് കൊളോണിയൽ മാഗസിൻ' "പീയേഴ്സൺസ് മാഗസിൻ," "ഏഷ്യാറ്റിക് ക്വാർട്ടർലി റിവ്യൂ," "ദി വീക്ക് എൻഡ്", "ദി റിവ്യൂ ഓഫ് ദി വീക്ക," "ദി സ്ഫിയർ," "ദി ന്യൂഏജ്", "ദി മോർണിംഗ് സ്റ്റാർ" തുടങ്ങിയ പത്രങ്ങളിലും മാസപ്പത്രികകളിലും അദ്ദേഹം ലേഖനങ്ങളെഴുതിയിരുന്നു. ഈ ലേഖനങ്ങളെപ്പറ്റിയുള്ള അഭിനന്ദനങ്ങൾ പല ബ്രിട്ടീഷ്

പത്രങ്ങളിലും പ്രത്യക്ഷപ്പെട്ട അദ്ദേഹത്തിന്റെ "ലണ്ടനിൽ ഇരുപത്തൊന്നു ദിവസം" എന്ന ലേഖനപരമ്പര തുടർച്ചയായി "യൂനിവേഴ്സൽ മാഗസിനി"ൽ പ്രസിദ്ധീകൃതമായശേഷം മററു പല പത്രങ്ങളും അതു പകർത്തിത്തുടങ്ങി. ഇംഗ്ലണ്ടിലെ വിചിത്രമായ ശീതോഷ്ണാവസ്ഥയെപ്പററിയുള്ള ഒരു ഭാഗം "മാഞ്ചസ്റ്റർ സിററി ന്യൂസ്" എന്ന പത്രത്തിൽ ഉദ്ധരിച്ചിരുന്നതിങ്ങനെയാണ്:

"വിചിത്രമായ ഇംഗ്ലീഷ് കാലാവസ്ഥയെപ്പററി രസകരങ്ങളായ ചില വിവരണങ്ങൾ "യൂനിവേഴ്സൽ മാഗസിനി"ൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നു. ഒരു വിദേശിയുടെ അനുഭവങ്ങൾ മി: ജി. പി. പിള്ള ഫലിതമയമായി വിവരിച്ചിരിക്കുകയാണ്:

'ഇപ്പോൾ ശീതകാലമാണ്. അധികം താമസിയാതെ വേനലാകും. ഇപ്പോൾ ഉണർന്നെഴുന്നേല്ക്കുമ്പോഴേക്ക് ഇരുട്ടിത്തുടങ്ങുകയായി. കാപ്പി കഴിഞ്ഞാൽ ഉറങ്ങാൻ കിടക്കുമ്പോൾ നേരം വെളുത്തുതുടങ്ങും. ഇപ്പോൾ സൂര്യോദയത്തിനു മുമ്പുതന്നെ ദിവസം ആരംഭിച്ചുകഴിയും; കാപ്പികഴിഞ്ഞാൽ ഇരുട്ടുന്നതിനുമുമ്പു രാത്രിയും. ശീതകാലത്തു് രാവിലെ എട്ടുമണിക്കുമുമ്പ് പ്രകാശം പരക്കുകയില്ല; വൈകുന്നേരം നാലുമണിക്കുമുമ്പുതന്നെ ഇരുട്ട് വ്യാപിക്കുകയും ചെയ്യും. വേനലായാൽ നേരം പുലരുന്നതു് മൂന്നുമണിക്കും ഇരുട്ടുന്നതു് രാത്രി പത്തുമണിക്കുമാണ്. ഇപ്പോൾ ശീതകാലമാണ്. ഇപ്പോൾ തൊഴി

ലാളിത്യം വ്യാപാരിയും ഉദ്യോഗസ്ഥനും മററും തങ്ങളുടെ ഭാര്യമാരെ പകൽ കാണുന്നതു് ഞായറാഴ്ച മാത്രമാണു്. അവരുടെ കുട്ടികളെ ഉറക്കറയിൽവെച്ചു മാത്രമേ കാണാവുള്ളൂ. ലണ്ടൻ നഗരം അന്ധകാരത്തിൽ ആണ്ടിരിക്കുകയാണു്. സൂര്യൻപോലും ഇളവെടുത്തു വിശ്രമിക്കുകയാണോ എന്നു തോന്നും. വല്ലെ വിരളമായി സൂര്യബിംബം ഒളിഞ്ഞു നോക്കാറുണ്ടു്. ഇന്ത്യയിലാണെങ്കിൽ ഒരുവേള അസഹ്യകരമായിരിക്കാവുന്ന സൂര്യദർശനം ഇവിടെ എത്ര പ്രിയകരമാണെന്നു് ഊഹിപ്പാനാണു് മനസ്സിലാവുക. പക്ഷെ മരംകോച്ചുന്ന ഈ തണുപ്പിൽ സൂര്യൻ കേവലം നിഷ്പ്രഭനായിരിപ്പാകുന്നു. ഒരു ഇംഗ്ലീഷ്കാരന്റെ വേഷവിധാനത്തിന്റെ ആവശ്യം നമുക്കു് ഇവിടെ ശരിയായി മനസ്സിലാകും; അണ്ടർഷർട്ടും കോട്ടും ഓവർകോട്ടും ഇട്ടാലും കയ്യും കാലും കൂടി മൂടിപ്പൊതിയുന്നതും എന്തിനെന്നു് നമുക്കു് അറിയാറാകും. ഇതെല്ലാമുണ്ടെങ്കിലും തണുപ്പിൽനിന്നു് രക്ഷ പ്രാപിക്കുവാൻ പിന്നെയും എന്തെങ്കിലുംകൂടി ധരിപ്പാൽ കൊള്ളാമെന്നു് നമുക്കു തോന്നിപ്പോകും. പക്ഷെ അതുകൊണ്ടും തണുപ്പിനു് കുറവുണ്ടാകയില്ല. കുറെ ദൂരം അതിവേഗത്തിൽ നടന്നാൽ തണുപ്പിനു് അല്പം ശമനമുണ്ടായേക്കുമെന്നു തോന്നും. പക്ഷെ അതുകൊണ്ടും വലിയ പ്രയോജനമൊന്നുമില്ല. കാൽവിരലുകളിൽ ഒരു പ്രത്യേകത അനുഭവപ്പെട്ടുതുടങ്ങും. ഒടുവിൽ നമ്മുടെ കാൽവിരലുകൾ മുഴുവൻ നഷ്ടപ്പെട്ടുപോയോ എന്നുപോലും സംശയമുണ്ടാകും. അടിപ്പിനാറിഞ്ഞു ചെല്ലു

നോവാം മാത്രമേ ഒരു തോന്നൽ ഉണ്ടാകയുള്ളൂ. കൈവിരലുകൾ വേദനിച്ചുതുടങ്ങും. ശരിയായി ഹസ്താവരണങ്ങളണിഞ്ഞിട്ടുണ്ടെങ്കിലും ആ വേദന വർദ്ധിച്ചുവരും. കൈകൊണ്ട് കടലാസുപോലും പിടിക്കുവാൻ സാധിക്കാതെയാകും. ചെവികൾ ആദ്യം വിളർത്തു ക്രമേണ ചുവന്ന് ഇരുണ്ടനിറമായും മാറും. ഇതെല്ലാം നാം ധൈര്യത്തോടെ സഹിക്കണം. അതാ, നിങ്ങളുടെ അടുത്തു ചേർന്നു നടക്കുന്ന ആ യുവതിയെ നോക്കൂ! അവൾ മുന്നോട്ട് കുതിച്ച് ചാടിത്തുടങ്ങി! അവളുടെ കാൽവിരലുകളിൽ ഒരു അസുഖകരമായ അനുഭവം അവൾക്കുണ്ടായതാണ് കാരണം. അതാ, ആ കാബ്‌വണ്ടിക്കാരൻ തന്നത്താൻ മാറത്തലയ്ക്കുന്നതു കണ്ടില്ലേ? അയാൾ ആത്മഹത്യയ്ക്കു ശ്രമിക്കയല്ല; അയാളുടെ വിരലുകളുടെ മരപ്പ് കളയാനുള്ള പ്രയത്നമാണതു"."

ജി. പി. ഇംഗ്ലണ്ടിൽ നിയമപരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരുന്നപ്പോൾത്തന്നെ തന്റെ മാതൃഭൂമിക്ക് വലിയ ഒരു സേവനം അനുഷ്ഠിക്കേണ്ടതായിവന്നു. ബ്രിട്ടീഷ് കോൺഗ്രസ്‌കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പ്രസംഗപര്യടനം നടത്തി ബ്രിട്ടീഷ്ജനതയ്ക്ക് ഇന്ത്യയെയും ഇന്ത്യയുടെ അടിയന്തിരാവശ്യങ്ങളെയുംപറ്റി ഒരു സാമാന്യജ്ഞാനം ഉണ്ടാക്കുവാൻ അദ്ദേഹം ശ്രമിച്ചു. ഇംഗ്ലണ്ടിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി കൽക്കത്തായിലെ "ബംഗാളി" പത്രം എഴുതിയ കുറിപ്പ് ഇങ്ങനെയാണ്:

"മി: പിള്ളയുടെ നാവ് അദ്ദേഹത്തിന്റെ തൂലികപോലെതന്നെ കാറവാളികളുടെയും മർദ്ദകന്മാരുടെയും നേരെ സ്വതന്ത്രമായി പ്രയോഗിക്കാൻ പര്യാപ്തമായ ഒരായുധമാണെന്ന് ഇംഗ്ലണ്ടിൽ പല സ്ഥലങ്ങളിലും വെച്ച് തെളിയിക്കപ്പെട്ടുകഴിഞ്ഞു. മി: കെയിനുമൊന്നിച്ച് കോൺവാൾപ്രദേശത്ത് വിപുലവും വിജയകരവുമായ ഒരു പര്യടനം അദ്ദേഹം നടത്തി. ലങ്കാഷയറിലെ ഒരു നീണ്ട പര്യടനത്തിനുശേഷം അദ്ദേഹം മടങ്ങിയെത്തിയതേയുള്ളു. അദ്ദേഹം ചെന്ന ഇടങ്ങളിലെല്ലാം ഹൃദയംഗമമായ സ്വീകരണമാണ് ലഭിച്ചത്. ഭാരതീയരും തങ്ങളെപ്പോലെതന്നെ രക്തവും മാംസവുംകൊണ്ടുണ്ടാക്കപ്പെട്ടവരാണെന്നും പരിഷ്കാരത്തിന്റെ പൂർണ്ണാവകാശികളെന്നുള്ള മിഥ്യാഭ്രമം പുലർത്തുന്ന തങ്ങളെപ്പോലെതന്നെ ഭാരതീയരും വികാരങ്ങൾക്കും വിചാരങ്ങൾക്കും അധീനരാണെന്നുമുള്ള ബോധം ബ്രിട്ടീഷ്കാരുടെ ഉള്ളിൽ കടത്തുകയെന്ന ഒരു മഹൽകൃത്യമാണ് ജി. പി. ചെയ്തത്".[9]

"ഇൻഡ്യൻമിറർ" പത്രത്തിന്റെ ലണ്ടൻ ലേഖകൻ ജി. പി. യുടെ ലങ്കാഷയർ പര്യടനത്തെപ്പറ്റി തന്റെ പത്രത്തിലെഴുതിയതിങ്ങനെയായിരുന്നു:

"ഈ പര്യടനം പത്തൊൻപതുദിവസം നീണ്ടുനിന്നു. അതിനിടയ്ക്ക് അദ്ദേഹം പതിനഞ്ചുയോഗങ്ങളിൽ പ്രസംഗിച്ചു. തന്റെ ആരോപണങ്ങളെ വിവരിച്ച് മി: പിള്ള തന്റെ മാതൃഭൂമിക്ക് വലിയ ഒരു

സേവനമാണ് അനുഷ്ഠിക്കുന്നതു്. കഴിഞ്ഞ പത്തുദിവസങ്ങളായി ഇവിടെ മിക്കവാറും ധ്രുവപ്രദേശത്തെ കാലാവസ്ഥയാണ്. തണുത്ത കിഴക്കൻ കാററ് ഈ നാട്ടുകാരെപ്പോലും വിഷമിപ്പിക്കുന്നു. ഒരു സ്ഥലത്തു് ജി: പിള്ള തീവണ്ടി ആഫീസിൽനിന്നു യോഗസ്ഥലത്തേക്ക് മൂന്നു മൈലും തിരികെ യോഗസ്ഥലത്തുനിന്ന് മൂന്നു മൈലും യാതൊരു വാഹനത്തിൻെറയും സഹായം കൂടാതെ ഹിമപാതമേററുകൊണ്ട് നടന്നുപോയി. ജി: പിള്ളയെപ്പോലെ പ്രവർത്തിക്കുന്ന അരഡസൻ ആളുകളുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരിക്കും. പാർലമെൻറിൻെറ അടുത്ത പൊതുതിരഞ്ഞെടുപ്പിൽതന്നെ ഈ സേവനത്തിൻെറ ഫലം തീർച്ചയായും കാണാവുന്നതാണ്."

അന്ന് ബ്രിട്ടീഷ് കോൺഗ്രസ്സ് കമ്മിററിയുടെ ചുമതല വഹിച്ചിരുന്ന ധർമചന്ദ്രജൈൻ, ജി. പി.യുടെ പ്രസംഗപര്യടനത്തിനുശേഷം അദ്ദേഹത്തിന് ഈ പ്രകാരമെഴുതി:

"ഇക്കഴിഞ്ഞ പ്രസംഗപര്യടനത്തിൻെറ മഹനീയമായ വിജയത്തിൽ നിങ്ങളെ അനുമോദിക്കുന്നു. ആ പര്യടനത്തെപ്പററി 'ഇൻഡ്യ'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വിവരണങ്ങൾ നമ്മുടെ നാട്ടുകാർക്ക് പ്രചോദനം നൽകുമെന്നും അങ്ങിനെ പ്രയോജനകരമായ ഈ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ സാധിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു."



മഹാത്മാ ഗാന്ധി

ഈ പ്രസംഗപര്യടനത്തിനിടയ്ക്ക് 'തെക്കെ ആഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവശതകളെ'പ്പറ്റി ജി. പി. ആവർത്തിച്ചാവർത്തിച്ച് പ്രസംഗിച്ചു. അവസരം കിട്ടിയപ്പോഴെല്ലാം അവിടത്തെ അവശ സഹോദരങ്ങളുടെ നേർക്ക് കാട്ടിക്കൂട്ടി മനുഷ്യത്വത്തോടെ പെരുമാറണമെന്ന് ബ്രിട്ടീഷ് ജനതയോട് അദ്ദേഹം അഭ്യർത്ഥിച്ചു. ജി. പി. യുടെ ആത്മാർത്ഥതയിലും പ്രവർത്തനസന്നദ്ധതയിലും ഗാന്ധിജിക്ക് വിശ്വാസം വർദ്ധിച്ചു. പ്രമുഖരായ ഭാരതീയനേതാക്കന്മാരടങ്ങിയ ഒരു നിവേദകസംഘം അന്ന് പുത്രികാരാജ്യങ്ങളുടെ സിക്രട്ടറിയായിരുന്ന ജോസഫ് ചേംബർലെയിനേയും തെക്കെ ആഫ്രിക്കയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണരായിരുന്ന സർ ആൽഫ്രഡ് മിൽനരേയും സന്ദർശിക്കണമെന്നുള്ള നിർദ്ദേശത്തെപ്പറ്റി ഗാന്ധിജി ജി. പി. ക്ക് ഡർബനിൽനിന്നെഴുതിയ കത്താണിത്:

൫൪, മെർക്കറിലെയിൻ, ഡർബൻ,
൧൮൯൭, മെയ്, ൧൪.

പ്രിയപ്പെട്ട മി: പിള്ള,

തെക്കെ ആഫ്രിക്കയിലെ അവശരായ ഭാരതീയരുടെ കാര്യത്തിൽ നിങ്ങൾ കാണിക്കുന്ന ആത്മാർത്ഥവും സജീവവുമായ താല്പര്യം ഞങ്ങൾ സന്തോഷത്തോടും കൃതജ്ഞതയോടും കൂടിയാണ് വീക്ഷിക്കുന്നത്. ഒരു നിവേദക സംഘം സർ ആൽഫ്രഡ് മിൽനരേയും, സാധിക്കുമെങ്കിൽ മി: ചേംബർലെയിനേയും സന്ദർ

ടിച്ച് തെക്കെ ആഫ്രിക്കയിലെ ഇൻഡ്യാക്കാരുടെ അവ ശതകളും അവരുടെ മുമ്പാകെ സമർപ്പിക്കണമെന്ന നിർദ്ദേശങ്ങളടങ്ങിയ കത്തുകൾ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ ബ്രിട്ടിഷ് കമ്മിറ്റിക്കും ഈസ്റ്റ് ഇൻഡ്യാ അസോസിയേഷനും അയക്കുന്നു. ഈ നിവേദകസംഘത്തിന്റെ കാര്യത്തിൽ എല്ലാവർക്കും അനുഭാവമുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങളെ സഹായിക്കത്തക്കവണ്ണം സമയവും ദ്രവ്യവും ചിലവഴിക്കുവാൻ കഴിവുള്ളത് നിങ്ങൾക്കാണെന്നാണ് എന്റെ വിശ്വാസം. ഈ പ്രശ്നത്തിന്റെ സകല വശങ്ങളും നിങ്ങൾക്ക് നല്ലവണ്ണം അറിയുകയും ചെയ്യാം. ഈ സുവർണ്ണാവസരം നഷ്ടപ്പെടാൻ നാം ഇടയാക്കരുത്. എന്റെ ആശയങ്ങൾക്ക് യോജിക്കുന്ന പക്ഷം നിങ്ങൾ ഈ കാര്യത്തിൽ താല്പര്യത്തോടുകൂടി പ്രവർത്തിക്കണമെന്ന് ഞാൻ ആശിക്കുന്നു.

ഞാൻ മി: ഡബ്ല്യു. സി. ബാനർജിക്കും എഴുതുന്നുണ്ട്.

എന്ന് നിങ്ങളുടെ വിശ്വസ്തൻ,

എം. കെ. ഗാന്ധി.

൧൮൯൭, മാർച്ച് മാസം ഒന്നാംതിയതി ബ്രിട്ടനിൽ വസിച്ചിരുന്ന ഭാരതീയരുടെ ഒരു സമ്മേളനം 'ലണ്ടൻ ഇൻഡ്യൻ സൊസൈറ്റി'യുടെ ആഭിമുഖ്യത്തിൽ 'വെസ്റ്റ്മിൻസ്റ്റർ ഹാളി'ൽ വച്ചുകൂടി. അന്ന് ദാദാഭായി നവറോജിയുടെ അഭാവത്തിൽ ജി. പി. യാണ് ആദ്ധ്യക്ഷം വഹിച്ചത്. ഇൻഡ്യ അന്ന്

ഒരു ഭയങ്കര ക്ഷാമത്തിന്റെ പിടിയിൽപെട്ടു് നട്ടം തിരിയുകയായിരുന്നു. എന്നാലും സത്വരനടപടികളെടുക്കണമെന്നു കാണിച്ചു് ഒരപേക്ഷ പ്രധാനമന്ത്രി സാലിസ്ബറി പ്രഭുവിനു് സമർപ്പിക്കുകയായിരുന്നു പ്രസ്തുത സമ്മേളനത്തിന്റെ ഉദ്ദേശം. ൧൮൯൭-ൽ “ലണ്ടൻ ഇൻഡ്യൻ സൊസൈററി”യുടെ മറെറാരു സമ്മേളനത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുമ്പോൾ അതിന്റെ പ്രവർത്തകസമിതിയിൽ സംബന്ധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ദാദാഭായി നവറോജി ജി. പി.ക്കു് ഇപ്രകാരം എഴുതുകയുണ്ടായി:

വാഷിംഗ്ടൻ ഹൌസ്, ൭൨, അനർലിപാർക്ക്

ലണ്ടൻ എസ്. ഇ. ൧൮൯൭ ഏപ്രിൽ ൯.

പ്രിയപ്പെട്ട മി. പിള്ള,

ലണ്ടൻ ഇൻഡ്യൻ സൊസൈററി മെയ് ൨൯-ാം തീയതി ഒരു സമ്മേളനം വിളിച്ചുകൂട്ടുവാൻ നിശ്ചയിച്ചിരിക്കുകയാണു്. വിശദമായ പരിപാടി തീരുമാനിക്കുവാൻ കർമ്മസമിതി അടുത്ത ശനിയാഴ്ച, മൂന്നുമണിക്കു് ബ്രിട്ടീഷ് കമ്മിററിയാഫീസിൽ കൂടുന്നതായിരിക്കും. നിങ്ങൾക്കു ഔപചാരികമായ ഒരു ക്ഷണം ലഭിക്കും. ചർച്ചകളിൽ സഹായിക്കുവാൻ നിങ്ങൾകൂടി ഉണ്ടായിരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

എന്നു്

നിങ്ങളുടെ വിശ്വസ്തൻ,

ദാദാഭായി നവറോജി.

വെസ്റ്റ്മിൻസ്റ്റർ ഹാളിൽ വച്ചു നടന്ന ആ സമ്മേളനത്തിൽ ആ 'വന്ദ്യവയോധിക'നായിരുന്നു അദ്ധ്യക്ഷൻ. അന്ന് ഒരു പ്രധാന പ്രസംഗകനായിരുന്നു ജി. പി. ഇന്ത്യയിലെ നിയമസഭകളിലും നഗരസഭകളിലും മുസൽമാന്മാർക്ക് കൂടുതൽ പ്രാതിനിധ്യം അനുവദിക്കണമെന്നും ഇന്ത്യയിലെ എക്സിക്യൂട്ടീവ് കൗൺസിലുകളിലും ഇംഗ്ലണ്ടിലെ സ്റ്റേറ്റ് സെക്രട്ടറിയുടെ കൗൺസിലിലും ഭാരതീയർക്ക് കൂടുതൽ പ്രവേശനം നല്കേണമെന്നും ആവശ്യത്തെപ്പറ്റി ശക്തിയുക്തമായ ഭാഷയിൽ അദ്ദേഹം വാദിക്കയുണ്ടായി.



൯. അവസാനഘട്ടം

ബാരിസ്റ്റർ ബിരുദത്തോടു കൂടി ജി. പി. ൧൮൯൮-ൽ ഇൻഡ്യയിൽ മടങ്ങിയെത്തി. ഇംഗ്ലണ്ടിലും ഇൻഡ്യയിലും വിശ്രമരഹിതമായി പ്രവർത്തിച്ചതിന്റെ ഫലമായി, ഒരു കാലത്തു അരോഗദൃഢഗാത്രനായിരുന്ന ജി. പി. ശിഥിലമായ ആരോഗ്യത്തോടു കൂടിയാണു് ഇൻഡ്യയിൽ മടങ്ങിയെത്തിയതു്. അദ്ദേഹം നേരെ മദിരാശിയിലേക്കു പോയി. പക്ഷേ തിരുവിതാംകൂറിലേക്കു മടങ്ങി പരിപൂർണ്ണമായി വിശ്രമിക്കണമെന്നു് ഡോക്ടറന്മാർ നിർബ്ബന്ധിച്ചതുകൊണ്ടു് അദ്ദേഹം അവിടെ അധികം താമസിച്ചില്ല.

തിരുവിതാംകൂർ ജി. പി. യെ സഹർഷം സ്വീകരിച്ചു. കൊല്ലത്തെ സ്വീകരണയോഗത്തിൽ ആയിരക്കണക്കിനു് ആളുകൾ തടിച്ചുകൂടി. പക്ഷേ ആറുമാസത്തിനുശേഷം ആ നഗരത്തിൽ വച്ചുതന്നെ ആ വന്ദ്യപുരുഷന്റെ ഭൗതികാവശിഷ്ടങ്ങളുടെ അന്ത്യവിശ്രമസ്ഥാനത്തേക്കുള്ള യാത്രയിൽ പങ്കെടുക്കേണ്ടിവരുമെന്നു് അവരാരും അന്നു തെല്ലുപോലും സംശയിച്ചിരുന്നില്ല.

തിരുവനന്തപുരത്തെ പൗരമുഖ്യന്മാരിൽ ഒരാളായിരുന്ന വേദാദ്രി മുതലിയാരുടെ അദ്ധ്യക്ഷതയിൽ കൂടിയ വമ്പിച്ച പൗരയോഗത്തിൽ വച്ചു് ജി. പി. ക്കു ഒരു ഗംഭീര സ്വീകരണം നല്കപ്പെട്ടു. തിരുവനന്തപുരത്തെത്തി അധികം കഴിയുന്നതിനു മുമ്പുതന്നെ തിരുവിതാംകൂർ ഹൈക്കോടതിയിലെ ഒരു അഭിഭാഷക

നായി അദ്ദേഹം സ്ഥാനമേറ്റു. ആ അവസരത്തിൽ മദ്രാസ്സിലെ ക്രൗൺപ്രാസിക്യൂട്ടറായിരുന്ന ജോൺ ആഡംസ്, ജി. പി. ക്ക് വിജയാശംസിച്ചുകൊണ്ട് ഇപ്രകാരമെഴുതി:

“ഒരു പത്രപ്രവർത്തകനും പൗരനുമെന്ന നിലയ്ക്കു മദിരാശിയിൽ അങ്ങ് സമാർജ്ജിച്ചിട്ടുള്ള പ്രശസ്തി വർദ്ധിപ്പിക്കുന്നതിന് അങ്ങ് ഇപ്പോൾ സ്വീകരിക്കുന്ന അഭിഭാഷകവൃത്തി സഹായകമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഒരു അവസരം ലഭിച്ചാൽ അതു് പാഴാക്കുന്ന ആളല്ല അങ്ങ്. എന്നെപ്പോലെതന്നെ, സാധാരണയിൽനിന്ന് വ്യത്യസ്തമായി, ജീവിതത്തിന്റെ ഉത്തരാർദ്ധത്തിലാണ് അങ്ങും നിയമം ഒരു ഉപവൃത്തിയായി സ്വീകരിക്കുന്നതു്. പക്ഷേ അങ്ങയുടെ കഴിവുകളും ഉത്സാഹവും സകല പ്രതിബന്ധങ്ങളെയും തട്ടിനീക്കുമെന്ന് എനിക്കുറപ്പുണ്ട്.”

മഹാരാജാവുതിരുമനസ്സുകൊണ്ട് തിരുവിതാംകൂർ സർക്കാർസർവ്വീസിൽ ഉയർന്ന ഒരു സ്ഥാനത്തേക്ക് ജി. പി. യെ കല്പിച്ച് ക്ഷണിക്കാനിടയുണ്ടെന്ന ഒരു വാർത്ത, ജി. പി. തിരുവിതാംകൂറിൽ മടങ്ങിയെത്തുന്നതിനു മുമ്പുതന്നെ, പ്രചരിച്ചിരുന്നു. തിരുവിതാംകൂറുകാരനായ ഒരു സ്നേഹിതൻ ബർമ്മയിൽനിന്ന് ഈ വാർത്തയെപ്പറ്റി ജി. പി. ക്ക് എഴുതിയപ്പോൾ അദ്ദേഹം അയച്ച മറുപടിയിൽ ഇപ്രകാരം കുറിച്ചിരുന്നു:

"എന്റെ ഉദ്യോഗസ്വീകരണത്തെപ്പററിയാണെങ്കിൽ അങ്ങിനെ ഒരു മോഹവുമായി ഇതുവരെ ആരും എന്നെ സമീപിച്ചിട്ടില്ലാത്ത സ്ഥിതിക്കു് അതിനെപ്പററി പറയേണ്ട ആവശ്യംതന്നെയില്ല. പക്ഷേ ഒരു ഉദ്യോഗം സ്വീകരിക്കുന്നതിനെക്കാൾ കൂടുതൽ എന്റെ സേവനം എന്റെ നാട്ടുകാർക്കു് പ്രയോജനപ്പെടുത്താവുന്നതു് ഒരു അനുദ്യോഗസ്ഥനായിരുന്നാലല്ലേ? വക്കീൽപണിയിൽ സാമാന്യം ഒരു നല്ല നില എനിക്കു് കിട്ടിയാൽ ഉദ്യോഗങ്ങളും എന്നെ വ്യാമോഹിപ്പിക്കുമെന്നു തോന്നുന്നില്ല."

ജി. പി. തിരുവനന്തപുരത്തു വന്നു് അധികം കഴിയുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിനു ഒരു ഉദ്യോഗം ദാനംചെയ്യപ്പെട്ടു. പക്ഷേ അതു് വളരെ സഭ്യമായ ഭാഷയിൽ അദ്ദേഹം നിരാകരിക്കയാണുണ്ടായതു്.

അഭിഭാഷകവൃത്തിയിൽ ജി. പി. വളരെ വേഗത്തിൽ ഉയർന്നു്, തിരുവനന്തപുരത്തെ അഭിഭാഷകന്മാരുടെയിടയിൽ ഒന്നാമനായ ഒരു വ്യക്തിയായിത്തീർന്നു. പക്ഷേ കാര്യബഹുലമായിരുന്ന ആ ജീവിതം നിത്യശാന്തിയിൽ വിലയം പ്രാപിക്കാനുള്ള സന്ദർഭം സമീപിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയോന്മുഖമായി, അപ്പീൽകേസുകളിൽ അദ്ദേഹം ശയ്യാവലംബിയുമായി. രോഗം കാര്യ്‌ അപകടകരമായിരിക്കുമെന്നു തോന്നിയപ്പോൾ അദ്ദേഹത്തെ കൊല്ലത്തേക്കു മാററി. അദ്ദേഹത്തിന്റെ ഒരു

സ്ഥാപത്തും പ്രസിദ്ധ ഭിഷഗ്വരനുമായിരുന്ന ദിവാൻ ബഹദൂർ ഡാക്ടർ പീററർലക്ഷ്മണൻ തന്റെവസതിയിൽ പാർപ്പിച്ച്, അന്നു സാദ്ധ്യമായിരുന്നതിൽ ഏററവും മികച്ച രീതിയിലുള്ള വൈദ്യസഹായം അദ്ദേഹത്തിനു നല്കി.

ജി. പി. യുടെ അവസാനദിവസങ്ങളിൽപോലും അദ്ദേഹം തന്റെ ആദർശങ്ങളിൽനിന്നു വ്യതിചലിക്കുവാൻ തയ്യാറില്ലായിരുന്നു. അദ്ദേഹത്തിന് ആഹാരത്തിനു അഭിരുചി ഇല്ലാതായപ്പോൾ ഔൺസ് ബ്രാൻഡി കുടിച്ചാൽ ഗുണം കിട്ടിയേക്കുമെന്ന് അദ്ദേഹത്തിന്റെ സ്യാലനായ എസ്. കെ. നായർ വിചാരിച്ചു. പക്ഷെ ഔൺസ്ഗ്ലാസിൽ ബ്രാൻഡിയുമായി അടുത്തുചെന്ന എസ്. കെ. നായരുടെ നേരെ ജ്വലിക്കുന്ന കണ്ണുകളോടെ തിരിഞ്ഞ് "ശപ്തമായ ആ ഔഷധം" കഴിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് തനിക്ക് ഇഷ്ടമെന്ന് അദ്ദേഹം പറഞ്ഞു.

൧൯൦൩ മെയ് മാസം ൨൧-ാംതിയതി ആ ദീപം പൊലിഞ്ഞു. മുപ്പത്തിഒൻപതാമത്തെ വയസ്സിൽ ആ യോദ്ധാവ് അന്ത്യനിദ്രയെ പ്രാപിച്ചു. തന്റെ നാട്ടിനും നാട്ടാർക്കുംവേണ്ടി അർപ്പിച്ചിരുന്ന ആ ജീവിതം രാജ്യത്തെ മുഴുവൻ അഗാധ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് അവസാനിച്ചു. പത്രങ്ങളും, വ്യക്തികളും സംഘടനകളും ആ നഷ്ടത്തിൽ വിലപിച്ചു. "മാതൃരാജ്യത്തിനു അമൂല്യസേവനങ്ങളർപ്പിച്ചിട്ടുള്ള വിഖ്യാതനും സമുജ്ജ്വലധീമാനുമായ ഒരു സന്താനമാണ് ജി. പി

കേശവൻപിള്ളയുടെ ചരമംനിമിത്തം നഷ്ടപ്പെട്ടത്" എന്നാണ് ബോംബെയിലെ "നേറ്റിവ് ഒപ്പീനിയൻ" അഭിപ്രായപ്പെട്ടത്. അന്നു ഭാരതത്തിലെ നിരവധി പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട കുറിപ്പുകളിൽ ചിലതു മാത്രം മതി ആ നഷ്ടം ഭാരതം എങ്ങനെ വീക്ഷിച്ചു എന്നു അറിയുവാൻ:

"അദ്ദേഹത്തിന്റെ ചരമം രാജ്യത്തിനു ഒരു വമ്പിച്ച നഷ്ടമാണ്."

("ഹിന്ദു", മദിരാശി.

"ഭാരതത്തിലെ ഇരുട്ടുനിറഞ്ഞ അന്തരീക്ഷത്തിൽ ഒളിവിതറിയിരുന്ന മഹത്തായ കനകതാരംകൂടി പൊലിഞ്ഞുപോയി."

("ട്രിബ്യൂൺ", ലാഹോർ.)

"ഈ മരണം യഥാർത്ഥത്തിൽ ദേശത്തിനു സംഭവിച്ച ഒരു അത്യാഹിതമാണ്. ഇൻഡ്യയിലെ രാഷ്ട്രീയരംഗത്തും സാഹിത്യരംഗത്തും പ്രകാശം ചൊരിഞ്ഞിരുന്ന ഒരു ജ്യോതിഷ്പ്രകാണ്ഡം അപ്രത്യക്ഷമായി. രാജ്യമാകെ ഒരു ഇരുൾ വ്യാപിച്ചുകഴിഞ്ഞു."

("വെസ്റ്റ്കോസ്റ്റ്സ്പെക്റ്റേറ്റർ", കോഴിക്കോട്.)

"കുറെ കൊല്ലങ്ങളായി ഒരു ലേഖകനെന്ന നിലയിൽ അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന തന്റേടവും ആത്മാർത്ഥതയും തെല്ലെങ്കിലും അറിഞ്ഞിട്ടുള്ളവർക്കെ

ല്ലാം അദ്ദേഹത്തിന്റെ മരണം ഒരു മഹാനഷ്ടമായി തോന്നാതിരിക്കയില്ല."

("ജാം-എ-ജാംഷെഡ്," ബോംബെ.)

"ഈ അവസരത്തിൽ ഇങ്ങനെയൊരു പുത്രന്റെ നഷ്ടം സഹിക്കുവാനുള്ള കഴിവ് ഭാരതമാതാവിനില്ല. പക്ഷേ നിയതിയുടെ ഗതി അങ്ങനെയാണ്."

("അഡ്വോക്കേറ്റ് ഓഫ് ലക്നൌ")

അങ്ങനെ സംഭവബഹുലമായ ആ ജീവിതം അകാലത്തിൽ അവസാനിച്ചു. ഏർഡ്ലി നോർട്ടൻ പതിനഞ്ചുകൊല്ലങ്ങൾക്കുശേഷം തന്റെ "സ്മരണകളി"ൽ ജി. പി. യെപ്പറ്റി അനുസ്മരിച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധേയങ്ങളാണ്:

"ധീരവും നിസ്വാർത്ഥവുമായ ഒരു ജീവിതമാണ് അദ്ദേഹത്തോടുകൂടി അവസാനിച്ചത്. സ്വാതന്ത്ര്യനിർവ്വഹണത്തിൽനിന്നും സാമുദായികപ്രീണനങ്ങൾകൊണ്ടോ ഔദ്യോഗികപ്രലോഭനങ്ങൾകൊണ്ടോ വ്യതിചലിപ്പിക്കാൻ സാധിക്കാത്ത ഒരു ധീരപുരുഷനായിരുന്നു അദ്ദേഹം."

ആ കാല്പാടുകൾ നമ്മുടെ സ്മരണമണ്ഡലത്തിൽ അനശ്വരമുദ്രകൾ പതിയട്ടെ!

VIDYA VILASAM PRESS, TVM.

അനുബന്ധങ്ങൾ

അനുബന്ധം ൧

“കേരളീയൻ” ഇംഗ്ലീഷിൽ എഴുതിയ “തിരുവിതാംകൂറിലെ ദേശീയ പ്രബോധനത്തിന്റെ ജനയിതാവു്; ജി. പരമേശ്വരൻ പിള്ള” എന്ന ഗ്രന്ഥത്തെപ്പറ്റി പല പ്രമുഖ വ്യക്തികളും പത്രങ്ങളും പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽ ചിലതാണു് താഴെ ചേർത്തിരിക്കുന്നതു്.

റാവുബഹദൂർ ജി. ശങ്കരപ്പിള്ള, (റിട്ട: ഹൈക്കോടതി ജഡ്ജി, തിരുവിതാംകൂർ):

“മഹാനും തിരുവുള്ളവനുമായ ജി. പി.-യെപ്പറ്റിയുള്ള മനോഹരമായ ഒരു ലഘുഗ്രന്ഥമാണിതു്……… ഈ ഗ്രന്ഥകർത്താവു് ‘കേരളീയൻ’ തികച്ചും അഭിനന്ദനാർഹനാണു്. ഇതു് പ്രതിപാദ്യവിഷയത്തിനു് അനുയോജ്യമായ ഒരു കൃതിതന്നെയാണു്. വസ്തുതകൾ അനതിവിസ്തൃതമായി, വ്യക്തമായി, ആകർഷകമായി, അതിശയോക്തിയുടെ സ്പർശമില്ലാതെ ഒരാൾ ഇംഗ്ലീഷിൽ പ്രതിപാദിച്ചിട്ടുണ്ടു്………… ഇതിൽ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രങ്ങൾ അത്യാവശ്യങ്ങളുടെ തനിപ്പകർപ്പാണെന്നു നിസ്സംശയം പറയാം. അനന്തരകാലങ്ങളിൽ വലുപ്പത്തിലും ശക്തിയിലും വളരെ വളർന്നു്, അഭിമാനാർഹപ്രസ്ഥാനങ്ങളെ പിന്നിലാക്കി മുന്നേറിക്കൊണ്ടുപോകുന്ന ഒരു ജനകീയപ്രസ്ഥാനം തിരുവിതാംകൂറിൽ ആരംഭിച്ച പ്രശസ്തനും പ്രഗത്ഭനുമായ ഒരു വ്യക്തിയാണു് ഈ ഗ്രന്ഥത്തിലെ നായകൻ. സകലരുടെയും ശ്രദ്ധ ഇന്നത്തെ ജനകീയ ഭരണകർത്താക്കളിലേക്കു തിരിഞ്ഞിരിക്കുന്ന ഈ സന്ദർഭത്തിൽ, ആരുടെ ധൈര്യത്തിലും ബുദ്ധിവൈഭവത്തിലും ആത്മത്യാഗത്തിലും അടിയുറച്ചു് തിരുവിതാംകൂറിലെ ജനകീയപ്രസ്ഥാനം ഉടലെടുത്തുവോ, ആ മഹാനെപ്പറ്റി നാം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതു് കേവലം ഔചിത്യമര്യാദ മാത്രമായിരിക്കുക, പരിപാവനമായ ഒരു കർത്തവ്യം വിസ്മരിക്കാതെ ഓർമ്മിപ്പിക്കുവാൻ ഈ ലഘുഗ്രന്ഥം പര്യാപ്തമാണു്. അങ്ങനെ ഇതു് അഭിനന്ദനാർഹമായ ഒരു ഉദ്ദേശത്തോടുകൂടിയ ഒരു കാലോചിതപ്രസിദ്ധീകരണമാണു്.”

രാജശ്രീ. എം. രാജരാജവർമ്മ അവർകൾ:

"നിങ്ങളുടെ ലഘുഗ്രന്ഥം എന്റെ സ്മരണകളെ തട്ടിയുണർത്തി ക്കൊണ്ടും അതിവേഗം കടിച്ചു പായുകയാണെന്ന് എനിക്കു തോന്നി. പ്രിയപ്പെട്ട ജി. പി.-യുടെ കാലം കഴിഞ്ഞു, നാം വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. ഈ വികാരത്തിന്റെ പിടിയിൽപിടിച്ചു ഒരു അന്ത രീക്ഷത്തിലാണ നാം ജീവിക്കുന്നത്. അദ്ദേഹത്തിന്റെ നില നന്നാകി, അങ്ങനെ സമുദായവ്യവസ്ഥിതിയിൽ ഒരു പരിവർത്തനം ഉണ്ടാക്കുവാ നുള്ള പ്രവർത്തനങ്ങൾക്ക് ബീജാവാപം ചെയ്തു എന്നതും അദ്ദേഹ ത്തിന്റേതായിരുന്നു."

ഷെവലിയർ റാവുബഹദൂർ എ. എം. മുത്തുനായകം, കെ. എസ്. ജി.
(റിട്ട: ഡിസ്ട്രിക്ട് ജഡ്ജി, തിരുവിതാംകൂർ):

"ഈ ഗ്രന്ഥത്തിന്റെ മുഖ്യ ഭാഗങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന പല സംഭവങ്ങളും ഞാൻ ഇന്നും ഓർക്കുന്നു. വിശദമായ പ്രതിപാദനം കൊണ്ട് എന്റെ ഓർമ്മ ഒന്ന് പുതുക്കുവാൻ സാധിച്ചു. ജി. പി. തിരു വനന്തപുരം വിട്ടതിനു ശേഷം അദ്ദേഹത്തിന്റെ മദ്രാസിലെ ജീവി തകാലത്ത് എനിക്ക് അദ്ദേഹവുമായി അടുത്തുള്ള സമ്പർക്കമുണ്ടാ യിരുന്നു. പക്ഷേ ഒരു പത്രപ്രവർത്തകനെന്ന നിലയ്ക്കുള്ള അദ്ദേഹ ത്തിന്റെ ഔദ്യോഗികജീവിതം ഞാൻ വലിയ താല്പര്യത്തോടുകൂടി വീക്ഷി ച്ചുകൊണ്ടിരുന്നു.........ഈ പുസ്തകത്തിൽ കാണുന്നതുപോലെ 'ഒരു രാജ്യസ്നേഹിയെന്ന നിലയിൽ ജി. പി. വളരെ ഉയരത്തിൽ ഉയർന്ന്, പൊതുജന കാര്യങ്ങളിൽ അദ്ദേഹം ധൈര്യമായി പ്രവർത്തിച്ചി രുന്ന ഒരു വ്യക്തിയായിരുന്നു, എന്ന് പറയുന്നതിൽ അശേ ഷം അതിശയോക്തിയില്ല."

സാഹിത്യതിലകൻ റവ. കെ. വേട്ടപ്പള്ളിൽ അവർകൾ:

"എത്ര മനോജ്ഞമായ ഒരു ഗ്രന്ഥം! വസ്തുതകൾ തിരഞ്ഞെ ടുക്കുന്നതിലും യുക്തമായി പ്രതിപാദിക്കുന്നതിലും നിങ്ങളുടെ വൈചിത്ര്യം തെളിഞ്ഞു കാണുന്നുണ്ട്. മഹാനായ ഒരു വ്യക്തിയുടെ ജീവിതത്തിലെ ചില ഘട്ടങ്ങൾ മനോഹരമായി പ്രകാശിപ്പിക്കുന്ന ഈ ലഘുഗ്രന്ഥത്തിൽനിന്ന് വളരെയധികം പഠിക്കുവാനുണ്ട്........."

രചിക്കപ്പെട്ടിട്ടും അദ്ദേഹത്തെ ഒരു കലാകാരനെ, ഒരു ഗ്രന്ഥത്തിന്റെ ബുദ്ധിശക്തിയെയോ അനുഭവിക്കുകയോ ചെയ്തിട്ടുള്ളവർക്ക് ആ വ്യക്തി പ്രഭാവം മറക്കുവാൻ സാദ്ധ്യമല്ല. ആധുനിക യുഗത്തിലെ ഏറ്റവും മഹാനായ വ്യക്തികൾ സി. പി.-യെ നാടിന്റെ സ്മരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിൽ അത്ഭുതമില്ല. നമ്മുടെ പൂർവ്വന്മാർ അതിലവ ത്തിൽ മഹിമപ്പെടുത്തിയിരിക്കയാണ്. പക്ഷേ സമ്പ്രദായങ്ങളെയും സംസ്കാരത്തെയും രാജ്യസ്നേഹത്തെയും അഭിനന്ദിക്കുവാൻ കഴിവുറ്റ രായി നമുക്കെല്ലാം കഴിവു് ബാഹ്യമായ മാറ്റങ്ങളെ അതിജീവിക്കും.

അതെ, സി. പി. തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാന ങ്ങളിന്റെ സൂത്രധാരനായിരുന്നു. ഇവിടെ മാത്രമല്ല, സാമൂഹിക പ്പുറമും അതിന്റെ അന്തരീക്ഷം അദ്ദേഹം ഉറപ്പായും വെളിപ്പെടു പ്പെടുത്തുകയില്ല. അവന്റെ നാട്ടുകാരിൽ ഉറങ്ങിക്കിടന്നിരുന്ന രാജ്യസ്നേ ഹത്തെ സജീവമാക്കുവാനുള്ള കഴിവു് അദ്ദേഹത്തിനുണ്ടായിരുന്നു. ഔദ്യോഗികത്തിന്റെ ഭിത്തിയിൽ നമ്മുടെ ഇടയിലുള്ളതിന് അദ്ദേഹം അപ ഹരിക്കാനായിട്ട് സമ്പ്രദായിക മാർഗ്ഗങ്ങളായി. പക്ഷേ ഇന്നും, എന്നും, മനസ്സാക്ഷിയുള്ളതാണ് ആ നാമം. ആ ഗുണങ്ങളെ നിലനിർത്തുവാൻ ഈ സംരംഭം ഉപകരിക്കട്ടെ എന്നുള്ളതു് ഞാനാശംസിക്കുന്നതു്."

മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ:

"പ്രശസ്തനായ ഒരു രാജ്യതന്ത്രജ്ഞന്റെ പ്രഭാവത്തിന്റെ മാറ്റും ഉജ്ജ്വലവുമായ സ്മരണയുടെ മുമ്പിൽ കാഴ്ചയായിത്തീരേണ്ട ഒരു ചെറിയ സ്മാരകമാണ് ഇതു്. സി. ജി. പരമേശ്വരൻപിള്ള തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ജനയിതാവു മാത്രമല്ലായിരുന്നു, അദ്ദേഹം ഒരു പണ്ഡിതശ്രേഷ്ഠനായിരുന്നു. ഞാൻ എഴുതിക്കൊണ്ടിരിക്കുന്ന പൂർണ്ണമായ ജീവചരിത്രം പ്രസിദ്ധീകൃതമാകുമ്പോൾ ഭാരതീയ ജനത സശ്രദ്ധമായ കാഴ്ചപ്പാടോടുകൂടി അതു വായിക്കുമെന്നു തീർച്ചയാണ്. ഒരു രാഷ്ട്രീയപ്രവർത്തകന്റെ ജീവിതം പൂർത്തിയാക്കുന്ന ഒരു കാലഘട്ടം, ഭാരതത്തിലെ പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിൽ വിപ്ലവകരമായ തിരുവിതാംകൂറിലെ ഗണ്യമായ ഒരു സ്ഥാനം ഉണ്ടായിരുന്നു എന്നു കാണിക്കുവാൻ അങ്ങനെ ഒരു പ്രസിദ്ധീകരണം ആവശ്യമാണ്."

ശ്രീ. കെ. നാരായണൻ പണ്ടാല, (റിട്ട: ചീഫ് സെക്രട്ടറി, തിരുവിതാംകൂർ):

"ജീവിച്ചിരുന്ന മഹാന്മാരിൽ ഏതിലും പരിചയിക്കേണ്ടതായ കാര്യങ്ങൾക്കൊണ്ട് ഉദ്യമിക്കയായി ഞാൻ അധികം വായിക്കാറില്ല. പക്ഷെ ഈ ജീവചരിത്രം ഒരു ഇരിപ്പിൽ മുഴുവൻ വായിച്ചുതീർക്കാതെ വിടുക ഉണ്ടായില്ല; അത്ര രസകരമായി തോന്നി.........ജി. പി.യുടെ മഹാവ്യക്തിത്വത്തിന്റെ മുമ്പിൽ അവരും ജ്യോതിസ്സുകളെപ്പോലെ മങ്ങിപ്പോയ പലരെയും ഇന്ന് ഓർമ്മിപ്പിക്കുന്നതായി കാണേണ്ടതാണ്. ജി. പി.യുടെയുംപോലെ അത്ര പ്രശസ്തനും, അത്ര സമർത്ഥനും ആയിരുന്നവർ ഉണ്ടായിരിക്കാം എങ്കിലും ഒരു ജീവിതത്തിന്റെ പൂർണ്ണത്വം നിലനിർത്തുന്ന സ്വാതന്ത്ര്യത്തെയും ഒരു വീരപുരുഷന്റെയും ജീവിതത്തിൽ അവരുടെ ആത്മാർത്ഥമായ ഒരു സ്മാരകം സ്ഥാപിക്കുവാൻ ബന്ധപ്പെട്ട ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പ്രത്യേകമായ പൊതുജനങ്ങൾ മുമ്പോട്ടു വരേണ്ടതുണ്ട് എന്നുള്ളതാണ്."

ഉള്ളൂർ കവിതിലകൻ റി. കൃഷ്ണൻപിള്ള:

"ജി. പി. പരമേശ്വരൻപിള്ള അക്കാലത്തിൽ തിരുവിതാംകൂറിലെ രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ നായകനായിരുന്നു. എന്നുമാത്രമല്ല, ഇന്ത്യയുടെ രാഷ്ട്രീയമായ മഹാസംരംഭങ്ങളുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്ന ഒരു മഹാ വ്യക്തിയുംകൂടിയായിരുന്നു. തിരുവിതാംകൂറിൽ ഉണ്ടായിട്ടുള്ളതിൽ ഏറ്റവും വലിയ മഹാന്മാരിൽ ഒരാളുടെ ജീവിതത്തിലെ പ്രധാന ഭാഗങ്ങൾ ഈ ഗ്രന്ഥത്തിൽ വളരെ ചുരുങ്ങിയ തോതിലാണെങ്കിലും പ്രതിപാദിച്ചിട്ടുണ്ട്."

ശ്രീ. ആർ. വാസുദേവൻപിള്ള, തൈക്കാട്ടിൽ:

"തിരുവിതാംകൂറിലെ ഏറ്റവും വലിയ ഒരു രാജ്യസ്നേഹിയെ—അല്ല, ഭാരതത്തിലെതന്നെ ഏറ്റവും വലിയ മഹാന്മാരിൽ ഒരാളായ ഒരു മഹാത്മാവിനെ—ആരാധിക്കുന്നവരിൽ ഒരാളാണ ഞാൻ. ഇപ്പോൾ പരക്കെയുള്ള വിവിധ ആശകൾ ഈ രാജ്യത്തെ രാഷ്ട്രീയപ്രക്ഷോഭണത്തിന്റെ ജനകത്വത്തിന് അവകാശവാദം പുറപ്പെടുവിക്കയും തിരുവിതാംകൂർ ഒരു ശ്രേഷ്ഠനായ രാജ്യസ്നേഹിയെ മറക്കുകയും

വിശ്വസിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ മനോഹരമായ ഈ പ്രസിദ്ധീകരണത്തിന് താങ്കളെയും [illegible] പ്രസിദ്ധീകരണക്കാരെയും ഞാൻ അനുമോദിക്കുന്നു."

ഡോക്ടർ സി. രാമൻപിള്ള:

"ജീവിതം അതിന്റെ അത്യുച്ചകോടിയിൽ എത്തിയപ്പോൾ സി. പി. നമ്മെ വിട്ടുപിരിഞ്ഞു. അദ്ദേഹം തന്റെ പങ്കിൽ കൂടുതൽ നിർവ്വഹിച്ചു. പഴയവരുടെ മുമ്പിൽ [illegible] കിടക്കേണ്ടിയിരുന്ന നമ്മെ അദ്ദേഹം [illegible]. നമ്മെ ഭരിച്ചിട്ടുള്ള ഭാരതീയ ഭരണാധികാരികളുടെ ഇടയ്ക്ക് അതിപ്രധാനമായ ഒരു സ്ഥാനമാണ് അദ്ദേഹം അലങ്കരിക്കുന്നത്."

പ്രൊഫസർ എൻ. ശ്രീനിവാസൻ:

"ഒരു മഹാവ്യക്തിയുടെ ജീവിതചിത്രീകരണം ലളിതമായ ഭാഷയിലും [illegible] ഈ ചെറുഗ്രന്ഥത്തിൽ സാധിച്ചിട്ടുണ്ട്. ഏതൊരു വ്യക്തിക്കും ന്യായമായി അഭിമാനിക്കത്തക്ക [illegible] പുതുതലമുറ [illegible] അഭിമാനിക്കും. ഈ പുസ്തകം മുഴുവനും വായിച്ചുതീർന്നതിനുശേഷമല്ലാതെ താഴെ വയ്ക്കുവാൻ എനിക്ക് സാധിച്ചില്ല; [illegible] വിദ്യാർത്ഥികളും [illegible] ഇതു വായിക്കേണ്ടതാണ്."

പ്രൊഫസർ പി. ജി. സഹസ്രനാമയ്യർ, റിട്ട: പ്രിൻസിപ്പാൾ, ആർട്ട്സ് കാളേജ്, തിരുവനന്തപുരം:

"ഇത് എന്തുകൊണ്ടും ഭംഗിയായി രചിക്കപ്പെട്ടിട്ടുള്ള ഒരു പുസ്തകം തന്നെ. ഇതുപോലെ [illegible] ഉണ്ടായിട്ടുള്ള ജീവചരിത്ര [illegible] ഒരു ഗ്രന്ഥമാണിത്. ......ഞാൻ മദ്രാസ് പ്രസിഡൻസി കാളേജിൽ വിദ്യാർത്ഥിയായിരുന്ന കാലത്ത് സി. പി. മദ്രാസിൽ [illegible] ആയിരുന്നു......സി. പി. ജനിച്ചു [illegible] നാട്ടിൽനിന്ന

വ്യസനാവസരത്ത് തന്റെ എന്ന ആശയങ്ങളോടൊപ്പം അവകാശം ശാശ്വതമാക്കുവാൻ ഉദ്ദിഷ്ടമായിട്ടും പുസ്തകം പുറപ്പെടുന്നു."

ഫ്രീ ഇൻഡ്യ, മദ്രാസ്, (ഫെബ്രുവരി ൨൫):

"പരേതനായ ജി. പരമേശ്വരൻപിള്ളയുടെ ഈ ജീവചരിത്ര സംഗ്രഹം പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലെ സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥിതിയെ നമ്മുടെ മുമ്പിൽ പുനസ്സൃഷ്ടിക്കുകയും തിരുവിതാംകൂറുകാരുടെ രാഷ്ട്രീയ പ്രബുദ്ധതയ്ക്കു ജി. പിള്ളയോടുള്ള കടപ്പാട് എത്രമാത്രമെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. തിരുവിതാംകൂറിലെ ദുർഭരണം ലോകസമക്ഷം തുറന്നുകാണിക്കുകയും മദ്രാസിന്റെ പുറമേ ഒരു സംഘടനയിൽ കേന്ദ്രീകരിപ്പിക്കുകയും ചെയ്ത ഒരു പ്രക്ഷോഭകാരിയായിരുന്നു അദ്ദേഹം. അദ്ദേഹം മർദ്ദിതരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയും മർദ്ദകരെ ശക്തിയായി നിശിതമായി വിമർശിക്കുകയും ചെയ്തിരുന്ന 'മദ്രാസ് സ്റ്റാൻഡാർഡിന്റെ' പത്രാധിപരായിരുന്നു. അതിന്റെ പ്രവൃത്തികൊണ്ട് അന്നത്തെ ഇന്ത്യൻ കോൺഗ്രസ്സ് നേതാക്കന്മാരുടെ അംഗീകാരം നേടിയ തികഞ്ഞ കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെ നിയമസഭയിലെ അംഗത്വത്തിൽ ചില ചലനങ്ങൾ സൃഷ്ടിച്ചതു ജി. പിള്ളയായിരുന്നു. അദ്ദേഹത്തിന്റെ പ്രവൃത്തികൾ ഇപ്പോൾ ഫലിച്ചുതുടങ്ങി. അതുകൊണ്ട് ഈ ഗ്രന്ഥകാരൻ അദ്ദേഹത്തെ 'തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രക്ഷോഭണത്തിന്റെ ജനയിതാവ്' എന്നു ചിത്രീകരിച്ചിരിക്കുന്നതു ഉചിതമായിരിക്കുന്നു."

മിറർ, എറണാകുളം, (ഫെബ്രുവരി മാർച്ച് ൨൨):

"സർ സി. പി. രാമസ്വാമിയുടെ സംസ്ഥാനം വിട്ടുപോയതും സംസ്ഥാനം ഇന്ത്യൻ യൂണിയനിൽ ചേരുകയും ചെയ്തതോടുകൂടി തിരുവിതാംകൂറിൽ രാഷ്ട്രീയപ്രക്ഷോഭണത്തിന സമാപ്തിയുണ്ടായിട്ടുണ്ട്. എങ്കിലും ഈ ഗ്രന്ഥത്തിന്റെ വായനക്കാരുടെ താല്പര്യത്തിന് അതുകൊണ്ട് ഒരു കോട്ടവും തട്ടിയിട്ടില്ല. ജി. പരമേശ്വരൻപിള്ള തിരുവിതാംകൂറിലെ രാഷ്ട്രീയപ്രക്ഷോഭണത്തിന് അസ്ഥിവാരം പാകിയത്

പ്രമുഖനായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവിതത്തിലെ സംഭവങ്ങൾ നമുക്ക് കാണിച്ചുതരുന്നു. അദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ ഇപ്പുനാട്ടമയത്തിൽ ഭരണാധികാരികളുടെ അപ്രീതിയ്ക്കു പാത്രമായിത്തീരുകയുണ്ടായി. 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്' എന്ന ആദർശത്തിനുവേണ്ടി പൊരുതുന്നതിന് അദ്ദേഹം വിദ്യാലയത്തിൽനിന്നും ബഹിഷ്കൃതനായി. ജി. പി. സംസ്ഥാനത്തെ ജനങ്ങളുടെ ദുർബലമായ അവസ്ഥകളെ അനാസ്ഥകളിലേക്ക് കേന്ദ്രീകരിക്കുകയും അവർക്ക് അവരുടെ മൗലികങ്ങളായ അവകാശങ്ങളെപ്പറ്റിയും കടമകളെപ്പറ്റിയും വ്യക്തമായ ബോധമുണ്ടാക്കുവാൻ ശ്രമിക്കുകയും പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്' പല തിരുവിതാംകൂറുകാരും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതു്. തിരുവിതാംകൂറിന്റെ ഈ ധീരപുത്രന്റെ സാഹസികതകളുടെ ഉജ്ജ്വലങ്ങളായ വായനക്കാർക്കു ജനങ്ങളുടെ ഉന്നമനത്തിനായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം അത്യധികം രസകരമായിട്ടുണ്ട്."

കേരളബുള്ളറ്റിൻ, (മാർച്ച് ൧൪):

"തിരുവിതാംകൂറിലെ പൊതുജനപ്രസ്ഥാനത്തിന്റെ ജനയിതാവും ഏറ്റവും പ്രിയപ്പെട്ട നേതാക്കന്മാരിലൊരുവനായിരുന്ന ജി. പരമേശ്വരൻ പിള്ളയുടെ ഒരു പുതിയ ജീവചരിത്രമാണിതു്............ഈ ഗ്രന്ഥം സന്തോഷത്തോടെ വായിച്ചുതുടങ്ങിയാൽ ഉപേക്ഷിക്കാതെ തീരുകയില്ല."

ദി ഇൻഡ്യൻ റിവ്യൂ ഓഫ് റിവ്യൂസ്, ബോംബെ, (മാർച്ച് മാസം):

"ഭാരതീയ പത്രപ്രവർത്തനചരിത്രത്തിലെ ധൈര്യശാലികളിൽ ഒരാളായിരുന്ന ജി. പരമേശ്വരൻപിള്ള. 'മദ്രാസ് സ്റ്റാൻഡേർഡ്' മുഖേന അദ്ദേഹത്തിന്റെ ധൈര്യം പത്രലോകം സ്നേഹാദരങ്ങളോടും ബഹുമാനത്തോടും സ്മരിക്കും."

കേരളകൗമുദി, (ഫെബ്രുവരി ൯):

"പ്രശസ്തനായ ശ്രീമാൻ ജി. പരമേശ്വരൻപിള്ളയുടെ ഒരു പുതിയ ജീവചരിത്രമാണ് ഈ ഗ്രന്ഥം. വളരെ ഭംഗിയും ഭാഷാസൗന്ദര്യവും

ഷയെ ഇംഗ്ലീഷ് ഭാഷയിൽ രചിച്ചിരിക്കുന്ന ഈ ഗ്രന്ഥം തിരുവിതാംകൂറുകാരുടെ ശ്രദ്ധയ്ക്കു സവിശേഷം പാത്രീഭവിക്കേണ്ട ഒന്നാണ്. ഇന്നുള്ള നമ്മുടെ സകല രാഷ്ട്രീയപ്രവർത്തനങ്ങൾക്കും ബീജാവാപം ചെയ്ത ശ്രീമാൻ സി. പി. യുടെ ജീവചരിത്രവും സ്വഭാവവും മനസ്സിലാക്കുന്നതു് ഓരോരുത്തരുടെയും, കർത്തവ്യമായും വളരെ ആവശ്യവുമാണ്. സ്വാതന്ത്ര്യസമരത്തിനു, രാജ്യസ്നേഹികളുടെ വളരെ മുമ്പു തന്നെ ഇന്നാട്ടിൽ രാഷ്ട്രീയപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു ഒരു ഉത്തമപുരുഷനാണ് സി. പി. എന്നുള്ള കാര്യം ഇന്നത്തെ ലോകം ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ സർക്കാർ സർവീസു മിക്കവാറും മറുനാട്ടുകാരുടെ കുത്തകയായിരുന്ന അക്കാലത്തു, ഉദ്യോഗസ്ഥാധികാരികളായിരുന്ന വിദേശീയരുടെ ദിവാൻജിമാരുടെ മർദ്ദനപരാക്രമങ്ങൾക്കു് ഒരു അവസാനവും വരുത്തുന്നതിനാണ് സി. പി. യുടെ രാഷ്ട്രീയജീവിതം ആരംഭിക്കുന്നതു്, എന്നാൽ വ്യക്തിവിദ്വേഷത്തിനിട കൊടുക്കാതെ ആ പ്രക്ഷോഭണം എത്ര ശാന്തമായിട്ടാണ് സി. പി. നയിച്ചിരുന്നതെന്നുള്ളതു് ആ പ്രക്ഷോഭണത്തിന്റെ ചരിത്രപഠനമായി ഉതകുന്ന തിരുവിതാംകൂർ മെമ്മോറിയൽ തന്നെ സാക്ഷ്യം വഹിക്കുന്നുണ്ട്. 'തിരുവിതാംകൂർ തിരുവിതാംകൂറുകാർക്കു്' എന്ന പ്രക്ഷോഭണമുദ്രാവാക്യത്തിന്റെ ആദ്യത്തിൽ സി. പി. ഉയർത്തിയ പ്രക്ഷോഭണം ഇനിയും സാധിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സ്വന്തം പ്രയത്നം കൊണ്ടു് ഇന്ത്യയിലെ അഖണ്ഡ തന്നെ രാജ്യതന്ത്രജ്ഞരിൽ അത്യുന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കിയ സി. പി. യെ തിരുവിതാംകൂർ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. സി. പി. യുടെ സമ്പൂർണ്ണമായ ഒരു ജീവചരിത്രഗ്രന്ഥം അദ്ദേഹത്തിന്റെ പുത്രനായ ശ്രീമാൻ സി. പി. രാമൻ എഴുതിക്കൊണ്ടിരിക്കുന്നുവെന്ന പ്രസ്തുത ഗ്രന്ഥത്തിൽ ഒരു കുറിപ്പുകാണുന്നതു് ആശ്വാസകരമാണ്......

“ഈ മഹാന്റെ ജീവചരിത്രം സമഗ്രമായി എഴുതപ്പെട്ടു് രാജ്യത്തിന്റെ ഒരു ആവശ്യമാണ്. ഈ ഗ്രന്ഥം മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുന്നതു് ഉചിതമായ ഒരു കൃത്യമായിരിക്കും.”

സ്വതന്ത്രകാഹളം, (൧൭ാം കുംഭം ൧൨൮):

“തിരുവിതാംകൂറിനു് എന്നെന്നും അഭിമാനംകൊള്ളാവുന്ന ഒരു പുണ്യപുരുഷന്റെ, 'ഡോക്ടർ സി. പി. യുടെ' ഗ്രന്ഥമാണിതും

സംഭവബഹുലമായ ജീവിതത്തെപ്പററി 'കേരളീയൻ' ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള ഒരു ചെറിയ ജീവചരിത്രഗ്രന്ഥമാണു് ഇതു്.

“രാഷ്ട്രീയമായ ജ്ഞാനവും ഉൽസുകതയും തിരുവിതാംകൂറിൽ മാത്രമല്ല ഇന്ത്യയിൽതന്നെ വളരെ വിരളമായിരുന്ന ഒരു കാലത്തു് എൺപതിനാലുസംവത്സരങ്ങൾക്കുമുമ്പു്, തിരുവിതാംകൂറിൽ ജനിച്ചു് സ്വന്തം സാമർത്ഥ്യവും ധീരതയും കൊണ്ടു് ഇൻഡ്യയിൽ മാത്രമല്ല അന്തർരാഷ്ട്രീയരംഗങ്ങളിൽപോലും തന്റെ ജയക്കൊടി നാട്ടിയ ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നു മി: ജി. പരമേശ്വരൻപിള്ള.

“ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ സമരത്തിനു് ജി. പി. നൽകിയിട്ടുള്ള വിലയേറിയ സഹായസഹകരണങ്ങളെപ്പററി മഹാത്മജി അദ്ദേഹത്തിന്റെ ആത്മകഥാകഥനത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. മുപ്പത്തിഒൻപതുവർഷംമാത്രം നീണ്ടുനിന്ന ആ ജീവിതം ഇന്ത്യയിലെ അന്നത്തെ രാഷ്ട്രീയരംഗത്തിൽ വൻപിച്ചസ്വാധീനം ചെലുത്തിയിരുന്നതായി കാണാം.

“അനർഹരായ അന്യനാട്ടു വിദേശികളെ തിരുവിതാംകൂർ സർവീസിൽ കുത്തിച്ചെലുത്തുക മുതലായി അന്നത്തെ ഗവർമെന്റു ചെയ്തുകൊണ്ടിരുന്ന കുററങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ എഴുതിയതിനു് അദ്ദേഹത്തെ അന്നു കോളേജിൽനിന്നു ബഹിഷ്കരിച്ചു. അതിനുശേഷം മദ്രാസിലാണു് അദ്ദേഹം തന്റെ വിദ്യാലയജീവിതം ഉന്തിയതു്. ദിവാൻ രാമരായരുടെ പ്രതികാരഭാവം അവിടെയും അദ്ദേഹത്തെ അലട്ടി. പ്രശ്നസങ്കുലങ്ങളായ പരീക്ഷണങ്ങളിൽ അദ്ദേഹത്തിന്റെ കാലുകൾ പതറിയിട്ടില്ല; പിന്നോട്ടു വലിഞ്ഞിട്ടുമില്ല.

“ 'മദ്രാസ് മെയിൽ,' 'മദ്രാസ് സ്റ്റാൻഡേർഡ്' മുതലായ പത്രങ്ങളുടെ പത്രാധിപരായും അദ്ദേഹം പ്രശസ്തമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. മഹാത്മാഗാന്ധി, മനോമോഹൻഘോഷ്, മററുമായി നവ

മാജി, ഡാ: പി. സി. റേ തുടങ്ങിയ അന്നത്തെ ഒന്നാംകിട രാഷ്ട്രീയ നേതാക്കന്മാർ ജി. പി.-ക്കയച്ചിട്ടുള്ള ചില കത്തുകൾ ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. അന്നത്തെ പൊതുകാര്യജീവിതമണ്ഡലത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നു എന്ന് ആ കത്തുകൾ തെളിയിക്കുന്നു. വിപ്ലവകാരിയായ ഒരു രാഷ്ട്രീയ പ്രവർത്തകൻ, നിർഭയനും നിർമ്മമനുമായ ഒരു പത്രപ്രവർത്തകൻ, സ്വച്ഛന്ദഗതനായ ഒരു നിരൂപകൻ എന്നീ നിലകളിൽ നിസ്തുല്യമായ രാജ്യസേവനം ജി. പി. നിർവഹിച്ചിട്ടുണ്ട്.

"ഹിന്ദു" ഒരു ഇംഗ്ലീഷ്കാരനെപ്പോലെതന്നെ ഇംഗ്ലീഷ്ഭാഷ കൈകാര്യംചെയ്യാൻകഴിവുള്ള ഒരാളാണ് ഈ ഗ്രന്ഥകർത്താവായ കേരളീയനുള്ളതെന്ന് നിസ്സംശയം പറയാം. ഒരു ജീവചരിത്രഗ്രന്ഥത്തിന് ആവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ ഈ ഗ്രന്ഥത്തിൽ ഗണ്യമായി കാണാത്തത് പുസ്തകം ചെറുതായതുകൊണ്ടാണെന്ന് സമാധാനിക്കാം.

"ഇത്ര വലിയ ഒരു മഹാപുരുഷന്റെ ജീവചരിത്രം മലയാളത്തിൽതന്നെ കൂടുതൽ വിപുലമായ മട്ടിൽ എഴുതി പ്രസിദ്ധീകരിക്കാൻ കഴിവുള്ള ഒരാൾ മുന്നോട്ടുവരണമെന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു."

മലയാളരാജ്യം (ഫ്രബ്രു-മാർച്ച് ൨൨)

"......കൌമാരപ്രായം കഴിഞ്ഞ ഒരു വിദ്യാർത്ഥിയായിരുന്നകാലം മുതൽ കേവലം നാല്പതാമത്തെ വയസ്സിൽ പരലോകപ്രാപ്തനാകുന്നതു വരെയുള്ള പ്രചാരകജീവിതത്തിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ ജി. പി. അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളെയും സാഹസങ്ങളെയും കാര്യങ്ങളെയും ഈ പുസ്തകത്തിൽ എത്രയും ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ട്. ഇതു വായിച്ചു കഴിയുമ്പോൾ അദ്ദേഹത്തെപ്പറ്റി കൂടുതൽ അറിയുവാൻ കഴിയുന്നില്ലല്ലോ എന്നൊരു മനസ്താപം വായനക്കാർക്ക്

ഉണ്ടായേക്കാം. എന്നാൽ ഗ്രന്ഥത്തിൽ ഒരു ഭാഗത്തു ചേർത്തിരിക്കുന്ന ഒരു കുറിപ്പ് ഈ ദോഷം പരിഹരിക്കുന്നതാണ്. എഴുത്തുകാരൻ ജി. പി.യുടെ പുത്രൻ ജി. പി. ശേഖരൻ വിലയേറിയ രേഖകൾ ഉപയോഗപ്പെടുത്തി അച്ഛന്റെ ബൃഹത്തായ ഒരു ജീവചരിത്രം രചിക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണെന്ന് അതിൽ പ്രസ്താവിക്കുന്നുണ്ട്.

"ജി. പി.-ക്കു മുമ്പും തിരുവിതാംകൂറിൽ രാഷ്ട്രീയപ്രക്ഷോഭകർ ഉണ്ടായിരുന്നു - വേലുത്തമ്പി ദളവാ അവരിൽ അഗ്രഗണ്യനത്രെ. എന്നാൽ ആധുനികരീതിയിലും അർത്ഥത്തിലും ഉള്ള ഒരു പ്രക്ഷോഭണത്തിന്റെ ആരംഭം കുറിച്ചത് ജി. പി. തന്നെയാണെന്ന് അഭിപ്രായപ്പെടുന്നതിൽ തെറ്റില്ല. രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരുടെ പ്രഭുത്വത്തെയും ഉന്നതവംശീയപ്രാമുഖ്യത്തെയും വിദേശീയാധിപത്യത്തെയും മറ്റു പല വിധ അനീതികളെയും, അക്രമങ്ങളെയും അദ്ദേഹം എതിർത്തു പോരാടി. അദ്ദേഹം ആരംഭിച്ച ആ പ്രക്ഷോഭണം ഇന്നിതാ ഉത്തരവാദിത്വഭരണപ്രസ്ഥാനത്തിന്റെ വിജയമായി എത്തി കാണുന്നതിൽ അദ്ദേഹത്തിന്റെ ആത്മാവ് തീർച്ചയായും കൃതാർത്ഥമായിരിക്കണം."

ഇൻഡ്യൻ എക്സ്പ്രസ്സ്, (മദ്രാസ്, ഏപ്രിൽ ൧൭, ൧൯൪൮)

"തിരുവിതാംകൂറിൽ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കിയിരിക്കുന്ന ഈ ഘട്ടത്തിൽ മിക്കവാറും വിസ്മൃതകോടിയിൽ പെട്ടിരുന്ന പ്രസ്തുത രാഷ്ട്രീയപ്രക്ഷോഭകാരിയുടെ ജീവചരിത്രം ആയതു അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണകൾ തിരുവിതാംകൂറിലെ യുവാക്കളുടെ ഉള്ളിൽ സജീവമാക്കുവാൻ പ്രസാധകന്മാർ ചെയ്തിരിക്കുന്ന ശ്രമം സ്തുത്യർഹം തന്നെ. തന്റെ ജീവിതചര്യയുടെ പ്രാരംഭത്തിൽ തന്നെ രാഷ്ട്രീയ സംസ്കാരബോധം നൽകുവാൻ ശ്രമിക്കുക മാത്രമല്ല, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം മനസ്സിലാക്കുകയും ചെയ്തിരുന്നു. ഇൻഡ്യയെക്കുറിച്ചു ബ്രിട്ടീഷുകാർക്ക് ഉണ്ടായിരുന്ന തെറ്റായ ധാരണകളെ നീക്കംചെയ്യുന്നതിനും അവർക്ക് ശരിയായ വസ്തുതകളിൽ വേണ്ടത്ര ബോധം നൽകുന്നതിനുമുള്ള വസ്തുത അദ്ദേഹ

ത്തിന് യോജ്യമായിരുന്നു. തിരുവിതാംകൂറിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ചരിത്രം ഇനിയും രേഖപ്പെടുത്തേണ്ടതായിരിക്കുന്നതേയുള്ളു. ജി. പി.യുടെ ഈ ജീവചരിത്രസംഗ്രഹംകൊണ്ട് ഒരു നവസരണി തെളിക്കുന്ന ഈ പ്രസാധകർ അക്കാര്യം വേണ്ടുംവിധം നിർവഹിച്ചുവെങ്കിൽ കൊള്ളാം.”

സൺഡേ ടൈംസ്, മദ്രാസ് (ഏപ്രിൽ ൪, ൧൯൪൯)

“അനാചാരങ്ങളുടെ സംഹാരം | മുൻപുതന്നെ തിരുവിതാംകൂറിലെ പരമാവധിയുടെ രാഷ്ട്രീയബോധം തട്ടിയുണർത്തിയ ഒരു മഹാപുരുഷന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ച പ്രസാധകന്മാരോട് തിരുവിതാംകൂർ ജനത കടപ്പെട്ടിരിക്കുന്നു. ഒരു വിദ്യാർത്ഥി, രാഷ്ട്രീയയോദ്ധാവ്, ലേഖകൻ, പത്രപ്രവർത്തകൻ എന്നീ വിവിധ നിലകളിലും അദ്ദേഹം നയിച്ച പ്രശസ്ത ജീവിതത്തിന്റെ ജാജ്വല്യമാനങ്ങളായ അദ്ധ്യായങ്ങളെ ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.”

കൊമേഴ്സ്യൽ, ബാംഗ്ലൂർ, (ഏപ്രിൽ ൨൭, ൧൯൪൯)

“ജി. പി. പിള്ള അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ തിരുവിതാംകൂർ രാജ്യത്ത് നടത്തിയ പ്രക്ഷോഭണങ്ങളെയും മദ്രാസിൽ കോൺഗ്രസ് പ്രസ്ഥാനവും, പത്രപ്രവർത്തനവും, മറ്റനേകം രാഷ്ട്രീയപ്രസ്ഥാനങ്ങളെയും നയിക്കുക എന്ന പ്രാധാന്യമേറിയ കൃത്യം നിർവഹിച്ചിട്ടുണ്ട്. തികച്ചും പ്രത്യക്ഷവും സ്വാതന്ത്ര്യബോധവുമായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. അദ്ദേഹം ഒരു ഒന്നാംകിട പത്രപ്രവർത്തകനായിരുന്നുവെന്നുള്ളതിനു മറ്റു തെളിവുകൾ ആവശ്യമില്ല. അദ്ദേഹത്തിന്റെ ശക്തിമത്തായ കർമ്മനിരതയും ജനനായകനുമായിരുന്നു എന്ന് ഈ ഗ്രന്ഥത്തിൽ നിർമ്മാണിച്ചിട്ടുള്ള ലേഖനങ്ങൾ തെളിയിക്കുന്നുണ്ട്. അദ്ദേഹം ജീവചരിത്രത്തിനു പറ്റിയ ഒരു നായകൻ തന്നെയാണ്. അതുകൊണ്ടും ഈ ഗ്രന്ഥത്തിന്റെ പ്രസാധനം സമുചിതം തന്നെയാണ്.”

